www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 08 | 2017 MARCH 04 | ₹ 10

**സമകാല ഇന്ത്യ**
**മതേതരത്വം, ബഹുസ്വരത, പ്രബോധന സ്വാതന്ത്ര്യം**




## സ്ത്രീ സുരക്ഷ
## ഇരുട്ടിൽ തപ്പുന്ന കേരളീയ സമൂഹം

പ്രാർഥന സ്രഷ്ടാവിനോട് മാത്രം / മരണം മണക്കുന്ന മന്ത്രവാദികൾ

പ്രവാചകന്മാർ ക്വുർആനിൽ / അന്ധവിശ്വാസം വാഴുന്ന അകത്തളങ്ങൾ

സിനിമയും സ്ത്രീ സുരക്ഷയും / മലയാളക്കരയിലെ മുസ്‌ലിം നവോത്ഥാനം

WISDOM




- Campus Conclaves
- Social Debate
- Professional Apex Awards
- Career Resolution
- Foreign Delegates Summit
- National Leaders Gathering
- Panel Discussion
- Focus Alumni Meet
- Face to Face
- Profcon Workshop

**2017 MARCH 10, 11, 12**

**PALAKKAD**

For registration : 90 37 99 99 11

# PROFCON

21st PROFESSIONAL STUDENTS' GLOBAL CONFERENCE

MSM KERALA | EKP Complex Kallai Road, Calicut, Kerala Ph: 8156812292,9895289996 | EMPOWER campus chapter | Anti-terrorism Awakening

msmkerala@gmail.com
www.msmkerala.co.in
msmprofcon

നേർപഥം
വാരിക

0008 / 2017 മാർച്ച് 04 / 1438 ജമാദുൽ ആഖിർ 05 / പുസ്തകം 01 / ലക്കം 08



# സ്ത്രീ സുരക്ഷ

## ഇരുട്ടിൽ തപ്പുന്ന കേരളീയ സമൂഹം

സുഫ്‌യാൻ അബ്ദുസ്സലാം / 10

**വായനക്കാർ**
വായനക്കാർ എഴുതുന്നു / 04

**മുഖമൊഴി**
മരണം മണക്കുന്ന മന്ത്രവാദികൾ / 05
എഡിറ്റർ

**സമകാലികം**
സമകാല ഇന്ത്യ: / 07
നജീബ് കെ.സി.

**തിരുമൊഴി**
ഇണയോടുള്ള പെരുമാറ്റം / 17
അബൂ റാഷിദ

**ബാലപഥം**
കണ്ണുള്ളവരുടെ കടമ / 18
ഉസ്മാൻ പാലക്കാഴി

**കാഴ്ച**
പുഞ്ചിരി നൽകുന്ന ഊർജം / 19
ഇബ്നു അലി എടത്തനാട്ടുകര

**കൂട്ടായ്മ**
മലയാളക്കരയിലെ മുസ്‌ലിം നവോത്ഥാന ചരിത്രം / 24
മുബാറക് ബിൻ ഉമർ

**പാരന്റിംഗ്**
പേര് പരതുമ്പോൾ... / 31
അശ്റഫ് എകരൂൽ

**ലേഖനങ്ങൾ**
മനസ്സ് ശാന്തമാവാൻ... / 14
ശമീർ മദീനി

അന്ധവിശ്വാസം വാഴുന്ന അകത്തളങ്ങൾ / 20
ഇ.യൂസുഫ് സാഹിബ് നദ്‌വി

മുസ്‌ലിം ആക്റ്റിവിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ / 22
ആരിക് നിലമ്പൂർ

പ്രവാചകന്മാർ ക്വുർആനിൽ / 25
ഹുസൈൻ സലഫി, ഷാർജ

പ്രാർഥന സ്രഷ്ടാവിനോട് മാത്രം / 28
സയ്യിദ് സഅ്ഫർ സ്വാദിക്ക് മദീനി

**നമുക്ക് ചുറ്റും**
സിനിമയും സ്ത്രീ സുരക്ഷയും / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### പാരന്റിംഗിൽ ശ്രദ്ധിക്കേണ്ടത്

'ഇസ്‌ലാമിക് പാരന്റിംഗ് പ്രാധാന്യവും ലക്ഷ്യവും' എന്നത് പ്രസക്തിയേറിയ വിഷയമാണ്. ഭദ്രമായ ഒരു സമൂഹസൃഷ്ടി ലക്ഷ്യമിടുന്ന ആദർശ സംഹിതയെന്ന നിലയിൽ സമൂഹത്തിന്റെ പ്രഥമ വേദിയായ വ്യക്തിയുടെ രൂപപ്പെടലിന് വളരെ പ്രസക്തമാണ് കുടുംബ പശ്ചാത്തലമെന്നത് മനസ്സിലാക്കിത്തന്നത് ഇസ്‌ലാമാണ്. ചെറുപ്പംതൊട്ടേ വ്യക്തിത്വ രൂപീകരണത്തിന് സാഹചര്യമൊരുക്കുക എന്നതിന് പ്രവാചക നിർദേശങ്ങൾ എമ്പാടും കാണാൻ കഴിയും.

പാരന്റിംഗുമായി ബന്ധപ്പെട്ട വിഷയം സമുദായം ഒന്നുകിൽ പാടെ അവഗണിക്കുകയോ അല്ലെങ്കിൽ അതിൽ ഭൗതിക സമവാക്യങ്ങൾ മാത്രമറിയുന്നവരെ അവലംബിക്കുകയോ ചെയ്യുന്നതിന് വൈജ്ഞാനികമായ തിരുത്ത് അശ്‌റഫ് എകരൂൽ അദ്ദേഹത്തിന്റെ തൂലികയിലൂടെ നൽകുന്നുണ്ട്. ഒന്നാം ഭാഗത്തിൽ "ചുരുക്കത്തിൽ 'വലദുൻ സ്വാലിഹിന്റെയും' 'ഇമാമുൽ മുത്തക്വീനി'ന്റെയും ഇടയിൽ എവിടെയെങ്കിലും ഒരു ഇരിപ്പിടം ലഭിക്കുവാൻ യോഗ്യതയുള്ള മുസ്‌ലിമിനെ രൂപപ്പെടുത്തുന്ന ബൃഹദ് പദ്ധതിയാണ് ഇസ്‌ലാമിക പാരന്റിംഗ്. അതിന്റെ സൂത്രവാക്യങ്ങൾ അന്വേഷിക്കേണ്ടത് മരണാനന്തര ജീവിതം തന്നെ അംഗീകരിക്കാത്ത 'വിദഗ്ധൻമാരുടെ' പുസ്തകങ്ങളിലോ പരിശീലന ക്ലാസുകളിലോ അല്ല. മറിച്ച്, മനുഷ്യശരീരത്തിന്റെയും മനസ്സിന്റെയും സംവിധായകനായ സ്രഷ്ടാവിന്റെ വേദഗ്രന്ഥത്തിലും അവന്റെ ദൂതന്റെ ജീവിതസന്ദേശങ്ങളിലും അവയിൽ നിന്ന് വെളിച്ചം സ്വീകരിച്ച സച്ചരിതരായ മുൻഗാമികളുടെ ജീവിതാനുഭവങ്ങളിൽ നിന്നുമാവണം" അദ്ദേഹം എഴുതുന്നുണ്ട്.

ഈ വരികൾ ആദർശത്തെ ആത്മാഭിമാനമായി കാണുന്നവരിൽ നിന്നേ ഉണ്ടാവൂ. മുസ്‌ലിം പരിശീലകർ പോലും ഇസ്‌ലാമിന്റെ വ്യക്തിത്വ വികസന മേഖലയെ പരാമർശിക്കാതെ ഭൗതികരെ വല്ലാതെ പുൽകുന്ന വർത്തമാനകാലത്ത് ഈ ലേഖന പരമ്പരയുടെ പ്രസക്തി വർധിക്കുകയാണ്.

**- ശഫീക്ക് ചാലിയം**

### മുഷിപ്പില്ലാതെ വായിക്കാം

'നേർപഥം' പേജുകൾ കുറവായതിനാൽ വായനക്ക് മുഷിപ്പ് കുറവാണ്. 'ശാന്തിഗേഹം' പംക്തി വ്യക്തിപരവും കുടുംബപരവുമായ പ്രശ്നപരിഹാരങ്ങൾക്ക് മാത്രമായി ഒതുക്കിയത് ശരിയാണെന്ന് തോന്നുന്നില്ല. മതപരമായ ചോദ്യോത്തര പംക്തി കൂടി ഉൾപ്പെടുത്തിക്കൂടേ?

**- പി.ടി.ജലീൽ, ചെങ്ങര**

### മാതൃകാജീവിതം നയിച്ച പ്രവാചകൻ

പ്രവാചകൻﷺയുടെ മാതൃകാ ജീവിതത്തെ ഹ്രസ്വമായി വരച്ചുകാട്ടുന്ന ഫദ്‌ലുൽ ഹഖ് ഉമരിയുടെ ലേഖനം ഏറെ ആകർഷകമായിരുന്നു.

'ആര് ചോദിച്ചാലും നൽകും. ഇല്ല എന്ന് പറയില്ല. വീട്ടിലും നാട്ടിലും മാന്യത പുലർത്തി. ഇന്ന് പലർക്കും സാധിക്കാത്ത ഒന്നാണിത്! അദ്ദേഹം സ്വയം വസ്ത്രം അലക്കും. ആടിനെ കറക്കും. ഭാര്യമാരെ വീട്ടുജോലിയിൽ സഹായിക്കും. ബാങ്ക് കേട്ടാൽ പള്ളിയിലേക്ക് പുറപ്പെടും. മരിക്കുമ്പോൾ ഒൻപത് ഭാര്യമാരുണ്ടായിരുന്നു. ആർക്കും പരാതിയില്ല. കാരണം അദ്ദേഹം നീതിപുലർത്തി ജീവിച്ചു. സ്നേഹം എല്ലാവർക്കും പകുത്തു നൽകി. നിങ്ങളിൽ ഏറ്റവും നല്ലവൻ ഭാര്യയോട് ഏറ്റവും നല്ലവൻ എന്ന തത്ത്വം സ്വജീവിതത്തിൽ കാണിച്ചു കൊടുത്തു. ആഇശ(റ) പറയുന്നു: 'ഞാൻ കുടിച്ച പാത്രം വാങ്ങി വെള്ളം കുടിക്കും. ഞാൻ കടിച്ച മാംസം പിടിച്ചു വാങ്ങി ഞാൻ കടിച്ചേടത്ത് കടിക്കും. വുദൂഅ് എടുത്ത് നമസ്കരിക്കാൻ പോകുമ്പോഴും വഴിയിൽ വെച്ചൊരു ചുംബനം നൽകും. ഞാനും റസൂലും ഒന്നിച്ച് കുളിക്കാറുണ്ട്. എന്റെ മടിയിൽ തലവെച്ച് കിടക്കാറുണ്ട്. ഞാൻ മുടിചീകി കൊടുക്കാറുണ്ടായിരുന്നു.'

വിശദീകരണങ്ങൾക്കപ്പുറമാണ് ഈ വാചകങ്ങൾ. സഹജീവികളോടും മക്കളോടും ഭാര്യമാരോടും എന്നല്ല സകല ജീവജാലങ്ങളോടും കാരുണ്യത്തോടെ വർത്തിച്ച റസൂൽﷺയുടെ ജീവിത പാത പിന്തുടരുന്നതിൽ സംഭവിച്ച വീഴ്ചയാണ് ഇന്നത്തെ മുസ്‌ലിംകളുടെ പ്രധാന പ്രശ്നം.

ഇഷ്ടവിഭവങ്ങളുമായി വന്നെത്തുന്ന 'നേർപഥ'ത്തിനും ലേഖകന്മാർക്കും അഭിനന്ദനങ്ങൾ.

**- ഫസീല ജമാൽ, കുറ്റിക്കാട്ടൂർ**

**വായനക്കാരുടെ പ്രതികരണങ്ങൾ**
**mail@nerpatham.com എന്ന ഇ.മെയിലിലോ**
**9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ**
**നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

മുഖമൊഴി

# മരണം മണക്കുന്ന മന്ത്രവാദികൾ

ആത്മീയതയെക്കുറിച്ച് വിഭിന്നങ്ങളായ വീക്ഷണങ്ങളും അഭിപ്രായങ്ങളുമാണ് മതങ്ങൾക്കുള്ളത്. ഒരു മതത്തിന്റെ വീക്ഷണമല്ല മറ്റൊരു മതത്തിനുള്ളത്. സെമിറ്റിക്ക് മതങ്ങൾക്ക് അവയുടേതായ വീക്ഷണങ്ങളുണ്ട്. നിരവധി മഹർഷിമാരും സന്യാസിമാരും ആചാര്യന്മാരും വന്നുപോയിട്ടുള്ള ഇന്ത്യയിൽ ആത്മീയതയുടെ നിർവചനങ്ങളിൽ ബഹുസ്വരത പ്രകടമാണ്. വ്യക്തികൾക്കും ആൾക്കൂട്ടങ്ങൾക്കും അവർക്ക് തോന്നിയവിധത്തിൽ അവരുടെ ആത്മീയതയെ നിർവചിക്കുവാനും നിർണയിക്കുവാനും അവസരം നൽകുന്നതുകൊണ്ടാണ് ഓഷോ രജനീഷിനെ പോലുള്ളവർ 'ഇന്ത്യ എൻ പ്രിയങ്കരി' എന്നു പറയാൻ തയാറായത്. ഇന്ത്യയുടെ സംസ്കാരത്തിലും പൈതൃകസമ്പത്തിലും അഭിമാനംകൊള്ളുന്ന ചിന്തകരും പണ്ഡിതന്മാരും മറ്റും ഏറ്റവും കൂടുതൽ ഉയർത്തിപ്പിടിച്ചിട്ടുള്ളത് ഇന്ത്യയുടെ ആത്മീയസമ്പത്തിനെക്കുറിച്ചുള്ള അഭിമാനബോധമാണ്.

വ്യക്തികളുടെ ചിന്തകൾ, ആശയങ്ങൾ, തോന്നലുകൾ, വികാരങ്ങൾ, ഭാവനകൾ തുടങ്ങിയവയെയെല്ലാം ആത്മീയതയുടെ ഗണത്തിൽ ഉൾപ്പെടുത്തുന്ന പ്രവണത ഇന്ത്യയിൽ വ്യാപിക്കുവാൻ കാരണം ആത്മീയതയെക്കുറിച്ച് കൃത്യമായ വീക്ഷണമില്ലാതെ പോയതാണ്. ഈ വ്യവസ്ഥാരാഹിത്യത്തെയാണ് ബുദ്ധിജീവികളും ആത്മീയാന്വേഷകരും മറ്റും 'ആത്മീയ സ്വാതന്ത്ര്യം', 'ആത്മീയവിശാലത' എന്നെല്ലാം കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുന്നത്.

മദ്യവും മദിരാക്ഷിയും ലൈംഗിക ആഭാസങ്ങളും പ്രകൃതിവിരുദ്ധ നടപടികളും കാമപൂജകളും മദ്യനിവേദ്യങ്ങളും ലഹരി കലർന്ന പ്രസാദങ്ങളും കൂടിക്കുഴഞ്ഞു കിടക്കുന്ന ഭക്തിയുടെയും ആധ്യാത്മികതയുടെയും കേളീരംഗമായി ഇന്ത്യയെ മാറ്റിയത് ഈ 'ആത്മീയ സ്വാതന്ത്ര്യ'മാണെന്നതിൽ സംശയമില്ല. ആത്മീയതയുടെ കച്ചവടരംഗത്ത് ഇന്ത്യ എന്നും മുന്നിൽ തന്നെയാണ്. വർത്തമാന കാലത്ത് ഇന്ത്യ ആത്മീയ മാർക്കറ്റിംഗ് രംഗത്ത് ആധിപത്യം പുലർത്തുന്ന പ്രവണതകളിൽ പലതും പുതിയ കാലത്തിന്റെ മാത്രം സംഭാവനകളല്ല എന്നു നാം മനസ്സിലാക്കേണ്ടതുണ്ട്.

ആത്മീയ കേന്ദ്രങ്ങളിൽനിന്ന് ഇടക്കിടെ ഉയരുന്ന വിസ്മയിപ്പിക്കുന്നതും വൃത്തികെട്ടതുമായ വാർത്തകൾ യഥാർഥത്തിലുള്ളതിന്റെ വളരെ ചെറിയൊരു ശതമാനം മാത്രമാണെന്നതാണ് വസ്തുത. ബാക്കിയെല്ലാം തമസ്കരിക്കപ്പെടുകയാണ്. ആത്മീയ രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന തട്ടിപ്പുകൾക്ക് ജാതി-മത ഭേദമില്ലെന്നാണ് സമകാലിക സംഭവവികാസങ്ങൾ വ്യക്തമാക്കുന്നത്.

ഇന്ന് എല്ലാ മനുഷ്യരും രോഗികളാണ്. അതുകൊണ്ട് തന്നെ ചികിത്സ ഒരു വൻ വ്യവസായമായിത്തീർന്നിരിക്കുന്നു. വരുമാനത്തിന്റെ സിംഹഭാഗവും ചികിത്സക്കായി ചെലവഴിക്കേണ്ട അവസ്ഥ! ഈ സാഹചര്യം മുതലാക്കുവാനും അതുവഴി മുതലുണ്ടാക്കുവാനും 'ആത്മീയ ചികിത്സകർ' കഴുകന്മാരെ പോലെ വട്ടമിട്ടു പറക്കുന്നുണ്ട്. കൊല്ലം ജില്ലയിൽ ഒരു നരാധമൻ ഒു സ്ത്രീയെ 'ചികിത്സിച്ചു' കൊന്നിട്ട് അധിക കാലമായിട്ടില്ല. ഇപ്പോഴിതാ നാദാപുരം പുറമേനിയിൽ നിന്ന് ഒരു യുവതിയുടെ ദാരുണമരണത്തിന്റെ വാർത്ത പുറത്തുവന്നിരിക്കുന്നു. 'ജിന്ന് ചികിത്സ'ക്കിടയിൽ പൊള്ളലേറ്റ് ഷമീന എന്ന യുവതിയാണ് മരണപ്പെട്ടത്. കുറ്റ്യാടിയിലെ നജ്മ എന്ന യുവതിയായ മന്ത്രവാദിനിയാണ് പ്രതി.

മുസ്‌ലിം നാമധാരികളായ ഇത്തരം മന്ത്രവാദികളും മന്ത്രവാദിനികളും ആത്മീയതയുടെ മറവിൽ ജനങ്ങളെ സാമ്പത്തികമായും ശാരീരികമായും ചൂഷണം ചെയ്യുന്നത് ഇസ്‌ലാമിനെ പൊതുസമൂഹം തെറ്റിദ്ധരിക്കുവാൻ കൂടി കാരണമാകുന്നുവെന്നതിൽ സംശയമില്ല. പുനർ വിവാഹം വേഗത്തിൽ നടക്കുവാനാണത്രെ ഇവർ മന്ത്രവാദിനിയുടെ അടുക്കലെത്തിയത്. മന്ത്രവാദ കർമങ്ങൾക്കിടയിൽ പൊള്ളലേറ്റാണ് ഈ സ്ത്രീയുടെ ജീവൻ പൊലിഞ്ഞത്. വാസ്തവത്തിൽ ഇങ്ങനെയുള്ള ഒരു ചികിത്സാരീതി ഇസ്‌ലാം പഠിപ്പിക്കുന്നില്ല. പ്രപഞ്ച സ്രഷ്ടാവിൽ അടിയുറച്ചു വിശ്വസിക്കുകയും അവനിൽ ഭരമേൽപിക്കുകയും ചെയ്യുന്ന ഒരാളും ഇത്തരത്തിലുള്ള ആത്മീയവാണിഭക്കാരുടെ വലയിൽ വീഴുകയില്ല. ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദിനെക്കുറിച്ചുള്ള ജനങ്ങളുടെ അജ്ഞതയിലാണ് ഈ തട്ടിപ്പുകാരുടെ നിലനിൽപ്. വിശ്വാസരംഗം കുറ്റമറ്റതാക്കുക എന്നതാണ് പ്രധാനപ്പെട്ട പരിഹാര മാർഗം എന്നർഥം. സകലവിധ ആത്മീയ ചൂഷണങ്ങൾക്കും ചൂഷകർക്കുമെതിരെ ജനകീയ കൂട്ടായ്മകൾ രൂപംകൊള്ളേണ്ട സമയം അതിക്രമിച്ചിരുക്കുന്നു. ഇല്ലെങ്കിൽ മരണം മണക്കുന്ന മന്ത്രവാദികളുടെ എണ്ണം വർധിച്ചുകൊണ്ടേയിരിക്കും. ●

നജീബ് കെ.സി.
munaajee@gmail.com

സമകാലികം



# സമകാല ഇന്ത്യ

## മതേതരത്വം, ബഹുസ്വരത, പ്രബോധന സ്വാതന്ത്ര്യം

**ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അതിന്റെ ആചാരങ്ങൾ അനുഷ്ഠിക്കാനും പ്രബോധനം ചെയ്യാനുമുള്ള സ്വാതന്ത്ര്യം പൗരന്റെ മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്തിയ നാടാണ് ഇന്ത്യ. എന്നാൽ ഭരണഘടന നൽകിയ ഈ അവകാശങ്ങളെ വകവെച്ച് തരുന്നതിൽ ഭരണകൂടം എത്രത്തോളം പ്രതിജ്ഞാബദ്ധമാണ്? സമകാലിക ഇന്ത്യയുടെ രാഷ്ട്രീയ പരിസരത്ത് നിന്നൊരു വിലയിരുത്തൽ...**

സാമൂഹികവും സാംസ്കാരികവുമായ വൈജാത്യങ്ങളുടെ സംഗമഭൂമിയാണ് നമ്മുടെ മാതൃരാജ്യമായ ഇന്ത്യ. ഭാഷ, വേഷം, ഭക്ഷണം, കല, സാഹിത്യം, സംസ്കാരം, മതം, വിശ്വാസം, ആചാരം തുടങ്ങി ജീവിതത്തിന്റെ സകലതലങ്ങളിലും വൈവിധ്യങ്ങൾ വർണരാജി പടർത്തുന്ന ഒരു സമൂഹമാണ് നൂറ്റാണ്ടുകളായി ഇവിടെ വസിക്കുന്നത്. മഞ്ഞുമലകൾ മുതൽ മണലാരണ്യങ്ങൾ വരെയും വയലേലകൾ മുതൽ വനാന്തരങ്ങൾ വരെയുമുള്ള പ്രകൃതിപരമായ പ്രത്യേകതകൾക്കൊപ്പം നിറത്തിലും രൂപത്തിലും വ്യത്യസ്തരായ ലക്ഷോപലക്ഷം മനുഷ്യരെയും അവരുടെ തനതായ സംസ്കാരവിശേഷങ്ങളെയും കോർത്തിണക്കി ഒരൊറ്റ ജനതയായി ഒരുമിപ്പിച്ചു നിർത്താൻ കഴിയുന്നുവെന്നതാണ് നമ്മുടെ രാജ്യത്തിന്റെ യശസ്സ് ലോകസമക്ഷം ഉയർന്നു നിൽക്കുന്നതിൽ മറ്റെന്തിനേക്കാളും പങ്കുവഹിച്ചിട്ടുള്ളത്.

സപ്തവർണങ്ങൾ ചേർന്നുനിൽക്കുന്ന മഴവില്ലിന്റെ മനോഹാരിത പോലെ, ബഹുവർണങ്ങളിൽ പൂത്തുലഞ്ഞു നിൽക്കുന്ന പൂന്തോപ്പിന്റെ സൗന്ദര്യം പോലെ, ഇന്ത്യയെന്ന മഹാരാജ്യത്തെ ചാരുതയാർന്ന ഒരു വാങ്മയചിത്രമാക്കുന്നത് അതിലെ സാമൂഹിക

വൈവിധ്യങ്ങളുടെ വർണക്കാഴ്ചകൾ തന്നെയാണ്. സർവവിധ ബഹുസ്വരതകൾക്കും മുകളിൽ സഹജീവനത്തിന്റെ കുട നിവർത്തുന്ന ഈ സാമൂഹിക പൊതുബോധത്തെ 'നാനാത്വത്തിൽ ഏകത്വം' (Untiy in diverstiy) എന്ന അടയാളവാക്യത്തിലൂടെ അഭിമാനപൂർവം നാം ഉയർത്തിപ്പിടിക്കുന്നതും അതുകൊണ്ട് തന്നെ.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ചരിത്രപരമായ സഞ്ചാരപഥങ്ങളിലും ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായുള്ള സമരമുഖങ്ങളിലും എല്ലാ വിഭാഗം ജനങ്ങളുടെയും സമർപണത്തിന്റെ മുദ്രകൾ അടയാളപ്പെട്ടു കിടക്കുന്നതിനാൽ, സ്വതന്ത്രപരമാധികാര ജനാധിപത്യ ഇന്ത്യ ഒരു ബഹുസ്വര മതേതര രാഷ്ട്രം കൂടി ആയിരിക്കേണ്ടതിന്റെ അനിവാര്യത നമ്മുടെ ദേശീയ നേതാക്കളും ഭരണഘടനാ ശിൽപികളും തിരിച്ചറിഞ്ഞിട്ടുണ്ട്. രാജ്യത്തെ ബഹുതര സംസ്കൃതികൾക്ക് സമാധാനപൂർണമായ സഹജീവനത്തിനുള്ള സാഹചര്യവും വിവിധ ജനവിഭാഗങ്ങൾക്ക് തുല്യനീതിയോടെയും സമഭാവനയോടെയും ഇന്ത്യൻ പൗരന്മാരായി ജീവിക്കാനുള്ള അവസരവും ഭരണഘടനാപരമായ മൗലികാവകാശങ്ങളായി നിജപ്പെടുത്തിക്കൊണ്ട് അവർ രാജ്യത്തോടും ജനതയോടുമുള്ള കടമ നിറവേറ്റിയിട്ടുമുണ്ട്.

ഈ പൊതുബോധത്തെ ദുർബലപ്പെടുത്തുന്ന ഖേദകരമായ ചില സാഹചര്യങ്ങളും ഒറ്റപ്പെട്ട ചില സംഭവങ്ങളും കാലാകാലങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിലും നാനാതലങ്ങളിൽ നിന്നുള്ള പക്വമായ പരിചിന്തനങ്ങളിലൂടെ അൽപം ചില പരിക്കുകൾക്കു ശേഷമാണെങ്കിലും സമാധാന സാഹചര്യം പുനസ്ഥാപിക്കാനും പ്രതിലോമതാത്പര്യങ്ങൾ രാജ്യവ്യാപകമായി പടർന്നുപിടിക്കുന്നതിന് തടയിടാനും സാധിക്കാറുണ്ട് എന്നത് ആശ്വാസകരമായ വസ്തുതയാണ്.

മതേതരജനാധിപത്യ ഇന്ത്യയിൽ ഓരോ പൗരന്റെയും ഭരണഘടനാദത്തമായ മൗലികാവകാശമാണ് ഇഷ്ടമുള്ള മതം വിശ്വസിക്കാനും അനുഷ്ഠിക്കാനും പ്രബോധനം ചെയ്യാനുമുള്ള സ്വാതന്ത്ര്യം. ഒരു പൗരന് തനിക്ക് തൃപ്തികരമായ മതം തെരഞ്ഞെടുക്കാനും അതനുസരിച്ചു ജീവിക്കാനും സ്വാതന്ത്ര്യമുണ്ടായിരിക്കുക എന്നതോടൊപ്പം അതിനു വിരുദ്ധമായ വിശ്വാസമോ ആചാരമോ ജീവിതരീതിയോ അയാൾക്കുമേൽ അടിച്ചേൽപിക്കപ്പെടാതിരിക്കുക എന്നതും മേൽപറഞ്ഞ അവകാശത്തിന്റെ അനിവാര്യതാൽപര്യങ്ങളിൽ പെട്ടതാണ്.

**ഇഷ്ടമുള്ള മതം വിശ്വസിക്കാനും പ്രചരിപ്പിക്കാനുമൊക്കെ രാജ്യത്തെ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശത്തിന്റെ പിൻബലത്തിൽ നിയമപരമായ പരിരക്ഷ ലഭിക്കേണ്ടതാണ്. എന്നാലിന്ന് മതപ്രബോധനവും മതപരിവർത്തനവുമൊക്കെ ദേശവിരുദ്ധമായ വലിയ കുറ്റകൃത്യങ്ങളാണെന്ന് വരുത്തിത്തീർക്കാവുന്ന വിധം സമൂഹത്തിന്റെ പൊതുബോധത്തെ അപനിർമിക്കാനുള്ള ആസൂത്രിത നീക്കങ്ങൾ നടക്കുന്നുണ്ടെന്ന് കരുതാവുന്ന സ്ഥിതിയാണുള്ളത്.**

എന്നാൽ ദേശീയതയെയും രാജ്യസ്നേഹത്തെയും ഒരു പ്രത്യേക മതത്തിന്റെ വിശ്വാസാചാര രീതികളുമായി കൂട്ടിക്കെട്ടി അതിനു പുറത്തുള്ളതിനോടൊക്കെ അസഹിഷ്ണുത വളർത്താനുള്ള കുത്സിതമായ ചില നീക്കങ്ങൾ കുറച്ചുകാലങ്ങളായി നിലനിന്നുവന്നിട്ടുണ്ട്. സമീപകാലത്തായി അത്തരം നീക്കങ്ങൾ കൂടുതൽ സംഘടിതവും പരസ്യവും അക്രമോത്സുകവുമായിത്തീർന്നിട്ടുണ്ട് എന്നത് അനുഭവയാഥാർഥ്യമാണ്. അതിനെ ചോദ്യം ചെയ്യുന്നവർ രാജ്യദ്രോഹത്തിന്റെയും തീവ്രവാദത്തിന്റെയും ചാപ്പകുത്തലിനു വിധേയമാകുകയും ചെയ്യുന്നു. ഈ പ്രതിലോമ പ്രവണതക്ക് തടയിടാൻ ബാധ്യതപ്പെട്ട ഭരണകൂടവും അനുബന്ധ ഏജൻസികളും നിസ്സംഗത പുലർത്തുക മാത്രമല്ല പലപ്പോഴും അതിനെ ഒളിഞ്ഞും തെളിഞ്ഞും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നതാണ് ഏറെ ഖേദകരം. ഇന്ത്യയുടെ മതേതരത്വസമഭാവന നിലനിന്നുകാണാൻ ആഗ്രഹിക്കുന്ന യഥാർഥ രാജ്യസ്നേഹികളെ സംബന്ധിച്ച് ഇത് വളരെയേറെ ആശങ്കാജനകമായ ഒരു സ്ഥിതിവിശേഷമാണ്.

ഇഷ്ടമുള്ള ഭക്ഷണം കഴിക്കുന്നതും ഇഷ്ടമുള്ള വസ്ത്രം ധരിക്കുന്നതും ഇഷ്ടമുള്ള തൊഴിൽ ചെയ്യുന്നതും ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതുമെല്ലാം തങ്ങൾക്കിഷ്ടമില്ലാത്തവരെ ആക്രമിക്കാനും തല്ലിക്കൊല്ലാനും വരെയുള്ള 'തികഞ്ഞ ന്യായങ്ങളായി' ഉന്നയിക്കപ്പെടാവുന്ന വിധം ഒരു വിഭാഗം ജനങ്ങൾക്കിടയിൽ തികച്ചും ഹിംസാത്മകമായ ഒരു പൊതുബോധം രൂപപ്പെടുത്തുന്ന കാര്യത്തിൽ വെറുപ്പിന്റെ പ്രചാരകർ ഏറെ മുന്നേറിക്കഴിഞ്ഞുവെന്നത് മതേതര വിശ്വാസികളെ ഏറെ ചിന്തിപ്പിക്കേണ്ട വിഷയമാണ്. താടിയും തൊപ്പിയും പർദയും ഭീകരതയുടെ അടയാളങ്ങളായിത്തീരുന്നതും, ബീഫ് കഴിക്കുന്നതും കാലിക്കച്ചവടം ചെയ്യുന്നതും വധശിക്ഷയർഹിക്കുന്ന വൻകുറ്റങ്ങളായി പരിഗണിക്കപ്പെടുന്നതും, ഉന്മാദാത്മകമായ ഈ അസഹിഷ്ണുതാ ബോധത്തിന്റെ സ്വാധീനഫലമായാണ്.

ന്യൂനപക്ഷങ്ങളെ, വിശേഷിച്ചും മുസ്‌ലിംകളെയും ദളിതുകളെയും അന്യവത്കരിക്കാനും അവരോട് വിദ്വേഷം വളർത്താനും അവരെ ലക്ഷ്യംവെച്ച് ആക്രമങ്ങള

ഴിച്ചു വിടാനും ബോധപൂർവമായ ശ്രമങ്ങളാണ് നടന്നുവരുന്നത്. സമീപകാലത്ത് പൊതുവായും മോദിയുടെ നേതൃത്വത്തിലുള്ള ബി,ജെ.പി സർക്കാർ കേന്ദ്രത്തിൽ ഭരണത്തിലേറിയതിനു ശേഷം വിശേഷിച്ചും ഈ ദിശയിൽ രാജ്യത്തുണ്ടായ അനിഷ്ടസംഭവങ്ങളും അവയോടു ഭരണകൂട ഏജൻസികൾ കൈക്കൊണ്ട നിലപാടുകളും രാജ്യത്തിന്റെ മതേതര പൊതുസ്വഭാവത്തിന് സാരമായ പരിക്കുകളേറ്റുകഴിഞ്ഞു എന്നതിന്റെ തെളിവാണ്. ഗുജറാത്ത് കലാപകാലത്ത് കൊലചെയ്യപ്പെട്ട പാർലമെന്റംഗം ഇഹ്സാൻ ജാഫ്രിക്കും പിന്നെ പേരറിയപ്പെടാത്ത രണ്ടായിരത്തോളം വരുന്ന മുസ്ലിംകൾക്കും വ്യാജ ഏറ്റുമുട്ടൽ ഇരകളായ ഇസ്രത് ജഹാൻ പ്രാണേഷ് ദമ്പതികൾക്കും ശേഷവും ആ പട്ടിക തുടരുകയാണ്. അഭിപ്രായസ്വാതന്ത്ര്യം ഉപയോഗിച്ചതിന്റെ പേരിൽ വെടിയുണ്ടകൾക്കിരയായ പണ്ഡിതരും എഴുത്തുകാരുമായ നരേന്ദ്ര ദബോൽക്കർ, ഗോവിന്ദ് പൻസാരെ, ഡോ. എം.എം. കൽബുർഗി, മാട്ടിറച്ചി കഴിച്ചെന്നാരോപിച്ച് തെരുവിൽ കൊല്ലപ്പെട്ട ദാദ്രിയിലെ മുഹമ്മദ് അഖ്ലാഖ്, ജാർക്കണ്ഡിലെ ഗോസംരക്ഷകരാൽ തൂക്കിലേറ്റപ്പെട്ട അൻസാരി, ഇംതിയാസ് ഖാൻ, ഭോപ്പാലിൽ പോലീസ് വെടിവെച്ചുകൊന്ന വിചാരണത്തടവുകാരായിരുന്ന എട്ട് മുസ്ലിം ചെറുപ്പക്കാർ, യൂണിവേഴ്സിറ്റി അധികാരികളുടെ ദളിത് വിരുദ്ധ വിവേചനത്തിനും നിയമപാലന സംവിധാനത്തിന്റെ ക്രൂരമായ അവഗണനക്കും ഇരയായി അവസാനം ആത്മഹത്യയിൽ അഭയം തേടിയ ഗവേഷണ വിദ്യാർഥി രോഹിത് വെമുല എന്നിങ്ങനെ അത് നീണ്ടുപോകുന്നു. കനയ്യ കുമാർ നേരിട്ട പീഡനപർവത്തിനു ശേഷം നജീബ് അഹ്മദിന്റെ ദുരൂഹമായ തിരോധാനത്തിലൂടെ ജെ.എൻ.യു എന്ന വിഖ്യാത വിദ്യാപീഠം വീണ്ടും വെറുപ്പിന്റെ രാഷ്ട്രീയത്തിന് വഴങ്ങിക്കൊടുത്തിരിക്കുകയാണ്. ഈ സംഭവങ്ങളിലെ ഹീനമായ അവകാശലംഘനങ്ങൾ മാത്രമല്ല കപടദേശീയതയുടെ വായ്ത്താരികളാൽ ഇവയൊക്കെ ലഘൂകരിക്കപ്പെടുന്നു എന്നതും, ഗൗരവത്തോടെയുള്ള അന്വേഷണങ്ങളോ നിയമനടപടികളോ നടപ്പാക്കുന്നതിൽ ഉത്തരവാദപ്പെട്ടവർ വലിയ ഉദാസീനത കാണിക്കുന്നുവെന്നതും ഒരു വലിയ ഗെയിംപ്ലാനിന്റെ ഭാഗമാണ് ഈ സംഭവങ്ങൾ എന്ന് ചിന്തിപ്പിക്കാൻ പോന്നതാണ്. മതന്യൂനപക്ഷങ്ങളുടെ രാജ്യസ്നേഹം നിരന്തരം ചോദ്യം ചെയ്യുകയും



ജനദ്രോഹ നടപടികളിൽനിന്നു ശ്രദ്ധതിരിക്കാനായി രാജ്യാതിർത്തിയിലെ സൈനികരുടെ ക്ലേശങ്ങൾ എടുത്തു പറയുകയും ചെയ്യുന്നവർ തന്നെയാണ് രാജ്യസുരക്ഷക്കായി മകനെ പട്ടാളത്തിലയച്ച ഒരു പാവം വൃദ്ധനെ തെരുവിൽതല്ലിക്കൊന്നതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നത്. നേരത്തെപ്പറഞ്ഞ ഉന്മാദാത്മകമായ അസഹിഷ്ണുത ഒരു ആദർശമായി ചില ആൾക്കൂട്ടങ്ങളെ ആവേശിച്ചുകഴിഞ്ഞിരിക്കുന്നു എന്നതിന്റെ പ്രത്യക്ഷമായ തെളിവാണിത്.

ഇഷ്ടമുള്ള മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമൊക്കെ രാജ്യത്തെ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശത്തിന്റെ പിൻബലത്തിൽ നിയമപരമായ പരിരക്ഷ ലഭിക്കേണ്ടതാണ്. എന്നാലിന്ന് മതപ്രബോധനവും മതപരിവർത്തനവുമൊക്കെ ദേശവിരുദ്ധമായ വലിയ കുറ്റകൃത്യങ്ങളാണെന്ന് വരുത്തിത്തീർക്കാവുന്ന വിധം സമൂഹത്തിന്റെ പൊതുബോധത്തെ അപനിർമിക്കാനുള്ള ആസൂത്രിത നീക്കങ്ങൾ നടക്കുന്നുണ്ടെന്ന് കരുതാവുന്ന സ്ഥിതിയാണുള്ളത്. ഭീകരവേട്ടയുടെ പേരിൽ മതപ്രബോധകർ ഉന്നം വെക്കപ്പെടുന്നതിന്റെ പിന്നിലുള്ളത് ഇത്തരമൊരു ഗൂഢ അജണ്ടയാണെന്ന് അനുമാനിക്കാൻ സമീപകാല സംഭവങ്ങൾ ന്യായമായ സൂചനകൾ നൽകുന്നുണ്ട്. ലോകപ്രസിദ്ധ പ്രഭാഷകനും ഇസ്ലാം പ്രബോധകനുമായ ഡോക്ടർ സാകിർ നായികിനു മേൽ ഭീകരവാദമുദ്ര കുത്തി അദ്ദേഹത്തിന്റെ പീസ് ടിവിയും ഇസ്ലാമിക് റിസർച് ഫൗണ്ടേഷനും അടച്ചുപൂട്ടിയതും അദ്ദേഹത്തിനെതിരെ യു.എ.പി.എ ചുമത്തിയതും ഇസ്ലാമിക പ്രബോധന സ്വാതന്ത്ര്യത്തെ കൂച്ചുവിലങ്ങിടാൻ വേണ്ടിയുള്ള ആസൂത്രിതനീക്കമായിരുന്നു എന്നുതന്നെ മനസ്സിലാക്കണം. ഭീകരവിരുദ്ധനീക്കമായിരുന്നു ഭരണകൂടത്തിന്റെ യഥാർഥ ഉദ്ദേശ്യമെങ്കിൽ, ആയിരക്കണക്കിന് പ്രഭാഷണങ്ങളിലൂടെ തീവ്രവാദഭീകരവാദ പ്രവണതകൾക്കെതിരെ ശക്തമായ പ്രചാരണം നടത്തിയിട്ടുള്ള സാകിർ നായികി

**ഇഷ്ടമുള്ള ഭക്ഷണം കഴിക്കുന്നതും ഇഷ്ടമുള്ള വസ്ത്രം ധരിക്കുന്നതും ഇഷ്ടമുള്ള തൊഴിൽ ചെയ്യുന്നതും ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതുമെല്ലാം തങ്ങൾക്കിഷ്ടമില്ലാത്തവരെ ആക്രമിക്കാനും തല്ലിക്കൊല്ലാനും വരെയുള്ള 'തികഞ്ഞ ന്യായങ്ങളായി' ഉന്നയിക്കപ്പെടാവുന്ന വിധം ഒരു വിഭാഗം ജനങ്ങൾക്കിടയിൽ തികച്ചും ഹിംസാത്മകമായ ഒരു പൊതുബോധം രൂപപ്പെടുത്തുന്ന കാര്യത്തിൽ വെറുപ്പിന്റെ പ്രചാരകർ ഏറെ മുന്നേറിക്കഴിഞ്ഞുവെന്നത് മതേതര വിശ്വാസികളെ ഏറെ ചിന്തിപ്പിക്കേണ്ട വിഷയമാണ്.**

ന് ആദരവും പിൻബലവും നൽകുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഒരു ഭീകരവാദവിരുദ്ധ കാമ്പയിന്റെ ബ്രാൻഡ് അംബാസഡർ ആവാൻപോലും എന്തുകൊണ്ടും യോഗ്യനാണ് യഥാർഥത്തിൽ ഡോക്ടർ സാകിർ. ഭീകരതയെ പിന്തുണക്കുന്ന വിശ്വാസയോഗ്യമായ ഒരു തെളിവുപോലും ഹാജരാക്കാതെത്തന്നെ അദ്ദേഹത്തിനു മേൽ കുറ്റം ചാർത്തുകയും ദേശവിരുദ്ധപ്രവർത്തനങ്ങൾ തടയാനുള്ള നിയമം ചുമത്തി കേസെടുക്കുകയും ചെയ്തിതിരിക്കുകയാണ്. എന്നു മുതലാണ് ഇന്ത്യയിൽ മതപ്രബോധനം കുറ്റകരമായത്?!

കേരളത്തിലെ അറിയപ്പെടുന്ന ഇസ്‌ലാം പ്രബോധകനായ എം.എം.അക്ബറിനു നേരെയായി പിന്നെ തീവ്രവാദാരോപണം. വർഗീയതക്കും ഭീകരതക്കുമെതിരെ നിരന്തരമായ ബോധവത്കരണ കാമ്പയ്‌നുകളുടെ ഭാഗമായി നിലക്കൊണ്ടിട്ടുള്ള അദ്ദേഹത്തിനുമേൽ ഭീകരത ആരോപിച്ചിട്ടുള്ളത് എന്ത് തെളിവിന്റെ അടിസ്ഥാനത്തിലാണ്? അദ്ദേഹത്തിന്റേതായി നൂറുകണക്കിന് പ്രഭാഷണങ്ങളും നാൽപതോളം പുസ്തകങ്ങളുമുള്ളതിൽ നിന്ന് ഒരു തെളിവുപോലും ഉന്നയിക്കാനായിട്ടില്ലെന്നത് വസ്തുതയാണ്.

ശംസുദ്ദീൻ പാലത്തിനെതിരെ രാജ്യദ്രോഹ കുറ്റം ചുമത്താൻ എടുത്തു കാണിക്കപ്പെട്ട പ്രഭാഷണ ശകലത്തിൽ ദേശദ്രോഹപരമോ ഭീകര വിരുദ്ധ നിയമം ചുമത്താവുന്നതോ ആയ പരാമർശങ്ങളൊന്നും കാണുക സാധ്യമല്ല.

ഹനീഫ് മൗലവിയെ എൻ.ഐ.എ അറസ്റ്റു ചെയ്തു ജയിലിലടച്ചത് കേരളത്തിൽനിന്ന് തിരോധാനം ചെയ്ത യുവാക്കളിലൊരാൾക്ക് മതം പഠിപ്പിച്ചുവെന്ന ഒരു മൊഴിയുടെ പേരിൽ മാത്രമാണ്. മാസങ്ങൾക്കു ശേഷം അദ്ദേഹം ജാമ്യത്തിൽ ഇറങ്ങിയിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സംശയത്തിന്റെ പേരിൽ അറസ്റ്റിലായി വിചാരണത്തടവുകാരായി ജയിലറകളിൽ കഴിയുന്ന അനേകം മുസ്‌ലിം ചെറുപ്പക്കാരുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. ബോംബ് സ്‌ഫോടനക്കേസിൽ അറസ്റ്റു ചെയ്യപ്പെട്ട് നീണ്ട നിയമയുദ്ധങ്ങൾക്കുശേഷം നിരപരാധിത്വം തെളിയിച്ച ഗുൽബർഗ സ്വദേശികളായ നിസാറുദ്ദീൻ, സഹീറുദ്ദീൻ സഹോദരങ്ങൾ ഇരുപത്തിമൂന്നു വർഷത്തെ അന്യായമായ ജയിൽവാസത്തിനുശേഷം സുപ്രീംകോടതി വിധിയനുസരിച്ച് പുറത്തിറങ്ങിയത് 2016 മെയ് മാസത്തിലാണ്.

സത്യമെന്ന സ്വയംബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാം സ്വീകരിച്ചെന്ന ഒറ്റക്കാരണത്താൽ കൊടിഞ്ഞിയിലെ ഫൈസൽ ക്രൂരമായി വധിക്കപ്പെട്ടത്, സംഭവത്തിലെ പ്രതികളെല്ലാം കുറ്റസമ്മതം നടത്തിയിട്ടും ജാമ്യത്തിലിറങ്ങിയത്, മുസ്‌ലിംകൾക്കെതിരെ പ്രയോഗിക്കാൻ കുട്ടികൾക്ക് ആയുധപരിശീലനം നൽകുന്ന പരിശീലനക്കളരികൾ പരസ്യമായി പ്രവർത്തിച്ചിട്ടും നിയമനടപടികളില്ലാത്തത്, കടുത്ത വർഗീയവിഷം തുപ്പുന്ന വിദ്വേഷ പ്രസംഗങ്ങൾ നടത്തുന്ന സംഘപരിവാർ പ്രഭൃതികൾക്കെതിരെ പെറ്റിക്കേസ് പോലുമില്ലാത്തത് തുടങ്ങി അനേകം സംഗതികൾ മേൽപറഞ്ഞ സംഭവങ്ങളോട് ചേർത്തുവായിക്കുമ്പോഴാണ് മുസ്‌ലിംകളുടെ മൗലികാവകാശങ്ങളുടെ മേലുള്ള വിവേചനപരമായ ഈ കടന്നുകയറ്റത്തിന്റെ ഗൗരവം കൂടുതൽ വ്യക്തമാവുക.

മേൽപറഞ്ഞ അന്യായങ്ങളെ കേവലം സാമുദായികമായ വിഷയങ്ങളായി ചുരുക്കിക്കാണാതെ ഇന്ത്യൻ പൗരന്മാർക്കു നേർക്കുള്ള കടുത്ത മൗലികാവകാശ ധ്വംസനമായി തിരിച്ചറിയാനും ജനാധിപത്യപരമായ ചെറുത്തുനിൽപിന് സക്രിയവും നേതൃപരവുമായ പങ്കുവഹിക്കാനും മുഴുവൻ മതേതരകക്ഷികളും തയ്യാറാകേണ്ടതുണ്ട്. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com




**സ്ത്രീകളുടെ സുരക്ഷക്ക് വേണ്ടി ഒട്ടേറെ നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. സ്ത്രീയെ ബലമായി ഗർഭഛിദ്രത്തിന് വിധേയമാക്കുന്നത് തടയുന്നതിന് കൊണ്ടുവന്ന 1971ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി ആക്റ്റ്, വീടോ സ്ഥലമോ മുറികളോ ലൈംഗിക ചൂഷണത്തിന് ഉപയോഗിച്ചാൽ അവ വേശ്യാലയമായി കണക്കാക്കും എന്ന് വ്യവസ്ഥ ചെയ്യുന്ന 1986ൽ ആവിഷ്‌കരിച്ച നിയമം, തൊഴിലിടങ്ങളിലെ സ്ത്രീകളുടെ സുരക്ഷക്കും സംരക്ഷണത്തിനും വേണ്ടി 1997ൽ കൊണ്ടുവന്ന നിയമം, ഗാർഹിക പീഡനങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിന് വേണ്ടി രൂപീകരിച്ച 2005ലെ ഗാർഹിക പീഡനനിയമം... ഇതെല്ലാം നിലവിലുണ്ടായിട്ടും സ്ത്രീകളോടുള്ള അതിക്രമം കേരളത്തിൽ വർധിച്ചു കൊണ്ടിരിക്കുന്നു. എന്താണ് കാരണം? വസ്തുനിഷ്ഠമായ അന്വേഷണം.**

# സ്ത്രീ സുരക്ഷ

## ഇരുട്ടിൽ തപ്പുന്ന കേരളീയ സമൂഹം

സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങളും സ്ത്രീ സുരക്ഷയും കാലാകാലങ്ങളായി ലോകം ചർച്ച ചെയ്യുന്ന വിഷയമാണ്. അതിക്രമങ്ങളും അനിഷ്ട സംഭവങ്ങളും ഉണ്ടാകുമ്പോഴാണ് ഈ വിഷയം വളരെ കൂടുതൽ ശ്രദ്ധിക്കപ്പെടുന്നത്. അക്രമസംഭവങ്ങളുണ്ടാകുമ്പോൾ സ്ത്രീ സുരക്ഷക്കായി എന്തെങ്കിലും ഒരു നിയമം കൊണ്ടുവരികയോ പദ്ധതികൾ ആസൂത്രണം ചെയ്യുകയോ ചെയ്യൽ ഒരു പതിവ് രീതിയാണ്. മേമ്പൊടിക്ക് രാഷ്ട്രപതി തൊട്ട് വാർഡ് മെമ്പർ വരെയുള്ളവരുടെ തൽവിഷയകമായ പ്രസ്താവനകളും നമുക്ക് കാണാം. ചാനലുകളാവട്ടെ ചാകര ലഭിച്ച സന്തോഷത്തിൽ സംഭവങ്ങളെ മുടിനാരിഴ പരിശോധിച്ച് തലയില്ലാത്ത തെങ്ങിൽ കയറിയ പോലെ ചർച്ചകൾ അവസാനിപ്പിക്കുന്നതും സ്ഥിരം കാഴ്ചയാണ്. കേരളത്തിലെ ഒരു ചലച്ചിത്ര പ്രവർത്തക; അല്ലെങ്കിൽ മാധ്യമ ഭാഷയിൽ പറഞ്ഞാൽ ഒരു 'പ്രമുഖ നടി' ആക്രമിക്കപ്പെട്ട സംഭവമാണ് ഒടുവിൽ സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് വീണ്ടും നിറം പകർന്നിരിക്കുന്നത്. എന്നാൽ അതേദിവസം തന്നെ മേഘാലയ സ്വദേശിനിയായ ഒരു വനിത കേരളത്തിലെ ഒരു ട്രെയിനിൽ വെച്ച് പീഡിപ്പിക്കപ്പെട്ടുവെന്ന പ



രാതി വലിയ വാർത്തയാവുകയും ചെയ്തില്ല. സ്ത്രീകൾക്കെതിരെയുണ്ടാകുന്ന പീഡനശ്രമങ്ങൾ ചില 'ഒറ്റപ്പെട്ട സംഭവങ്ങൾ' മാത്രമാണെന്ന് പറഞ്ഞു സമാധാനിക്കുന്നവരുമുണ്ട്. എന്നാൽ നിത്യേന ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ആവർത്തിക്കപ്പെടുന്ന ഈ 'ഒറ്റപ്പെട്ട' സംഭവങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് വേണ്ടി എന്ത് പ്രായോഗിക നടപടികളാണ് കേരളീയർ എന്ന നിലയിൽ നാം ആവിഷ്കരിച്ചിട്ടുള്ളത് എന്ന ആത്മവിമർശനം അനിവാര്യമായിത്തീരുന്നു.

സ്ത്രീകളുടെ സുരക്ഷക്ക് വേണ്ടി ഒട്ടേറെ നിയമങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീയെ ബലമായി ഗർഭഛിദ്രത്തിന് വിധേയമാക്കുന്നത് തടയുന്നതിന് കൊണ്ടുവന്ന 1971ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി ആക്റ്റ്, ഏതെങ്കിലും വീടോ സ്ഥലമോ മുറികളോ ലൈംഗിക ചൂഷണത്തിന് ഉപയോഗിച്ചാൽ അവ വേശ്യാലയമായി കണക്കാക്കും എന്ന് വ്യവസ്ഥ ചെയ്യുന്ന 1986ൽ ആവിഷ്കരിച്ച നിയമം, തൊഴിലിടങ്ങളിലെ സ്ത്രീകളുടെ സുരക്ഷക്കും സംരക്ഷണത്തിനും വേണ്ടി 1997 ൽ കൊണ്ടുവന്ന നിയമം, ഗാർഹിക പീഡനങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിന് വേണ്ടി രൂപീകരിച്ച 2005ലെ ഗാർഹിക പീഡനനിയമം, പൂവാലശല്യം, സ്ത്രീധനം, ബലാൽസംഗം, ശൈശവവിവാഹം, നഗ്നതാചിത്രീകരണം തുടങ്ങിയ അതിക്രമങ്ങൾക്കെതിരെ ഉണ്ടാക്കിയിട്ടുള്ള വിവിധ നിയമങ്ങളുമെല്ലാം നമ്മുടെ നാട്ടിൽ പ്രാബല്യത്തിലുണ്ട്. ഈ അടുത്ത കാലത്താണ് ദൽഹിയിൽ കൂട്ട മാനഭംഗത്തിന് വിധേയയായി കൊല്ലപ്പെട്ട ജ്യോതി സിംഗ് പാണ്ഡേ എന്ന പെൺകുട്ടിയുടെ അപരനാമമായ 'നിർഭയ' എന്ന പേരിൽ സ്ത്രീ സുരക്ഷക്കായി ഒരു പദ്ധതി കൊണ്ടുവന്നത്. നിയമങ്ങളുടെ അപര്യാപ്തതയല്ല അതിക്രമങ്ങൾക്ക് കാരണം. നിയമങ്ങളും പദ്ധതികളും കടലാസുകളിൽ മാത്രം പരിമിതമാവുകയും പീഡനങ്ങളും അതിക്രമങ്ങളും തുടർക്കഥകളാവുകയും ചെയ്യുന്നതെന്തുകൊണ്ട് എന്ന ഗൗരവതരമായ അന്വേഷണം നടത്താൻ ബന്ധപ്പെട്ടവർ തുനിയണം. നിയമങ്ങളെക്കാളുപരി സ്വയം പരിവർത്തിക്കപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കുകയും അതിനാവശ്യമായ ബോധവൽക്കരണം നടത്തുകയും വേണമെന്നതാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട ചരിത്രപരമായ വസ്തുതകളെക്കുറിച്ച് അന്വേഷിക്കുമ്പോൾ സ്ത്രീ എക്കാലവും ഒരു ചൂഷണവസ്തുവായിരുന്നു എന്ന് കാണാം. ലോകം വളരെ പുരോഗമിച്ചിട്ടും ഈ കാഴ്ചപ്പാടിൽ വലിയ മാറ്റമൊന്നുമില്ല. വളരെയധികം പുരോഗമിച്ചുവെന്നു അവകാശപ്പെടുന്ന സമൂഹങ്ങളിൽ പോലും വലിയ തോതിലുള്ള സ്ത്രീ പീഡനങ്ങളും ലൈംഗിക അതിക്രമങ്ങളും ഗാർഹിക പീഡനങ്ങളും നിലനിന്നിരുന്നു. പുരാതന റോമൻ നിയമം ഒരു പുരുഷന് തന്റെ ഭാര്യയെ മരണം വരെ ശക്തമായി പ്രഹരിക്കുവാനുള്ള അനുമതി നൽകിയിരുന്നു. ഇത്തരത്തിൽ ഭാര്യമാരെ തൊഴിക്കാനും അടിക്കാനും പീഡിപ്പിക്കാനുമെല്ലാമുള്ള അനുമതി ബ്രിട്ടനിലും അമേരിക്കയിലുമെല്ലാം പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കം വരെ ഉണ്ടായിരുന്നു. സ്ത്രീകൾക്കുവേണ്ടി അന്താരാഷ്ട്രതലത്തിൽ ഒരു നിയമം കൊണ്ടുവരാൻ 1979 വരെ കാത്തിരിക്കേണ്ടി വന്നു ഐക്യരാഷ്ട്രസഭക്ക്. പുരുഷന് പാദസേവ ചെയ്യേണ്ടുന്ന കേവലമൊരു സ്വകാര്യസ്വത്ത് എന്ന് മാത്രമായിരുന്നു സ്ത്രീയെക്കുറിച്ച് ചരിത്രപരമായി നിലനിന്നിരുന്ന വീക്ഷണം. ഒരു സ്വകാര്യസ്വത്തിനെ എങ്ങനെ വിൽപനച്ചരക്കാക്കാൻ സാധിക്കുമെന്ന് ചിന്തിച്ചുകൊണ്ട് സ്ത്രീയുടെ ശരീരത്തെയും സൗന്ദര്യത്തെയും പരമാവധി ചൂഷണം ചെയ്ത് കമ്പോളവൽക്കരിക്കാനാണ് ഭൂരിപക്ഷം സമൂഹങ്ങളും കാലാകാലങ്ങളായി ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ വ്യക്തിപരമായും സാംസ്കാരികമായും സ്ത്രീക്കുമേൽ പുരുഷന്മാർ അടിമത്തം അടിച്ചേൽപ്പിച്ചിരുന്നു എന്നത് ചരിത്രപരമായ യാഥാർഥ്യമാണ്. ഈ അടിമത്തം വഴി അവരുടെ സൗന്ദര്യം ചൂഷണം ചെയ്യപ്പെടുകയും അവർക്ക് മേൽ ലൈംഗിക അതിക്രമങ്ങൾ അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്തു. സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ കുറിച്ച് ചർച്ച ചെയ്യു



മ്പോൾ ഏറ്റവും പ്രഥമമായി പരിഗണിക്കേണ്ടത് ഈ അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യമായിരിക്കണം. തന്റെ സൗന്ദര്യത്തെ കാമക്കണ്ണുകളിൽ നിന്ന് സംരക്ഷിച്ചുകൊണ്ട് ശരീരത്തിന്റെ നിമ്നോന്നതികളെ വസ്ത്രങ്ങൾ കൊണ്ട് മറച്ചുപിടിച്ച് മാന്യമായി ജീവിക്കാൻ ശ്രമിക്കുന്ന ഒരു സ്ത്രീക്ക് അസ്വാതന്ത്ര്യമനുഭവിക്കുന്നവൾ എന്ന വിശേഷണം നൽകുന്നതിൽ യാതൊരു കഴമ്പുമില്ല. തന്റെ ഇണയുടെ മുമ്പിൽ മാത്രം പ്രദർശിപ്പിക്കേണ്ട അവളുടെ മാദകത്വവും സൗന്ദര്യവും മറ്റുള്ളവർക്ക് മുമ്പിൽ പ്രദർശിപ്പിക്കുവാൻ അവളെ നിർബന്ധിക്കുകയും അതുവഴി അവൾക്ക് മേൽ അധീശത്വം അവകാശപ്പെടുകയും ചെയ്യുമ്പോഴാണ് സ്ത്രീ അസ്വാതന്ത്ര്യം അനുഭവിക്കുന്നത്.

സ്ത്രീയും പുരുഷനും രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങളാണ്. അവരുടെ കഴിവുകൾ വ്യത്യസ്തമാണ്. അവരുടെ മാനസികവും ശാരീരികവുമായ അവസ്ഥകളും ഭിന്നമാണ്. സ്ത്രീയുടെയും പുരുഷന്റെയും പ്രകൃതിപരമായ സവിശേഷതകളിലെയും അവരുടെ ജനിതക സ്വഭാവങ്ങളിലെയും വൈരുധ്യങ്ങളും വൈജാത്യങ്ങളും പൊതുവിൽ എല്ലാവരും അംഗീകരിക്കുന്നുണ്ട്. അതുകൊണ്ടാണല്ലോ സ്ത്രീ സുരക്ഷയെകുറിച്ചു ചർച്ച ചെയ്യുകയും പുരുഷ സുരക്ഷ ചർച്ച ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്നത്. പുരുഷ പീഡനമെന്ന വാക്ക് കേൾക്കാൻ കഴിയാത്തതും സ്ത്രീപീഡനം നിത്യേന വാർത്തകളായി നമ്മുടെ മുമ്പിലെത്തുന്നതും അതുകൊണ്ടാണ്. പുരുഷന്റെയും സ്ത്രീയുടെയും ഭിന്നമായ ഈ പ്രകൃതിഗുണങ്ങൾ പരിഗണിക്കാതെയുള്ള ചർച്ചകൾ അപ്രസക്തമാണ്. പ്രകൃതിനിയമങ്ങൾക്കതീതമായ സ്വാതന്ത്ര്യം അസാധ്യമാണ് എന്നത് ഒരു ശാസ്ത്ര വസ്തുതയാണ്. ഒരു മനുഷ്യൻ പറക്കണമെന്നാഗ്രഹിച്ചിട്ട് കാര്യമില്ല. അത് മനുഷ്യന്റെ പ്രകൃതിക്ക് വിരുദ്ധമായതിനാൽ തന്നെ അത് അസാധ്യമാണ്. അതിനവന് സ്വാതന്ത്ര്യമില്ല. സ്ത്രീക്ക് സ്രഷ്ടാവ് നൽകിയിട്ടുള്ള സൃഷ്ടിപരവും പ്രകൃതിപരവുമായ സവിശേഷതകൾ കാരണം അവളുടെ സ്വാതന്ത്ര്യത്തിനു ചില പരിമിതികളുണ്ട് എന്ന വസ്തുത മറച്ചുവെച്ചുകൊണ്ട് എത്രതന്നെ സ്ത്രീസ്വാതന്ത്ര്യത്തെ കുറിച്ച് ചർച്ച ചെയ്തിട്ടും കാര്യമില്ല.

ഇവിടെയാണ് സ്ത്രീ ബഹുമാനിക്കപ്പെടേണ്ടവളും സംരക്ഷിക്കപ്പെടേണ്ടവളുമാണെന്ന വസ്തുത ബോധ്യപ്പെടുന്നത്.

**ഒരു ഗിരിപ്രഭാഷണം കൊണ്ടോ ഉപദേശം കൊണ്ടോ ഒരാളെയും മദ്യത്തിൽ നിന്നും കരകയറ്റാൻ സാധിക്കില്ല. അചഞ്ചലമായ ദൈവവിശ്വാസവും പരലോകബോധവും രക്ഷാശിക്ഷകളെ കുറിച്ചുള്ള തിരിച്ചറിവുമൊക്കെ മനസ്സിൽ രൂപപ്പെട്ടു വന്നുകഴിഞ്ഞാൽ മാത്രമേ തിന്മകളിൽ നിന്നും മാറി നിൽക്കാനുള്ള തീരുമാനമെടുക്കാൻ ഏതൊരാൾക്കും സാധിക്കൂ. വ്യവസ്ഥിതി മാറ്റത്തിലൂടെയോ നിയമങ്ങൾ അടിച്ചേൽപ്പിച്ചതുകൊണ്ടോ പരിഹാരമുണ്ടാവില്ല.**

സ്ത്രീക്കും പുരുഷനും ഒരുപോലെയുള്ള സ്വാതന്ത്ര്യവും സമത്വവും വേണമെന്ന് വാദിക്കുന്നവരും ഫെമിനിസ്റ്റുകളും ഈ വസ്തുതക്ക് നേരെ കണ്ണടയ്ക്കുകയാണ്. ചലച്ചിത്ര നടി ആക്രമിക്കപ്പെട്ട ശേഷം സിനിമാ സംഘടന എടുത്ത തീരുമാനം സ്ത്രീയുടെ സൃഷ്ടിപരമായ ഈ പരിമിതിയെ ബോധ്യപ്പെടുത്തുന്നതാണ്. ഇനി മേലിൽ ഒരു നടിയും ഒറ്റക്ക് യാത്ര ചെയ്യരുതെന്നും അവളുടെ കൂടെ അവളെ സംരക്ഷിക്കാൻ ആവശ്യമായ രക്ഷകർത്താക്കൾ അനിവാര്യമാണെന്നും അവർ പറയുകയുണ്ടായി. ഇത്രയെങ്കിലും അവർ പറഞ്ഞതിൽ അൽപമെങ്കിലും നമുക്ക് ആശ്വസിക്കാം. എന്നാൽ കേവലം കൂടെ ഒരാളുള്ളത് കൊണ്ട് മാത്രം കഴുകക്കണ്ണുകളിൽ നിന്നും അവരുടെ ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടാൻ സാധ്യമല്ല. സ്ത്രീ സുരക്ഷക്ക് ആവശ്യമായ ഘടകങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഘടകമാണ് വസ്ത്രവും വസ്ത്രധാരണരീതിയും. കേരളീയ സമൂഹത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ താഴ്ന്ന വിഭാഗങ്ങൾക്ക് മാറ് മറക്കാൻ അനുമതിയില്ലായിരുന്നുവെന്ന ദുഃസ്ഥിതി കഴിഞ്ഞുപോയിട്ടുണ്ട് എന്ന കാര്യം മാറ്റിനിർത്തിയാൽ പൊതുവിൽ മാന്യമായ വസ്ത്രം ധരിക്കണമെന്ന കാഴ്ചപ്പാടുള്ളവരായിരുന്നു കേരളീയർ എന്ന് കാണാം. വിവിധ മതവിശ്വാസികൾക്ക് അവരുടേതായ വസ്ത്രരീതികളൊക്കെ ഉണ്ടെങ്കിലും പാശ്ചാത്യ വസ്ത്രരീതികളോട് പുറം തിരിഞ്ഞു നിന്നിരുന്ന ഒരു കാലം കേരളത്തിനുണ്ടായിരുന്നു. പക്ഷേ, കോർപ്പറേറ്റുകളും മീഡിയകളും സിനിമാമേഖലയും നാടിന്റെ സാംസ്കാരിക മണ്ഡലങ്ങളിലും കുടുംബങ്ങളിലും വലിയ സ്വാധീനം ചെലുത്തിത്തുടങ്ങിയപ്പോൾ പാശ്ചാത്യന്റെ മുഴുവൻ സംസ്കാരങ്ങളും മലയാളിക്ക് ഇന്ന് പഥ്യമായി. ശരീരം മുഴുവൻ മറയുന്ന പർദയും മഫ്തയുമെല്ലാം ചൂഷണത്തിന്റെ പ്രതീകങ്ങളാണെന്ന തെറ്റായ ധാരണയും ഇറുക്കമുള്ളതും ഇറക്കമില്ലാത്തതുമായ വസ്ത്രങ്ങളാണ് അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും അടയാളങ്ങളെന്ന മിഥ്യാസങ്കൽപവും സമൂഹത്തിൽ വ്യാപിച്ചിരിക്കുകയാണ്.

തന്റെ അന്തസ്സും അഭിമാനവും എപ്രകാരമാണ് സംരക്ഷിക്കപ്പെടേണ്ടതെന്ന സ്രഷ്ടാവിന്റെ നിർദേശം മനുഷ്യൻ മനസ്സിലാക്കേണ്ടതുണ്ട്. തിരിച്ചറിയപ്പെടാനും ശല്യം ചെയ്യപ്പെടാതിരിക്കാനും സ്ത്രീകൾക്ക് നല്ലത് ശരീരം പൂർണമായും മറയുന്ന മൂടുപടമാണ് എന്ന ക്വുർആനിന്റെ നിർദേശം(33:59) പ്രസക്തമാകുന്നത് ഇവി

ടെയാണ്. പതിവ്രതകളായി നടക്കണമെന്നാഗ്രഹിക്കുന്ന, മൂല്യങ്ങളിൽ വിശ്വസിക്കുന്ന, സംരക്ഷിക്കപ്പെടണമെന്ന് ആശിക്കുന്ന സ്ത്രീകൾക്ക് വേണ്ടിയാണ് ക്വുർആൻ ഈ ആഹ്വാനം നടത്തുന്നത്.

സ്ത്രീസുരക്ഷയിലെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു ഘടകമാണ് സാഹചര്യം. യാത്രക്കിടയിലും തൊഴിൽ സ്ഥലങ്ങളിലും എന്തിനേറെ സ്വന്തം വീടുകളിൽ പോലും സ്ത്രീകൾ പീഡനങ്ങൾക്ക് വിധേയമാവുന്ന വാർത്തകൾക്ക് യാതൊരു കുറവുമില്ല. സൗമ്യയുടെയും ജിഷയുടെയും കൊലപാതകങ്ങൾ കേരളീയ മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച സംഭവങ്ങളാണ്. നിയമങ്ങൾക്കോ പൊലീസുകാർക്കോ ജഡ്ജിമാർക്കോ എന്തെങ്കിലും ചെയ്യാൻ സാധിച്ചുവോ? സംഭവങ്ങൾ കഴിഞ്ഞ ശേഷം അതിന്റെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾ നടത്തി അതിന്റെ പേരിലുള്ള അപസർപ്പക കഥകൾ പ്രചരിപ്പിച്ചത് കൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമാവില്ല. 'നിർഭയ' പോലെയുള്ള പദ്ധതികൾ കൊണ്ടോ പിങ്ക് പട്രോളിംഗ് കൊണ്ടോ 'പീപ്പി' വിളിക്കാൻ പറഞ്ഞത്കൊണ്ടോ അതിക്രമങ്ങൾ പൂർണമായും തടയാൻ സാധിക്കില്ല. നിയമങ്ങൾ എത്ര ശക്തമാക്കിയാലും അതിൽ നിന്ന് രക്ഷപ്പെടാനുള്ള പഴുതുകൾ ധാരാളമാണ്. 'ഗോവിന്ദച്ചാമിമാർ' ഇപ്പോഴും വിലസിക്കൊണ്ടിരിക്കുന്നു. സ്ത്രീ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്നവർ അതിനുള്ള സാഹചര്യം ഒരുക്കുകയാണ് വേണ്ടത്. ക്യാംപസുകളിൽ ശക്തമായ ബോധവൽക്കരണം അനിവാര്യമാണ്.

ഏതാനും വർഷം മുമ്പ് ഡോ: രജിത്കുമാർ തിരുവനന്തപുരം വിമൻസ് കോളേജിൽ വന്ന് പ്രഭാഷണം നടത്തിയപ്പോൾ പെൺകുട്ടികൾക്ക് ചില ഉപദേശങ്ങൾ നൽകിയിരുന്നു. അദ്ദേഹത്തിന്റെ സാരോപദേശങ്ങൾക്കെതിരെ പ്രതിഷേധിച്ചു കൊണ്ട് കൂവി പുറത്തുപോയ പെൺകുട്ടിക്ക് മീഡിയകൾ ഒരു 'ഹീറോയിൻ' പരിവേഷമാണ് നൽകിയത്. പെൺകുട്ടികൾ മാന്യമായ വസ്ത്രം ധരിക്കണമെന്ന് പറഞ്ഞ യേശുദാസിനെ പരിഹസിക്കാനാണ് സാംസ്കാരിക പ്രമുഖരെന്നു അറിയപ്പെടുന്നവർ പോലും ശ്രമിച്ചത്. 'സദാചാര ഗുണ്ടായിസത്തെ' നേരിടാനെന്ന പേരിൽ ചുംബനസമരമെന്ന ആഭാസം നടത്തിയവർക്ക് വമ്പിച്ച പ്രോത്സാഹനം നൽകാൻ നമ്മുടെ മീഡിയകൾ മറന്നില്ല. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇടകലർന്നിരിക്കാൻ സ്വാതന്ത്ര്യം വേണമെന്ന് പറഞ്ഞുകൊണ്ട് കോഴിക്കോട് ഫാറൂഖ് കോളേജിൽ സമരം നയിക്കാൻ മുഖ്യധാരാ വിദ്യാർഥി സംഘടനകൾ പോലും തയ്യാറായി. അതിരുവിട്ട സ്ത്രീ പുരുഷ ബന്ധങ്ങൾ വഴി കുടുംബങ്ങളിലും സമൂഹങ്ങളിലുമുണ്ടാവുന്ന അസ്വാരസ്യങ്ങളും വിവാഹമോചനങ്ങളും ആത്മഹത്യകളും അവിഹിത ഗർഭങ്ങളുമുയർത്തുന്ന സാമൂഹിക പ്രശനങ്ങൾ വേറെ. ഒരു സ്ത്രീയെയും പുരുഷനെയും ഒരുമിച്ച് കാണുമ്പോൾ അവരാരാണെന്നു പോലും അന്വേഷിക്കാതെ അവർക്കെതിരെ സദാചാര കാഹളം മുഴക്കുന്ന കപട സദാചാരത്തിന്റെ വക്താക്കളുണ്ടാക്കുന്ന പ്രശ്നങ്ങൾ മറ്റൊന്ന്. നിയമങ്ങളും മീഡിയ ചർച്ചകളൊന്നുമല്ല ഇതിനുള്ള യഥാർഥ പരിഹാരം. സ്ത്രീസുരക്ഷക്ക് വിരുദ്ധമാവുന്ന കാര്യങ്ങളെ വഴിവിട്ട് പ്രോത്സാഹിപ്പിക്കുകയും പീഡനങ്ങൾ ഉണ്ടാവാനുള്ള എല്ലാ സാഹചര്യങ്ങളും നിലനിർത്തുകയും അപകടങ്ങൾ ഉണ്ടാവുമ്പോൾ മാത്രം നിലവിളിക്കുകയും ചെയ്യുന്ന രീതി അവസാനിപ്പിച്ച് സ്ത്രീകൾ ആക്രമിക്കപ്പെടാതിരിക്കാനുള്ള സാഹചര്യം ഉണ്ടാക്കുവാനാണ് യത്നിക്കേണ്ടത്. നിയമം വഴി മാത്രം പരിഹാരം കാണാൻ ശ്രമിക്കുന്ന ഇരുട്ടിൽ തപ്പുന്ന നിലപാടാണ് നമ്മുടെ സമൂഹം സ്വീകരിച്ചു വരുന്നത്.




മാതൃകാപരമായ ഒരു സ്ത്രീസമൂഹത്തെ സൃഷ്ടിക്കണമെങ്കിൽ സ്ത്രീ ആദരിക്കപ്പെടേണ്ടവളാണെന്ന ബോധം വളർത്തിയെടുക്കേണ്ടതുണ്ട്. അറബ് നാടുകളിൽ സ്ത്രീകൾ വിളിക്കപ്പെടുന്നത് പോലും 'ഹുർമ' എന്നാണ്. ആദരിക്കപ്പെടുന്നവൾ എന്നാണതിനർഥം. സ്ത്രീ ആദരിക്കപ്പെടണമെങ്കിൽ അവളുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും വസ്ത്രധാരണത്തിലും സംസ്കാരത്തിലും സ്വയം മാറ്റങ്ങൾ വരുത്താൻ അവൾ തയ്യാറാവണം. മാന്യമായ വേഷം ധരിക്കുകയും അസഭ്യങ്ങളിൽ നിന്നും ആഭാസങ്ങളിൽ നിന്നും മുക്തമാവുകയും ദീർഘദൂരം സഞ്ചരിക്കുമ്പോൾ ഭർത്താവിന്റെയോ രക്തബന്ധുക്കളുടെയോ കൂടെ മാത്രം യാത്ര ചെയ്യാൻ ശ്രമിക്കുകയും ചെയ്യുകയാണ് വേണ്ടത്. എല്ലാറ്റിലുമുപരി ഭക്തിയും സൂക്ഷ്മതയും സദാ കൂടെ കരുതുകയും തന്റെ നാഥന്റെ സംരക്ഷണം തനിക്കുണ്ടെന്ന ആത്മധൈര്യം മനസ്സിൽ സൂക്ഷിക്കുകയും ചെയ്യുക. സ്ത്രീകളെ നാം ആദരിക്കുക; അവൾക്കാവശ്യമായ സുരക്ഷ ഒരുക്കുകയും ചെയ്യുക.

ശമീർ മദീനി
shameermadeeni@gmail.com

ശാന്തിയിലേക്കുള്ള പാത: 2



# മനസ്സ് ശാന്തമാവാൻ...

**"അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (വിശുദ്ധ ക്വുർആൻ 13:28).**

**നിരാശയകറ്റുക**

രോഗം, ദാരിദ്ര്യം, ആഗ്രഹിച്ചതുപോലെ കാര്യങ്ങൾ നടക്കാതിരിക്കുക; ഇവകൊണ്ടൊക്കെ നിരാശപ്പെടുന്ന മനുഷ്യൻ സർവശക്തനായ അല്ലാഹുവിൽ വേണ്ടവിധത്തിൽ വിശ്വാസമർപ്പിക്കാത്തവനാണ്.വിശുദ്ധ ക്വുർആൻ പറയുന്നു:

"...അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനങ്ങളല്ലാതെ അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിരാശപ്പെടുകയില്ല, തീർച്ച" (12:87).

യഥാർഥ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ ഈ ജീവിതത്തിന്റെ അർഥവും ലക്ഷ്യവും ഗ്രഹിച്ചവനായിരിക്കും. ഈ ലോകത്തനുഭവിക്കുന്ന ചെറിയ പ്രയാസങ്ങൾപോലും അല്ലാഹുവിന്റെ പരീക്ഷണമാണെന്ന് തിരിച്ചറിയാനും അതിൽ സഹിക്കാനും ക്ഷമിക്കാനും തയാറായാൽ കാരുണ്യവാനായ അല്ലാഹുവിന്റെ സാമീപ്യവും പാപമോചനവും നേടാൻ സാധിക്കുമെന്നും അവൻ മനസ്സിലാക്കിയിട്ടുണ്ട്. തന്റെ ദുരിതങ്ങളും പ്രയാസങ്ങളും അകറ്റാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല എന്നും ഏതു സമയത്തും അവനതിന് മാറ്റം വരുത്താൻ കഴിയുമെന്നും വിശ്വാസിയുടെ മനസ്സ് പറയും. യുദ്ധരംഗത്ത് പോലും വിശ്വാസികൾക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്ന ഒന്നാണിത്. ക്വുർആൻ പറയുന്നു:

"ശത്രുജനതയെ തേടിപ്പിടിക്കുന്ന കാര്യത്തിൽ നിങ്ങൾ ദൗർബല്യം കാണിക്കരുത്. നിങ്ങൾ വേദന അനുഭവിക്കുന്നുണ്ടെങ്കിൽ, നിങ്ങൾ വേദന അനുഭവിക്കുന്നത് പോലെ തന്നെ അവരും വേദന അനുഭവിക്കുന്നുണ്ട്. നിങ്ങളാകട്ടെ അവർക്ക് പ്രതീക്ഷിക്കാനില്ലാത്തത് (അനുഗ്രഹം) അല്ലാഹുവിങ്കൽ നിന്ന് പ്രതീക്ഷിക്കുന്നുമുണ്ട്. അല്ലാഹു അറിവുള്ളവനും യുക്തി

യുള്ളവനുമാകുന്നു" (4:104).

റബ്ബിലുള്ള പ്രതീക്ഷ അവനെ നിരാശയിൽ നിന്നും രക്ഷപ്പെടുത്തും. എത്ര ചെലവഴിച്ചാലും തീർന്നുപോകാത്ത, വിശാലമായ, നിറഞ്ഞ ഖജനാവുകളുടെ ഉടമയാണ് അല്ലാഹുവെന്നും അവനാണ് തന്റെ രക്ഷകനും ദൈവവും എന്ന് തിരിച്ചറിയുമ്പോൾ മനുഷ്യന് നിരാശപ്പെടേണ്ടിവരില്ല. നബിﷺ പറയുന്നു:

"അല്ലാഹുവിന്റെ കൈ സമ്പന്നമാണ്. ചെലവഴിക്കൽ അതിൽ കുറവുവരുത്തുകയില്ല. രാപകലില്ലാതെ ചെലവഴിക്കുന്ന അത്യുദാരനാണവൻ. ആകാശഭൂമികളുടെ സൃഷ്ടിപ്പ് മുതൽ അവൻ ചെലവഴിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിച്ചുനോക്കൂ. തീർച്ചയായും അതൊന്നും അവന്റെ കരത്തെ ശൂന്യമാക്കിയിട്ടില്ല" (ബുഖാരി, മുസ്‌ലിം).

**അല്ലാഹുവിൽ ഭരമേൽപിക്കുക**

നമുക്ക് ചെയ്യാനാവുന്നത് നാം ചെയ്യുക. പരമാവധി പരിശ്രമിച്ച ശേഷം ബാക്കി ദൈവത്തിൽ ഭരമേൽപിച്ച് മുന്നിട്ടിറങ്ങുക. തന്റെ കഴിവുകേടുകളോർത്ത് ഭയന്ന് ഒന്നിലേക്കും ഇറങ്ങാതെ മാറിനിൽക്കുന്നതും ഒന്നും ചെയ്യാതെ എല്ലാം ദൈവം ശരിയാക്കികൊള്ളുമെന്ന് കരുതുന്നതും തികഞ്ഞ അജ്ഞതയും വിഡ്ഢിത്തവുമാണ്.

നബിﷺ പറയുന്നു: "നിങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കേണ്ടവിധം ഭരമേൽപിച്ചാൽ പക്ഷികൾക്ക് അല്ലാഹു ഉപജീവനം നൽകുന്നതുപോലെ നിങ്ങൾക്കും നൽകുന്നതാണ്. അവ രാവിലെ ഒട്ടിയ വയറുമായി കൂടുവിട്ടുപോകുന്നു. നിറഞ്ഞ വയറുമായി മടങ്ങിവരികയും ചെയ്യുന്നു" (അഹ്മദ്, തിർമിദി). പക്ഷികൾ അല്ലാഹുവിൽ ഭരമേൽപിച്ച് കൂട്ടിൽ ഇരിക്കുകയല്ല പ്രത്യുത ഇരതേടിപുറപ്പെടുകയാണ് എന്ന യാഥാർഥ്യം വിസ്മരിച്ചുകൂടാ.

സർവശക്തനായ അല്ലാഹുവിനെ ആശ്രയിച്ച്, അവന്റെ കരങ്ങളിൽ സർവവും അർപ്പിച്ച്, തനിക്കു ചെയ്യാനാവുന്നതൊക്കെ താൻ ചെയ്തു എന്ന് ഒരു വിശ്വാസിക്ക് നിർവൃതിയടയാൻ സാധിച്ചാൽ അത് വല്ലാത്ത സ്വസ്ഥതയും ആശ്വാസവുമായിരിക്കും നൽകുക. നേരെ മറിച്ചായിരിക്കും സ്വന്തം കഴിവിൽ അമിത പ്രതീക്ഷയർപ്പിച്ച് അഹന്തയോടെ നടക്കുന്നവനും ഒന്നും ചെയ്യാതെ എല്ലാം ദൈവത്തിലേൽപിച്ച് നിഷ്ക്രിയനാവുന്നവനും അനുഭവപ്പെടുക. അല്ലാഹു പറയുന്നു:

**"വിശ്വാസിയുടെ കാര്യം ആശ്ചര്യകരംതന്നെ! അവന്റെ എല്ലാകാര്യങ്ങളും അവന് നന്മയാണ്. വിശ്വാസികൾക്കല്ലാത്ത മറ്റാർക്കും അതുണ്ടാവുകയില്ല. സന്തോഷകരമായ വല്ലതുമാണ് അവനുണ്ടായതെങ്കിൽ അതിന്റെ പേരിൽ അവൻ അല്ലാഹുവിനെ സ്തുതിക്കും. അതവന് ഗുണകരമാണ്. ഇനി വല്ല ദുരിതവുമാണ് അവന് നേരിട്ടതെങ്കിൽ അവൻ ക്ഷമിക്കും. അതുമവന് ഗുണകരമാണ്" (മുസ്‌ലിം)**

"...വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്" (65:3).

**ദൈവവിധിയിൽ വിശ്വാസമർപ്പിക്കുക**

ചിലപ്പോൾ നാം വിചാരിച്ചതിലും മെച്ചപ്പെട്ടരീതിയിൽ നേട്ടങ്ങളുണ്ടാവാറുണ്ട്. അതിൽ അമിതമായി ആഹ്ലാദിക്കുകയോ തന്റെ മിടുക്കുകൊണ്ട്മാത്രം നേടാനായതായി വിലയിരുത്തുകയോ ചെയ്യാതെ ദൈവാനുഗ്രഹവും ഒരു പരീക്ഷണവുമായി അതിനെ കണ്ടുകൊണ്ട് അല്ലാഹുവിനെ സ്തുതിക്കുകയാണ് ചെയ്യേണ്ടത്. മറ്റുചിലപ്പോൾ നമ്മെ അങ്ങേയറ്റം സങ്കടപ്പെടുത്തുന്ന അനുഭവങ്ങളുണ്ടായേക്കാം. ആ നാശനഷ്ടങ്ങളിൽ നിരാശരാകാതെ ദൈവവിധിയിൽ സമാശ്വസിക്കുകയാണ് ചെയ്യേണ്ടത്.

"ശ്ശെ, അങ്ങനെ വേണ്ടായിരുന്നു. ഇങ്ങനെയായിരുന്നെങ്കിൽ കൂടുതൽ നേട്ടമുണ്ടാക്കാമായിരുന്നു..." തുടങ്ങിയ വിചാരങ്ങൾ സങ്കടങ്ങളിലേക്കും നിരാശയിലേക്കുമായിരിക്കും നയിക്കുന്നത്. എല്ലാം അല്ലാഹുവിന്റെ തീരുമാനമനുസരിച്ചാണ് നടക്കുക. അതിനാൽ നേട്ടങ്ങളിൽ അമിതമായി ആഹ്ലാദിക്കുവാനോ നഷ്ടങ്ങളിൽ അഗാധമായി ദുഃഖിക്കാനോ പാടില്ല. രണ്ടായാലും ദൈവത്തിന്റെ പരീക്ഷണമാണ്. അതുരണ്ടും ഒരുപോലെ വിശ്വാസികൾക്ക് ഗുണകരമാക്കാമെന്നാണ് നബിﷺ പഠിപ്പിച്ചത്. അവിടുന്ന് പറഞ്ഞു:

"വിശ്വാസിയുടെ കാര്യം ആശ്ചര്യകരംതന്നെ! അവന്റെ എല്ലാകാര്യങ്ങളും അവന് നന്മയാണ്. വിശ്വാസികൾക്കല്ലാത്ത മറ്റാർ ക്കും അതുണ്ടാവുകയില്ല. സന്തോഷകരമായ വല്ലതുമാണ് അവനുണ്ടായതെങ്കിൽ അതിന്റെ പേരിൽ അവൻ അല്ലാഹുവിനെ സ്തുതിക്കും. അതവന് ഗുണകരമാണ്. ഇനി വല്ല ദുരിതവുമാണ് അവന് നേരിട്ടതെങ്കിൽ അവൻ ക്ഷമിക്കും. അതുമവന് ഗുണകരമാണ്" (മുസ്‌ലിം).

ക്വുർആൻ പറയുന്നു: "ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടുകഴിഞ്ഞതായിട്ട

**നമുക്ക് ചെയ്യാനാവുന്നത് നാം ചെയ്യുക. പരമാവധി പരിശ്രമിച്ച ശേഷം ബാക്കി ദൈവത്തിൽ ഭരമേൽപിച്ച് മുന്നിട്ടിറങ്ങുക. തന്റെ കഴിവുകേടുകളോർത്ത് ഭയന്ന് ഒന്നിലേക്കും ഇറങ്ങാതെ മാറിനിൽക്കുന്നതും ഒന്നും ചെയ്യാതെ എല്ലാം ദൈവം ശരിയാക്കികൊള്ളുമെന്ന് കരുതുന്നതും തികഞ്ഞ അജ്ഞതയും വിഡ്ഢിത്തവുമാണ്.**

ല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാം ചെയ്തത്,) നിങ്ങൾക്കു നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും, നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ (അമിതമായി) ആഹ്ലാദി ക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല" (57:22,23).

നബിﷺപറയുന്നു: "ദുർബലനായ വിശ്വാസിയെക്കാൾ അല്ലാഹുവിന് കൂടുതൽ ഇഷ്ടവും ഉത്തമവും ശക്തനായ വിശ്വാസിയാണ്. എല്ലാവരിലും നന്മയുണ്ട്. നിനക്കുപകാരമുള്ളതിൽ നീ ശ്രദ്ധ ചെലുത്തുകയും അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യുക. നീ അശക്തനാവരുത്. നിനക്ക് വല്ല(വിപത്തും) ബാധിച്ചാൽ 'ഇന്നിന്ന പോലെയെല്ലാം ഞാൻ പ്രവർത്തിച്ചിരുന്നെങ്കിൽ ഇന്നിന്ന പോലെയെല്ലാമാകുമായിരുന്നേനെ' എന്ന് നീ പറയരുത്. മറിച്ച് നീ ഇങ്ങനെ പറയുക: 'അല്ലാഹു നിശ്ചയിച്ചതാണ്. അവനുദ്ദേശിക്കുന്നത് അവൻ ചെയ്യുന്നു'. 'എങ്കിൽ' എന്നത് പിശാചിന്റെ പ്രവർത്തനങ്ങൾക്ക് വഴി തുറക്കുന്നതാണ്" (മുസ്‌ലിം).

ഒരിക്കൽ നബിﷺ തന്റെ ശിഷ്യനായ ഇബ്നുഅബ്ബാസി(റ)നെ ഉപദേശിച്ച കൂട്ടത്തിൽ ഇപ്രകാരം പറഞ്ഞു:

"നീ അറിയുക. ഭൂലോകത്തെ മനുഷ്യരഖിലവും ജിന്നുവർഗവും ഒരുമിച്ച് ചേർന്നാൽ പോലും അല്ലാഹു നിനക്ക് നിശ്ചയിച്ചതല്ലാത്ത ഒരു നേട്ടം നേടിത്തരാൻ അവർക്ക് സാധിക്കുകയില്ല. അപ്രകാരം തന്നെ അവരൊന്നടങ്കം സംഘടിച്ച് നിനക്ക് വല്ല ഉപദ്രവം വരുത്താൻ ശ്രമിച്ചാലും അല്ലാഹു കണക്കാക്കിയതല്ലാത്ത ഒരു ഉപദ്രവവും നിനക്കേ ൽപിക്കുവാൻ അവർക്ക് സാധ്യമല്ല" (അഹ്മദ്, തിർമിദി).

### പ്രാർഥനയും സൽകർമങ്ങളും ശീലിക്കുക

സൽകർമങ്ങൾ മനസ്സിന് ശാന്തത പകരുമ്പോൾ ദുഷ്കർമങ്ങൾ അസ്വസ്ഥതയാണ് സമ്മാനിക്കുന്നത്. അല്ലാഹുവിനോടുള്ള പ്രാർഥനയും സ്മരണയും മനസ്സിന് ശക്തിയും സമാധാനവും ധൈര്യവും പകരുന്നതാണ്. സർവശക്തന്റെ സംരക്ഷണം സുരക്ഷിതബോധമുണ്ടാക്കുമ്പോൾ ദുർബലരായ സൃഷ്ടികളെ ആശ്രയിക്കുന്നവർക്ക് അത് നേടാനാവുകയില്ല. പ്രത്യുത അരക്ഷിതത്വമായിരിക്കും പലപ്പോഴുമുണ്ടാവുക.

അല്ലാഹു പറയുന്നു:"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ" (22:73).

സൽകർമികൾക്ക് ഈലോകത്തും പരലോകത്തും ആനന്ദകരമായ നല്ല ജീവിതമാണുണ്ടാവുക. ക്വുർആൻ പറയുന്നു:

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും" (16:97).

സങ്കടങ്ങൾ സൃഷ്ടികളോട് പറയുന്നതിനെക്കാൾ സമാശ്വാസവും സമാധാനവും ലഭിക്കുക സർവശക്തനായ സ്രഷ്ടാവിനോട് പറയുമ്പോഴായിരിക്കും. അവന്റെ അനുഗ്രഹങ്ങളും ശക്തി മാഹാത്മ്യങ്ങളും അനുസ്മരിക്കുമ്പോൾ മനസ്സിന് സമാധാനം നേടി ടെൻഷനുകള കറ്റുവാൻ സാധിക്കുന്നതാണ്.

അല്ലാഹു പറയുന്നു: "അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായി ത്തീരുന്നത്" (13:28).

പൊതുവെ പ്രാർഥനകൾ ശാന്തിദായകങ്ങളാണെങ്കിലും ദുഃഖങ്ങളും ദുരിതങ്ങളും ഇല്ലാതാകാൻ നിരന്തരം പ്രാർഥിക്കേണ്ടതുണ്ട്. മുഹമ്മദ് നബിﷺ നിരന്തരം പ്രാർഥിച്ചിരുന്ന ഒരു പ്രാർഥനയായി അനസ്ബ്നു മാലിക്(റ) പറയുന്നു:

"അല്ലാഹുവേ, ദുഃഖത്തിൽനിന്നും മനഃക്ലേശത്തിൽ നിന്നും കടബാധ്യതയിൽനിന്നും ശത്രുക്കളുടെ വിജയത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു" (അബൂദാവൂദ്. ഇതിനുസമാനമായ റിപ്പോർട്ട് ബുഖാരിയിലും മുസ്‌ലിമിലും കാണാം). ●

അബൂ റാഷിദ
usmanpalakkazhi@gmail.com

തിരുമൊഴി

**"അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "വിശ്വാസികളിൽ വിശ്വാസം പൂർത്തിയായവനും ഏറ്റവും നല്ല സൽസ്വഭാവിയും ഏറ്റവും ഉത്തമനും തങ്ങളുടെ ഭാര്യമാരോട് നല്ലനിലയിൽ വർത്തിക്കുന്നവനാണ്" (തുർമുദി)**

# ഇണയോടുള്ള പെരുമാറ്റം

തങ്ങളുടെ ദാമ്പത്യജീവിതം സന്തോഷകരമായിത്തീരണമെന്ന് ആഗ്രഹിക്കാത്തവരായി ആരും ഉണ്ടാകില്ല. എന്നിട്ടും പലരുടെയും ദാമ്പത്യജീവിതം ദുസ്സഹവും കലഹങ്ങൾ നിറഞ്ഞതുമായിത്തീരുന്നു. ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും കൊലചെയ്ത വാർത്തകൾ പത്രങ്ങളിൽ പതിവ് വാർത്തയായി പ്രത്യക്ഷപ്പെടുന്നു. മാനസികമായും ശാരീരികമായും പീഡിപ്പിക്കപ്പെടുന്ന ഭാര്യമാരുടെ എണ്ണം അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു.

ദമ്പതികളുടെ പരസ്പര സഹകരണവും വിശ്വാസവുമാണ് ഒരു നല്ല കുടുംബത്തിൻെറ അടിത്തറ. അതിൻെറ അഭാവത്തിൽ പ്രശ്നങ്ങൾ ഉത്ഭവിക്കുക സ്വാഭാവികം. എങ്ങനെ ഒരു നല്ല ഭർത്താവാകാം? എങ്ങനെ ഒരു നല്ല ഭാര്യയാകാം? ഇസ്‌ലാം വളരെ വ്യക്തമായ മാർഗനിർദേശങ്ങൾ ഈ രംഗത്ത് നൽകുന്നുണ്ട്. ഒരു നല്ല മനുഷ്യനായിത്തീരണമെങ്കിൽ നല്ല ഭർത്താവായിത്തീരണമെന്ന് മുകളിൽ കൊടുത്ത നബിവചനം മനസ്സിലാക്കിത്തരുന്നു.

സമൂഹമധ്യെ മാന്യരും നല്ലവരുമായി അറിയപ്പെടുന്ന പലരും സ്വന്തം ഭാര്യമാരുടെയടുക്കൽ ചെന്നാൽ ക്രൂരരും മനുഷ്യത്വമില്ലാത്തവരുമായിരിക്കും. മാന്യതയുടെ മുഖംമൂടിയണിഞ്ഞവർ. സ്വന്തം ഭാര്യയോട് മാന്യമായി പെരുമാറാൻ കഴിയാത്തവന്റെ സമൂഹമധ്യത്തിലുള്ള മാന്യതയ്ക്കും സൽപേരിനും എന്തുവില?

"നിങ്ങൾ അവരോട് നല്ല നിലയിൽ പെരുമാറുക" എന്ന ഭർത്താക്കന്മാരോടുള്ള ക്വുർആനിൻെറ കൽപനയും (4:129) "സ്ത്രീ വാരിയെല്ലുപോലെയാണ്, ബലം പ്രയോഗിച്ച് നീ അവളെ നേരെയാക്കാനുദ്ദേശിക്കുന്നപക്ഷം പൊട്ടിക്കേണ്ടിവരും" എന്ന് തുടങ്ങുന്ന നബിവചനവും വിശ്വാസികളായ എല്ലാ ഭർത്താക്കന്മാരും ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീ ഏറെ ക്ഷമിക്കുന്നവളാണെങ്കിലും പല വിഷയങ്ങളിലും അക്ഷമയും മുൻകോപവും അശ്രദ്ധയും മറ്റ് കൊച്ചു കൊച്ചു അപാകതകളും സ്ത്രീസഹജമായി അവളിൽ കണ്ടേക്കാം. അതെല്ലാം പൂർണമായി മാറ്റിയെടുത്ത് താൻ ഇഷ്ടപ്പെടാത്ത ഒരു സ്വഭാവവും ഇല്ലാത്തവളായി തൻെറ ഭാര്യയെ മാറ്റാമെന്നുള്ളത് വെറും വ്യാമോഹമാണ്. അതിനുശ്രമിച്ചാൽ ബന്ധം തകർന്നുപോവുകയായിരിക്കും ഫലം. നബി(ﷺ) പറഞ്ഞു: "ഒരു സത്യവിശ്വാസി തൻെറ ഇണയെ വെറുക്കരുത്. അവളിൽ ഒരു സ്വഭാവത്തെ അവൻ വെറുക്കുന്നുവെങ്കിൽ മറ്റൊരു സ്വഭാവത്തെ തൃപ്തിപ്പെട്ടേക്കാം".

തൻെറ ചരിത്ര പ്രധാനമായ വിടവാങ്ങൽ പ്രസംഗത്തിൽ നബി(ﷺ) സ്ത്രീകളെ സംബന്ധിച്ച് ഇപ്രകാരം പറഞ്ഞു: "അറിയുക, സ്ത്രീകളെ സംബന്ധിച്ച് നന്മ നിങ്ങൾ വസ്വിയ്യത്ത് ചെയ്യണം. അവർ നിങ്ങളുടെ അടുക്കൽ ഏൽപിക്കപ്പെട്ട അമാനത്താണ് (സൂക്ഷിപ്പ് സ്വത്ത്). മറ്റൊരധികാരവും നിങ്ങൾക്കില്ല. വ്യക്തമായ അസാന്മാർഗിക നടപടി അവർ ചെയ്താലല്ലാതെ, അത് അവർ ചെയ്താൽ (പോലും വിവാഹ മോചനം ചെയ്യാതെ) കിടപ്പറയിൽനിന്ന് നിങ്ങളവരെ വെടിയുകയും പരുക്കേൽപിക്കാതെ അടിക്കുകയും ചെയ്യുക. അപ്പോൾ അവർ നിങ്ങൾക്ക് വഴിപ്പെട്ടാൽ പിന്നീട് അവർക്കെതിരിൽ മറ്റു മാർഗങ്ങൾ സ്വീകരിക്കരുത്. അറിയുക. നിശ്ചയം നിങ്ങൾക്ക് നിങ്ങളുടെ ഭാര്യമാരിൽനിന്നും ഭാര്യമാർക്ക് നിങ്ങളിൽനിന്നും ചില അവകാശങ്ങൾ ഉണ്ട്. അവരിൽനിന്ന് നിങ്ങൾക്ക് ലഭിക്കുവാനുള്ള അവകാശം നിങ്ങളുടെ വിരിപ്പ് നിങ്ങൾ ഇഷ്ടപ്പെടാത്തവരെ കൊണ്ട് ചവിട്ടിക്കാതിരിക്കുകയും നിങ്ങളുടെ ഭവനങ്ങളിലേക്ക് നിങ്ങൾ ഇഷ്ടപ്പെടാത്തവരെ പ്രവേശിപ്പിക്കാതിരിക്കുകയും ചെയ്യലാണ്. അറിയുക; നിങ്ങളിൽനിന്ന് അവർക്ക് ലഭിക്കുവാനുള്ള അവകാശങ്ങൾ വസ്ത്രത്തിലും ഭക്ഷണത്തിലും മറ്റും അവർക്ക് നന്മ ചെയ്യലാണ് (തുർമുദി 1163).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ബാലപഥം

# കണ്ണുള്ളവരുടെ കടമ



സ്കൂൾ വിട്ടാൽ സാവകാശം നടന്ന് വീട്ടിലെത്താറുള്ള ജാസിമും അനുജൻ ഫാഹിമും അന്ന് ഓടിയാണെത്തിയത്. ബാഗ് മേശപ്പുറത്തു വെച്ചുകൊണ്ട് ജാസിം ഉറക്കെ പറഞ്ഞു:

"ഉമ്മാ.... അസ്സലാമു അലൈക്കും."

"വ അലൈക്കുമുസ്സലാം.... എന്താ മക്കളേ, ഇന്ന് ഓടിക്കിതച്ചാണല്ലോ എത്തിയിരിക്കുന്നത്. എന്തുപറ്റി? നായയോ മറ്റോ പിന്നാലെ കൂടിയോ?"- ഉമ്മ.

"അതൊന്നുമല്ല ഉമ്മാ കാര്യം"- ഫാഹിമാണതു പറഞ്ഞത്.

"പിന്നെ എന്താണു കാര്യം? എന്തോ സംഭവിച്ചതുപോലുണ്ടല്ലോ"- ഉമ്മ ജിജ്ഞാസയോടെ ചോദിച്ചു.

"ഉമ്മാ അല്ലാഹു എന്നെ ഏറെ ഇഷ്ടപ്പെടുന്ന ഒരു കാര്യം ഞാൻ ചെയ്തു"- ജാസിം പറഞ്ഞു.

"ഞാനും"- ഫാഹിം കൂട്ടിച്ചേർത്തു.

"ഓ... അതുശരി. ഞാൻ പേടിച്ചുപോയി. ആകട്ടെ, എന്താണു മക്കൾ ചെയ്ത വലിയ കാര്യം?"

ജാസിം പറഞ്ഞു:

"ഞങ്ങൾ നടന്നു വരുമ്പോൾ റോട്ടിൽ കണ്ണുകാണാത്ത ഒരാളെ കണ്ടു. റോഡ് മുറിച്ചുകടക്കാനുള്ള ശ്രമത്തിലായിരുന്നു അയാൾ. എന്നാൽ വണ്ടികളൊന്നു പോയിക്കഴിഞ്ഞിട്ടു വേണ്ടേ റോഡു മുറിച്ചു കടക്കാൻ! അങ്ങോട്ടുമിങ്ങോട്ടും വണ്ടികൾ പരക്കം പായുന്നതിനാൽ അയാൾ പ്രയാസപ്പെട്ടു നിൽക്കുകയായിരുന്നു. അപ്പോൾ ഞാനയാളുടെ കൈപിടിച്ച് അപ്പുറത്തെത്തിച്ചു..."

ജാസിം പറഞ്ഞ് പൂർത്തിയാക്കും മുമ്പ് ഫാഹിം ഇടപെട്ടു:

"ഉമ്മാ, ഞാനും അയാളെ സഹായിച്ചു. ആ സാധുവായ മനുഷ്യന് എന്റെ കയ്യിലുണ്ടായിരുന്ന രണ്ടു രൂപ ഞാൻ കൊടുത്തു."

"ഫാഹിം പറഞ്ഞത് ശരിയാണുമ്മാ. അവന്റെ കയ്യിലുണ്ടായിരുന്ന് രണ്ടുരൂപ അവൻ അയാൾക്കു കൊടുത്തു. മിഠായി വാങ്ങാൻ എനിക്കു തന്നിരുന്ന രണ്ടു രൂപ ഞാനും കൊടുത്തു"- അനുജന് ഞാൻ വിട്ടു കൊടുക്കില്ല എന്ന മട്ടിൽ ജാസിം കൂട്ടിച്ചേർത്തു.

ഉമ്മ സന്തോഷത്തോടെ ചിരിച്ചുകൊണ്ട് പറഞ്ഞു : "വളരെ നന്നായി മക്കളേ, നിങ്ങൾ ചെയ്തത് വളരെ നന്നായി. എന്നാൽ നിങ്ങൾ ഒരുകാര്യം കൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ കൂടുതൽ നന്നായിരുന്നു."

"അതെന്താണുമ്മാ...?" രണ്ടുപേരും ഒന്നിച്ചാണതു ചോദിച്ചത്.

"ഒരാളെ സഹായിച്ചാൽ അത് മറച്ചുവെക്കുന്നതാണ് കൂടുതൽ ഉചിതം. ഖലീഫ ഉമർ(റ) തന്റെ പ്രജകളുടെ സ്ഥിതിഗതികൾ കണ്ടറിയാനായി താൻ ആരാണെന്നറിയാതിരിക്കാൻ രാത്രിയിൽ വേഷംമാറി ചുറ്റിസഞ്ചരിച്ചിരുന്നതും കഷ്ടപ്പെടുന്നവരെ സഹായിച്ചിരുന്നതും നിങ്ങൾ കേട്ടിട്ടില്ലേ? അല്ലാഹുവിന്റെ പ്രതിഫലം മാത്രം ആഗ്രഹിച്ചുകൊണ്ട് തങ്ങളാൽ കഴിയുന്ന സഹായങ്ങൾ അന്യർക്ക് ചെയ്തുകൊടുക്കുക. ചെയ്ത സഹായങ്ങൾ പരസ്യപ്പെടുത്താതിരിക്കുക. അതാണ് കൂടുതൽ പുണ്യകരം. ഏതായാലും നിങ്ങൾ ചെയ്തത് ഉമ്മാക്ക് ഇഷ്ടമായി. അല്ലാഹു നിങ്ങളുടെ സൽപ്രവൃത്തിക്ക് തക്കതായ പ്രതിഫലം തരട്ടെ..."

"ആമീൻ"- ജാസിമും ഫാഹിമും ഒപ്പം പറഞ്ഞു.

"കർമങ്ങൾ സ്വീകരിക്കപ്പെടുക നിയ്യത്തനുസരിച്ചാണെന്നും ജനങ്ങളെ കാണിക്കാനായി സൽകർമങ്ങൾ ചെയ്താൽ അത് ശിക്ഷാർഹമാണെന്നും നബി(സ) പറഞ്ഞതായി ഞങ്ങൾ പഠിച്ചിട്ടുണ്ട്. ഞങ്ങൾ അന്ധനെ സഹായിച്ചത് ഉമ്മാനോട് പറഞ്ഞ് തെറ്റാണോ ഉമ്മാ? ഞങ്ങൾക്ക് അല്ലാഹു പ്രതിഫലം തരില്ലേ?"- അൽപം വിഷമത്തോടെയാണ് ജാസിം ചോദിച്ചത്.

"എന്റെ മക്കൾ അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചല്ലേ സഹായം ചെയ്തത്? അതിനാൽ പ്രതിഫലം ലഭിക്കാതിരിക്കില്ല. ഒരു നന്മ ചെയ്യാനായ സന്തോഷം ഉമ്മാനെ അറിയിച്ചതും തെറ്റല്ല. എന്നാലിനി പുറത്തിറങ്ങി കണ്ടവരോടൊക്കെ ഇതു പറഞ്ഞു നടക്കാതിരുന്നാൽ മതി"- ഉമ്മ ഇരുവരെയും സമാധാനിപ്പിച്ചു.

"ഉമ്മാ... ഭയങ്കര വിശപ്പ്...'' -ഫാഹിം അടുക്കളയിലേക്കോടി. പിന്നാലെ ജാസിമും.





ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# പുഞ്ചിരി നൽകുന്ന ഊർജം

ഓഫീസിലേക്ക് പോകുമ്പോൾ ഒരു ഇടവഴി സമാനമായ പഞ്ചായത്ത് റോഡിലൂടെയുള്ള യാത്രക്കിടെ പ്രായമായ ഒരാളുടെ ഒരു പുഞ്ചിരി കിട്ടാറുണ്ട്. പല്ലുകൾ കാണാത്ത നിഷ്‌കളങ്കമായ സുസ്മിതം. വെള്ളത്തുണിയുടുത്ത, ചുമലിൽ വെളുത്ത തോർത്ത് ചുറ്റിയ ഒരു എഴുപതുകാരൻ. അടുത്തുള്ള ചായക്കടയിൽനിന്ന് 'കാലിയടിച്ച്' പത്രവായനയും കഴിഞ്ഞുള്ള വരവായിരിക്കാം. മോട്ടോർ സൈക്കിളിൽ ഹെൽമെറ്റ് ധരിച്ച് ഇരിക്കുന്ന എന്നെ അദ്ദേഹത്തിന് അറിയില്ല. മുഖം കണ്ടാലും എന്നെ അറിയാനുള്ള പരിചയമില്ല. ഒരു തലയാട്ടലോടെ ഞാനും തിരികെ ആ ചിരിക്ക് പ്രതികരിച്ച് കടന്നുപോകും. ചില ദിവസങ്ങളിൽ കണ്ടില്ലെങ്കിൽ, ഇന്നെന്തു പറ്റി അദ്ദേഹത്തിന് എന്ന് ഒരുവേള ചിന്തിക്കാറുണ്ട്

ജോലി കുറെ അകലെയായതുകൊണ്ട് പുലരിത്തണുപ്പ് വിട്ടൊഴിയുന്നതിന് മുമ്പ് തന്നെ യാത്ര തുടങ്ങും. ആദ്യ ഘട്ടം ബൈക്കിലും തുടർന്ന് ബസ്സിലും. ബൈക്ക് യാത്രയിലുടനീളം ചിരിയുടെ പൂരമായിരിക്കും മിക്കവാറും. ചിലത് ലിഫ്റ്റിനുള്ളതാവും, അല്ലെങ്കിൽ പരിചയക്കാരുടെതാവും. മദ്‌റസയിലേക്ക് പോകുന്ന കുട്ടികൾ തൊട്ട് ക്ലാസ്സ് കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്നവർ വരെ അക്കൂട്ടത്തിലുണ്ടാകും. സ്‌കൂളിലേക്ക് പോകുന്ന കൊച്ചുകുട്ടികളുടെ ഉത്സാഹഭരിതമായ ചിരിക്കും ചുരുക്കം ചിലരുടെ ചിണുങ്ങലിനും സാക്ഷിയാകാറുണ്ട്. സ്‌കൂളിൽ പോകുന്ന മുതിർന്ന കുട്ടികളെ യാത്രയാക്കാൻ വലിയവരുടെ കൂടെയെത്തുന്ന കുഞ്ഞുകുട്ടികളുടെ നിഷ്‌കപട സുസ്മിതം പുലർവേളയിൽ നമുക്ക് നൽകുന്ന ഊർജം ചെറുതല്ല.

യാത്രയയക്കാനെത്തിയ ഇത്തരം കുഞ്ഞുങ്ങളെ സ്‌കൂൾ യൂണിഫോം ധരിച്ച, താരതമ്യേന ഇത്തിരി മുതിർന്ന കുട്ടികൾ ഒക്കത്തെടുത്ത് ലാളിക്കുന്നതും ലാളിക്കാൻ മറ്റു കുട്ടികൾ മത്സരിക്കുന്നതും തിരക്ക് കൂട്ടുന്നതും ഏറെ സന്തോഷകരമായ കാഴ്ചയാണ്. സ്‌കൂളിലേക്ക് ലിഫ്റ്റ് ചോദിക്കുന്ന യൂണിഫോം ധരിച്ച ചെറിയ കുട്ടികളുടെ അപേക്ഷാമിശ്രിത ചിരിയും ഇടക്കിടെ കാണാറുണ്ട്. തിരക്കിലോ മറ്റോ നിർത്താതെ പോകേണ്ടിവരുമ്പോൾ അവരുടെ മുഖത്ത് വിരിയുന്ന വിഷമം കലർന്ന ഭാവം വല്ലാതെ അലട്ടുന്ന ഒന്നാണ്. ജോലിയുടെ സമ്മർദം നിറഞ്ഞ ഒരു പകലിന് ഈ നറു പുഞ്ചിരികൾ നൽകുന്ന ആശ്വാസവും കരുത്തും ചെറുതല്ല.

ഇന്ന് ചിരിയിൽ പോലും മതവും ജാതിയും വിഭാഗീയതയും ഇടം പിടിച്ചിരിക്കുന്നു. പുഞ്ചിരി ഒരു നന്മയാണെന്ന പ്രവാചക അധ്യാപനം ഏറെ പ്രസക്തമാണിന്ന്. ചിലരുടെ മന്ദഹാസം പോലും സ്ഥാനത്തെയും പണത്തെയും അടിസ്ഥാനമാക്കി വീതിക്കപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം.

ഒരു പകലിന്റെ അധ്വാനവും യാത്രയും കഴിഞ്ഞ് ക്ഷീണിത ദേഹവുമായി സ്വന്തം കുടുംബത്തിലെത്തുമ്പോൾ സ്വീകരിക്കാൻ, നിറഞ്ഞ ചിരിയോടെ കാത്തിരിക്കാൻ ഒരാളുണ്ടാവുകയെന്നത് എത്ര വലിയ ഭാഗ്യമാണ്. ഒരു കൊച്ചുകുട്ടിയുടെ - അത് സ്വന്തം കുഞ്ഞോ പേരക്കിടാവോ മറ്റാരോ ആകട്ടെ- നിർമല മന്ദസ്മിതം വീട്ടിലുണ്ടെങ്കിൽ അത് നൽകുന്ന പോസിറ്റീവ് എനർജി വലുതാണ്.

പുഞ്ചിരിയിൽ പിശുക്കുള്ളവരാണു നാമെങ്കിൽ നമുക്ക് ചിരിയളവു കൂട്ടാം. എന്തായാലും അതു നമുക്ക് നഷ്ടമൊന്നും വരുത്തിയേക്കില്ലല്ലോ.

ഇ.യൂസുഫ് സാഹിബ് നദ്‌വി
ynadwi@gmail.com

ലേഖനം

# അന്ധവിശ്വാസം വാഴുന്ന അകത്തളങ്ങൾ



**ചൊ**വ്വാഗ്രഹത്തിൽപോയി തിരിച്ചു വന്നാലും പ്രബുദ്ധനായ ഭാരതീയന്റെ അന്ധവിശ്വാസങ്ങൾക്ക് ഒരു നിയന്ത്രണവും ഉണ്ടാകില്ല. കോടാനുകോടികൾ ചെലവിട്ട് ബഹിരാകാശത്തേക്ക് പറത്തിവിടുന്ന റോക്കറ്റുകൾക്കും ബഹിരാകാശ വാഹനങ്ങൾക്കും പിന്നിൽ, പതിറ്റാണ്ടുകളായി കുടുംബ ജിവിതം പോലും ഉപേക്ഷിച്ച്, ഊണും ഉറക്കവുമില്ലാതെ പഠന ഗവേഷണങ്ങളിൽ ആയുസ്സ് തള്ളിനീക്കിയ മഹാമനീഷികളുടെ പ്രയത്നത്തിന്റെ കഥയാകും നമുക്ക് പറയാനുണ്ടാവുക. എന്നാൽ ഖേദകരമെന്നു പറയട്ടെ, ഇത്തരം മഹാപരിശ്രമങ്ങളെയും സമർപ്പണങ്ങളെയും നിമിഷനേരം കൊണ്ട് നിസ്സാരവൽക്കരിച്ച് അന്ധവിശ്വാസങ്ങളുടെ ആലയങ്ങളിൽ സ്വയം തളച്ചിടുന്ന പ്രവർത്തനങ്ങളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

പ്രബുദ്ധ കേരളത്തിലെ നീതിന്യായ വ്യവസ്ഥയുടെ സിരാകേന്ദ്രമായ ഹൈക്കോടതിയുടെ കെട്ടിടത്തിൽ പതിമൂന്നാം നമ്പറായി ഒരു റൂം ഇല്ലാത്തത് എന്തുകൊണ്ടാണ്? അന്ധവിശ്വാസം എത്ര പ്രബുദ്ധരായവരെയും കീഴ്പെടുത്തുമെന്നല്ലേ ഇത് വ്യക്തമാക്കുന്നത്?

അന്ധവിശ്വാസങ്ങളുടെ നിലനിൽപിനായി പൊതുഖജനാവിലെ കോടികൾ എഴുതിത്തള്ളിയാലും ആരും പ്രതികരിക്കാൻ തയ്യാറാകുന്നില്ല. മുംബൈയിൽ കടലിൽ സ്ഥാപിക്കുന്ന ശിവജിയുടെ പ്രതിമയുടെ നിർമാണചെലവ് ഏകദേശം മൂവായിരത്തി അഞ്ഞൂറ്

**പാർലമെന്റിന്റെ അകത്തളങ്ങളിൽ കുഴഞ്ഞുവീണ ഇ. അഹമ്മദിന്റെ ചേതനയറ്റ ശരീരമാണ് പുറത്തേക്ക് കൊണ്ടുപോയത് എന്ന് രാവിലെ മുതൽതന്നെ എല്ലാവരും അറിഞ്ഞു. മരണവിവരം എന്തുകൊണ്ടാണ് മറക്കപ്പെട്ടത്. പിറ്റേദിവസം ഫെബ്രുവരി ഒന്ന്! ജ്യോതിഷികളുടെ കണക്കുപുസ്തകത്തിലെ വസന്തപഞ്ചമിയെന്ന ദിനമാണ്. വസന്തപഞ്ചമി ദിനത്തിൽ ബജറ്റ് അവതരിപ്പിക്കാൻ സാധിച്ചാൻ രാജ്യം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിനു ലഭിക്കുന്ന നേട്ടങ്ങളെപ്പറ്റിയുള്ള സാരോപദേശം മറികടക്കാൻ അന്ധവിശ്വാസങ്ങളുടെ ഊട്ടുപുരയിലെ മുഖ്യ കുശിനിക്കാർക്ക് ഒരിക്കലും സാധിക്കില്ല.**

കോടിയാണത്രെ! ഇത്രയും ഭീമമായ സംഖ്യ ചെലവഴിച്ച് കടലിൽ ശിവജിയുടെ ഒരു പ്രതിമ സ്ഥാപിച്ചാൽ രാഷ്ട്രത്തിനുണ്ടാകുന്ന 'മഹനീയ നേട്ടം' എന്താണ് എന്ന് ആരും ചോദിക്കുന്നില്ല. ചോദിച്ചവൻ ഒറ്റപ്പെടും, ചിലപ്പോൾ രാജ്യസ്നേഹമില്ലാത്തവനായി മുദ്രകുത്തപ്പെടും.

ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പകലന്തിയോളം പണിയെടുക്കുന്ന, ചേരികളിൽ അന്തിയുറങ്ങുന്ന മുംബൈയിലെ ലക്ഷോപലക്ഷം ചേരിനിവാസികളുടെ ദയനീയ ചിത്രം ഇന്ത്യക്കാർക്ക് അപരിചിതമല്ല. റെയിൽ പാളങ്ങളിലും പൊതുവീഥികളുടെ അരികിലുമൊക്കെയാണ് അവർ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നത്. കടലിൽ പടുത്തുയർത്തുന്ന കോടികളിൽ അൽപമെങ്കിലും വിനിയോഗിച്ചാൽ ഈ ചേരിനിവാസികളുടെ ജീവിതം പുരോഗതിപ്പെടുത്താൻ സാധിക്കുമെന്ന് രാജ്യം ഭരിക്കുന്നവർക്ക് അറിയില്ലെന്നാണോ നാം കരുതേണ്ടത്?


കുഞ്ഞിന്റെ ജനനം നല്ല മുഹൂർത്തത്തിലും നാളിലുമാക്കാൻ സിസേറിയൻ നടത്തുന്നവർ വിവരമില്ലാത്തവരല്ല. മരണവാർത്ത പ്രഖ്യാപിക്കാൻ നാളും നാഴികയും നോക്കുന്നവർ വെറും സാധാരണക്കാരല്ല. മരണവാർത്ത സമയം നോക്കി പ്രഖ്യാപിച്ചില്ലെങ്കിൽ എന്തോ ചില അരുതായ്മകൾ സംഭവിക്കുമെന്ന് ആസ്ഥാന ജ്യോതിഷികൾ നമ്മുടെ നേതാക്കളെ ധരിപ്പിച്ചതായി തോന്നുന്നു.

മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻ മരണപ്പെട്ട വാർത്ത പുറത്തുവിടാൻ വൈകിയതിന്റെ പിന്നിൽ കടുത്ത അന്ധവിശ്വാസമായിരുന്നു. നക്ഷത്രവും രാഹുവും ഗുളികനും നോക്കി നേരത്തെ നിർണയിക്കപ്പെട്ട ഒരു പ്രോഗ്രാമിൽ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനു പങ്കെടുക്കാനുണ്ടായിരുന്നു. മരണവാർത്ത ഔദ്യോഗികമായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ പിന്നെ പ്രധാനമന്ത്രിയുടെ തീരുമാനിക്കപ്പെട്ട പ്രോഗ്രാമുകൾ നിലയ്ക്കും. രാഹുവും കേതുവും ഗുളികനും കാലനും കടന്നാക്രമിക്കാത്ത അനുയോജ്യമായ മറ്റൊരു സമയം കണ്ടെത്താൻ പിന്നെയും ഒരുപാടു കാത്തിരിക്കേണ്ടിവരും. അതിനാൽ മുൻ രാഷ്ട്രപതി ആയിട്ടുപോലും കെ.ആർ. നാരായണൻ പിന്നെയും ജീവിച്ചു; പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെ ചില പ്രോഗ്രാമുകൾ തീരുവോളം!

പാർലമെന്റിന്റെ അകത്തളത്തിൽ കുഴഞ്ഞുവീണ ഇ. അഹ്മദിന്റെ ചേതനയറ്റ ശരീരമാണ് പുറത്തേക്ക് കൊണ്ടുപോയത് എന്നത് പരസ്യമായ രഹസ്യമാണ്. പക്ഷേ, മരണവിവരം പുറത്തറിയിക്കുന്നത് പതിനഞ്ച് മണിക്കൂർ കഴിഞ്ഞ്! എന്തുകൊണ്ടാണിത് സംഭവിച്ചത്? പിറ്റേദിവസം ഫെബ്രുവരി ഒന്നാണ്. വസന്തപഞ്ചമി ദിനം. വസന്തപഞ്ചമി ദിനത്തിൽ ബജറ്റ് അവതരിപ്പിക്കാൻ സാധിച്ചാൻ സർക്കാരിന് ഇന്നയിന്ന നേട്ടങ്ങളുണ്ടാകുമെന്ന് ജ്യോത്സ്യന്മാർ അറിയിച്ചിട്ടുണ്ട്; മറ്റൊരു ദിവസത്തിൽ ബജറ്റ് അവതരിപ്പിച്ചാലുണ്ടാകുന്ന ഭവിഷത്തും. സഭാംഗം മരണപ്പെട്ടാൽ അനുശോചനം രേഖപ്പെടുത്തി പിരിയുന്നതിനുപകരം ഫെബ്രുവരി ഒന്നിലേക്ക് പ്രവേശിച്ച ശേഷം ബജറ്റ് അവതരിപ്പിക്കുകയും അതിനുശേഷം പുലർച്ചെ മരണവാർത്ത പ്രഖ്യാപിക്കുകയും ചെയ്യാൻ സർക്കാരിനെ പ്രേരിപ്പിച്ചത് ഈ വസന്തപഞ്ചമിയുമായി ബന്ധപ്പെട്ട അന്ധവിശ്വാസമല്ലാതെ മറ്റെന്താണ്?

ജയപ്രകാശ് നാരായണനും ഐ.കെ.ഗുജ്റാലും ഇങ്ങനെ 'മരിച്ചിട്ടും മരിക്കാത്ത'വരുടെയും 'മരിക്കുംമുമ്പേ മരിച്ച'വരുടെയും ലിസ്റ്റിൽ ഉൾപ്പെടാൻ 'ഭാഗ്യം' ലഭിച്ച 'നിർഭാഗ്യ'വാന്മാരായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ●

ആശിക് നിലമ്പൂർ
toashiq@gmail.com



# മുസ്‌ലിം ആക്റ്റിവിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ

ഇസ്‌ലാം മുന്നോട്ട് വെക്കുന്ന സാമൂഹിക മാർഗ നിർദേശങ്ങൾ മനുഷ്യയാഥാർഥ്യങ്ങളെ പരിപൂർണ്ണമായി പരിഗണിച്ചുകൊണ്ടുള്ളതാണ്. മനുഷ്യജീവിതത്തെ പ്രതിസന്ധിയിലാഴ്ത്തുന്ന 'ഇരുട്ടുകളെ' മനസ്സിലാക്കി മുന്നോട്ട് പോകാൻ ഉതകുന്ന, നീതിയിലും ധാർമികതയിലും ഉത്തമ സംസ്‌കാരത്തിലും അധിഷ്ഠിതമായ സാമൂഹികക്രമം പടുത്തുയർത്താനാണ് ഇസ്‌ലാം അതിന്റെ മാർഗനിർദേശം വഴി ആവശ്യപ്പെടുന്നത്.

നന്മകൾ പ്രചരിപ്പിക്കുകയും തിന്മകളെ നിരാകരിക്കുകയും തിരുത്തുകയും ചെയ്യണം എന്നത് ഇസ്‌ലാമിന്റെ താൽപര്യമാണ്. സമൂഹത്തിന്റെ സമാധാനപരമായ നിലനിൽപിന് നന്മകളെ അഭിവൃദ്ധിപ്പെടുത്തുകയും തിന്മകളെ വിലക്കുകയും ചെയ്യുക എന്നത് ഭരണവ്യവസ്ഥയുടെ പ്രധാന ഉത്തരവാദിത്തമായാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അതോടൊപ്പം വ്യക്തി രാഷ്ട്രവ്യവസ്ഥക്ക് കൂടെയും വ്യക്തിതലത്തിലും ഈ സാമൂഹിക ദൗത്യത്തിൽ ഏർപ്പെടേണ്ടതുണ്ട്. ഓരോ വ്യക്തിയുടെയും അധികാരം, കഴിവ്, സാഹചര്യം എന്നിവയനുസരിച്ച് വ്യത്യസ്തമായിരിക്കും ഈ ഉത്തരവാദിത്തം എന്ന് മാത്രം.

വിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ് എന്ന് പ്രഖ്യാപിക്കുന്ന ക്വുർആൻ 'നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവരാണവർ' എന്നു പറഞ്ഞ് ആ സാഹോദര്യത്തിന്റെ വിശാലമായ മാനം വ്യക്തമാക്കുന്നുണ്ട്. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിയുന്ന സാഹോദര്യം മനുഷ്യർക്കാകമാനം ഉപകാരപ്രദമാകുമെന്നതിൽ സംശയമില്ല.

മുസ്‌ലിംകൾ പരസ്പരം നന്മ ചെയ്താൽ മതി എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. മാനുഷിക സഹായം ചെയ്യുന്നതിൽ മതപരമായ വിവേചനം പാലിക്കാൻ ഇസ്‌ലാം ആവശ്യപ്പെടുന്നുമില്ല. ക്ഷേമപ്രവർത്തനങ്ങൾ മുസ്‌ലിംകൾ അല്ലാത്തവരിലേക്കും ഇതര ജീവജാലങ്ങളിലേക്കും വ്യാപിപ്പിക്കുവാനാണ് ഇസ്‌ലാമിന്റെ ശാസന. ക്വുർആൻ പറയുന്നു: "മതത്തെ വ്യാജമാക്കുന്നവൻ ആരെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുന്നവനത്രെ അത്. പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവൻ... പരോപകാര വസ്തുക്കൾ മുടക്കുന്നവരുമായ" (107:1-7).

മുൻകഴിഞ്ഞുപോയ സമുദായങ്ങളുടെ ചരിത്രം ദൃഷ്ടാന്തമായി അവതരിപ്പിക്കുന്ന ക്വുർആനും പ്രവാചക വചനങ്ങളും കേവലം ചരിത്രാഖ്യാനം എന്നതിലുപരി നന്മകളോടൊപ്പം നിലകൊള്ളാനും തിന്മകളെ വിരോധിക്കാനും പഠിപ്പിക്കുന്നവയാണ്. ക്രയവിക്രയ രംഗത്തുള്ള അനീതിയെ വിമർശിക്കുന്ന ക്വുർആൻ വചനം കാണുക: "അളവിൽ കുറക്കുന്നവർക്ക് മഹാനാശം അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ തികച്ചെടുക്കുകയും ജനങ്ങൾക്ക് അളന്നു കൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്" (83:1-3).

ശിശുഹത്യ ഇന്നും വ്യാപകമായ തിന്മയാണ്. ഗർഭാശയത്തിൽ വെച്ചും ജനിച്ച ശേഷവും കുഞ്ഞുങ്ങൾ കൊലചെയ്യപ്പെടുന്നു. ഇസ്‌ലാം കർശനമായി ഈ മഹാപാതകത്തെ എതിർക്കുന്നു: "ദാരിദ്ര്യഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളയരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലുന്നത് തീർച്ചയായും ഭീമമായ അപരാധമാകുന്നു" (17:31).

സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ രംഗങ്ങളിലും കുടുംബ, വൈയക്തിക മേഖലകളിലുമെല്ലാം നന്മയുടെ കൂടെ നിൽക്കാനും തിന്മകൾ വർജിക്കുവാനും ഇസ്‌ലാം പഠിപ്പിക്കുന്നു. നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്നത് മുസ്‌ലിമിന്റെ വിശ്വാസവുമായി ബന്ധപ്പെട്ടതായാണ് ഇസ്‌ലാമികാധ്യാപനം. തിന്മയെ കഴിയുന്ന രൂപത്തിൽ പ്രതിരോധിക്കണം. ചു

രുങ്ങിയ പക്ഷം ഹൃദയം കൊണ്ട് വെറുക്കുകയെങ്കിലും ചെയ്യണം. ഇത് വിശ്വാസത്തിന്റെ ഏറ്റവും ദുർബലാവസ്ഥയാണ് എന്നാണ് പ്രവാചകൻ(സ്വ) പഠിപ്പിച്ചത്. 'ഒരു കാര്യം തിന്മയാണെന്ന അറിവാണ് ഹൃദയത്തിന്റെ വിശ്വാസ'മെന്ന് ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യയുടെ പ്രസ്താവന ഇവിടെ ശ്രദ്ധേയമാണ്. സമൂഹത്തിൽ നടമാടുന്ന തിന്മകളിൽ അംഗീകാരവും തൃപ്തിയും ഉണ്ടാവുന്നത് തിന്മയായി പരിഗണിക്കുമെന്ന് ഇമാം നവവി(റഹി) പ്രസ്താവിച്ചതായി കാണാം.

ആക്ടിവിസം എന്ന ആശയം വരുന്ന പദം അക്ഷരംപ്രതി ഇസ്‌ലാമിക പ്രമാണങ്ങളിലോ സാഹിത്യങ്ങളിലോ കാണാൻ സാധിക്കില്ല. പൂർവാധുനിക ഇസ്‌ലാമിക സാഹിത്യങ്ങളിൽ ആക്ടിവിസം എന്ന പദത്തിനോട് ഏറെക്കുറെ യോജിക്കുന്നത് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്ന ക്വുർആനിക പ്രസ്താവ്യമാണ്. സഹവിശ്വാസികളോട് നിർവഹിക്കേണ്ട വ്യക്തിഗത ബാധ്യതകളെയാണ് അവയിൽ ഈ പ്രയോഗം സൂചിപ്പിക്കുന്നത്. ഇസ്‌ലാമിക മൂല്യങ്ങൾ മുസ്‌ലിം സമൂഹത്തിനും വ്യവസ്ഥക്കും അകത്തും പുറത്തും സംഘടിതമായും വ്യവസ്ഥാനുസൃതമായും നിർവഹിക്കപ്പെടേണ്ട ഒന്നാണ്.

ഇസ്‌ലാമിക തത്ത്വങ്ങളിൽ നിന്ന് മാറ്റി നിറുത്തി നിർവഹിക്കപ്പെടേണ്ട ഒന്നല്ല ഇസ്‌ലാമിക് ആക്ടിവിസം. അത് ഇസ്‌ലാമികമാകണമെങ്കിൽ പ്രവർത്തനങ്ങൾ പ്രവാചകാധ്യാപനങ്ങളുടെ മാതൃകയിൽ അടിയുറപ്പിച്ചതും ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെ തത്ത്വങ്ങളെ ഉൾക്കൊള്ളുന്നതുമാകണം. പേരിനും പെരുമക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളും അനീതിയോടും അധാർമികതയോടുമുള്ള കേവലമായ പ്രതിഷേധവും പുണ്യകരമായി മാറുകയില്ല. നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്ന ഇസ്‌ലാമിന്റെ അധ്യാപനം അധാർമികതക്കും അനീതിക്കുമെതിരിലുള്ള പ്രവർത്തനം തന്നെയാണല്ലോ.

പണ്ഡിതന്മാർ നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്ന പ്രവർത്തനത്തിന് വേണ്ട അനിവാര്യമായ ചില ഗുണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാനം (ഇൽമ്), സൗമ്യത (രിഫ്ഖ്), നീതി (അദ്ൽ), ക്ഷമ (സ്വബ്ർ) എന്നിവ അവയിൽ പ്രധാനപ്പെട്ടതാണ്. ഈ ഗുണങ്ങളില്ലാത്ത ഒരാൾ നന്മ കൽപിക്കലും തിന്മ വിരോധിക്കലും നിർവഹിക്കേണ്ടതില്ല എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടതായി കാണാം. ഇക്കാര്യം സുഫ്‌യാനുസ്സൗരി(റഹി) വിശദീകരിച്ചത് ഇമാം ഇബ്‌നു റജബ് അൽ ഹമ്പലി(റഹി) തന്റെ ജാമിഉൽ ഉലൂം വൽഹകമിൽ ഉദ്ധരിച്ചിട്ടുണ്ട്.

ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ(റഹി) മൂന്ന് അനിവാര്യതകളെക്കുറിച്ച് തന്റെ ഫതാവയിൽ ചർച്ച ചെയ്യുന്നുണ്ട്. വിജ്ഞാനം നന്മ കൽപിക്കുന്നതിനെയും തിന്മ വിരോധിക്കുന്നതിനെയും മുൻകടക്കണം, സൗമ്യതയും വിനയവും അവയെ സഹഗമിക്കണം, ക്ഷമ അവയെ പിൻതുടരുകയും വേണം എന്നിവയാണവ.

പ്രബോധന മേഖലയിൽ സജീവമായവർ അറിവുമായി ബന്ധപ്പെട്ട് ശ്രദ്ധ നൽകേണ്ട ഒരു വിഷയം ഹിജ്‌റ 620 ൽ മരണപ്പെട്ട ഹമ്പലി പണ്ഡിതനായിരുന്ന ഇബ്‌നുഖുദാമ അൽ മഖ്ദസി അദ്ദേഹത്തിന്റെ മുഖ്തസർ മിൻഹാജുൽ ക്വാസ്വിദീൻ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതു കാണാം. വിജ്ഞാനത്തെ നന്മ കൽപിക്കുന്നതിലും തിന്മ വിരോധിക്കുന്നതിലും അനിവാര്യതയായി വിശദീകരിച്ച ശേഷം തിന്മയെ തിരുത്താൻ അനുയോജ്യമായ സാഹചര്യവും അവയുടെ പരിധിയും വിജ്ഞാനമെന്ന നിബന്ധനയുടെ ഭാഗമാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ഉത്തമമായ പെരുമാറ്റ മര്യാദയാണ് മറ്റൊരു അനിവാര്യതയായി അദ്ദേഹം പറയുന്നത്. പെരുമാറ്റ മര്യാദകളിൽ 'രിഫ്ഖ്' അഥവാ സൗമ്യത എന്നത് നിർബന്ധമാണ് എന്ന് പറഞ്ഞതിനു ശേഷം ക്വുർആനിലെ 'നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക' എന്ന വചനം ഉദ്ധരിക്കുന്നു. തിന്മ ചെയ്തവനെയല്ല തിന്മയെയാണ് വെറുക്കേണ്ടതെന്ന സന്ദേശം അദ്ദേഹം നൽകുന്നതായി കാണാം. തിന്മ ചെയ്ത ഒരാളെ ജനങ്ങൾ അധിക്ഷേപിച്ചപ്പോൾ അതിനെ തടഞ്ഞ് തിന്മ ചെയ്ത വ്യക്തിയെ വെറുക്കുന്നതിന് പകരം തിന്മയെ വെറുക്കുവാൻ അബുദ്ദർദാഅ്ﷺ ഉപദേശിച്ചത് ഇബ്‌നു ഖുദാമ പ്രസ്തുത ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നുണ്ട്.

മുസ്‌ലിം ആക്ടിവിസത്തിന് ഈ ഗുണങ്ങൾ ഉണ്ടായിരിക്കണം. അവ മത പ്രബോധനത്തിൽ മാത്രം പരിമിതപ്പെടുത്തി ചർച്ച ചെയ്യേണ്ടതല്ല. സാംസ്‌കാരിക-കലാ-സാഹിത്യ മേഖലകളിലും സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ഇടപാടുകളിലും ഇവ പകർത്താൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. അനീതിക്കും അസത്യത്തിനും എതിരാണെങ്കിൽ പോലും വാക്കും പ്രവൃത്തിയും വെറുപ്പും വിദ്വേഷവും വളർത്തുന്നതാണെങ്കിൽ അതിന് ഇസ്‌ലാമികമായ ന്യായീകരണമില്ല.

തിന്മ വിരോധിക്കുക എന്ന പ്രവർത്തനത്തിന് നാല് തലങ്ങളുണ്ടെന്ന് ഇമാം ഇബ്‌നുൽ ഖയ്യിം(റഹി) അദ്ദേഹത്തിന്റെ ഇഅ്‌ലാമുൽ മുവക്കിഈൻ എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: 'തിന്മ വിരോധിക്കുന്നതിന് നാല് തലങ്ങൾ ഉണ്ട്. ഒന്ന്, നന്മ വന്ന് ഇല്ലാതാക്കുന്നവ. രണ്ട്, പൂർണമായി ഉന്മൂലനം ചെയ്യാൻ സാധിക്കാത്ത; എന്നാൽ ദുർബലപ്പെടുന്നവ. മൂന്ന്, തുല്യമായ തിന്മ പുനഃസ്ഥാപിക്കപ്പെടുന്നവ. നാല്, വലിയ തിന്മകൊണ്ട് പുനഃസ്ഥാപിക്കപ്പെടുന്നവ.' ഇങ്ങനെ തരംതിരിച്ചതിന് ശേഷം അദ്ദേഹം ഇവയുടെ വിധിയെ (ഹുക്മ്) സംബന്ധിച്ച് പ്രസ്താവിക്കുന്നുണ്ട്. തിന്മ വിരോധിക്കുക എന്നത് ആദ്യ രണ്ട് തലങ്ങളിൽ അനുവദനീയവും നാലാമത്തെ തലത്തിൽ നിഷിദ്ധവുമാണ്. മൂന്നാമത്തേത് പണ്ഡിതോചിതമായ ഗവേഷണത്തിന്റെ (ഇജ്തിഹാദ്) മേഖലയാണ്.

സമൂഹത്തിൽ നടക്കുന്ന അനീതികളെ എടുത്തുകാട്ടി ഇസ്‌ലാമിന്റെ സാങ്കേതിക ശബ്ദങ്ങളെയും സംജ്ഞകളെയും ഉപയോഗിച്ച് തങ്ങളുടെ ആക്ടിവിസത്തിന് സാധുത കണ്ടെത്തുന്ന 'മുസ്‌ലിം ആക്ടിവിസ്റ്റുകൾ' പലപ്പോഴും ഇവ പരിഗണിക്കാറില്ല. ഗവേഷണപരമായ മേഖലകളിൽ പണ്ഡിതന്മാരിലേക്ക് മടങ്ങാനും ഇവർ തയ്യാറാകില്ല. ●

മുബാറക് ബിൻ ഉമർ
mail@nerpatham.com

കൂട്ടായ്മ

**അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തി വാണ ഭൂതകാലമാണ് മലയാളക്കരയുടേത്. പ്രമാണങ്ങൾ പൊടി പറ്റാതെ അലമാരകളിലുറങ്ങിയപ്പോൾ അതിന്റെ അനുയായികൾ സമൂഹത്തിൽ ഏറ്റവും നിന്ദ്യരായി മാറി. കേരള മുസ്‌ലിം നവോത്ഥാന സംഘടനയായ ഐക്യസംഘം കാലെടുത്തു വെയ്ക്കുന്നത് അവിടേക്കാണ്. പ്രസ്തുത ചരിത്രം വ്യക്തമാക്കുന്ന പഠന പരമ്പര.**

# മലയാളക്കരയിലെ മുസ്‌ലിം നവോത്ഥാന ചരിത്രം

**തൊ**ട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കടുത്ത ജാതിവ്യവസ്ഥയും ജന്മി-കുടിയാൻ വ്യവസ്ഥയും ശക്തമായി നിലനിന്നിരുന്ന ഒരു ജനതയായിരുന്നു കേരളത്തിലുണ്ടായിരുന്നത്. അവരിലേക്ക് സമത്വ, സാഹോദര്യ, സ്നേഹത്തിലധിഷ്ഠിതമായ ഇസ്‌ലാമിന്റെ സന്ദേശമെത്തിയപ്പോൾ ദാഹിച്ചുവലഞ്ഞവൻ വെള്ളം കിട്ടിയതുപോലെ ഇരുകൈകളും നീട്ടി അതിനെ പുൽകുകയായിരുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. നാൽക്കാലികൾക്ക് നൽകപ്പെട്ട സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ട് തികച്ചും അധഃസ്ഥിതരായി ജനസമൂഹങ്ങൾ ജീവിച്ചിരുന്ന ഒരു കാലഘട്ടം. 'ദൃഷ്ടിയിൽ പോലും ദോഷമുള്ളോർ' ആയിരുന്നു ഭൂരിപക്ഷ വർഗങ്ങളും; ഉന്നത ജാതിക്കാരൻ നടക്കുന്ന വഴി പൊതുവഴിയാണെങ്കിലും അവരുടെ കാഴ്ചയിൽ പോലും പെട്ടുപോകാൻ പാടില്ലാത്ത നിലക്ക് ജീവിച്ചിരുന്നവർ. ഇസ്‌ലാം അധമത്വത്തിൽനിന്നും വിവേചനത്തിൽനിന്നും മോചനം നൽകുന്നുവെന്ന തിരിച്ചറിവിൽ ആളുകൾ ഇസ്‌ലാമിലേക്ക് ഒഴുകിത്തുടങ്ങി.

കാലം മുന്നോട്ടു നീങ്ങി. ഏകദൈവാരാധനയിലധിഷ്ഠിതമായ പരിശുദ്ധ ഇസ്‌ലാമിന്റെ വിശ്വാസാനുഷ്ഠാനങ്ങൾ ശരിയാം വിധം പഠിക്കാനോ ഗ്രഹിക്കാനോ പിന്തുടരാനോ പറ്റിയ സാഹചര്യങ്ങൾ വിരളമായി. അത്തരത്തിൽ ജീവിച്ചിരുന്ന സമുദായത്തിൽ സത്യം മനസ്സിലാക്കിയ പ്രബോധകർ വ്യക്തിപരമായും കൂട്ടായും ഇസ്‌ലാഹ് അഥവാ പരിഷ്കരണ പ്രവർത്തനം നടത്തിയിരിക്കും എന്നതിൽ സംശയിക്കേണ്ടതില്ല.

അറിയപ്പെട്ട ചരിത്രത്തിൽ ഈ രംഗത്ത് ഒരു പ്രസ്ഥാനത്തിന്റെ ശക്തിയോടെ പ്രവർത്തിച്ച പ്രഥമ ഇസ്‌ലാഹീ പ്രവർത്തകൻ സയ്യിദ് സനാഉല്ലാ മക്തി തങ്ങളാണ്. (ജനനം

1847, മരണം 1912). 1882ൽ സർക്കാർ ജോലി രാജിവെച്ച തങ്ങൾ കേരളത്തിലങ്ങോളമിങ്ങോളം ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞുവീശി. ക്രൈസ്തവ മിഷണറിമാരുടെ പ്രവർത്തനങ്ങൾക്കെതിരിലെന്നപോലെ മുസ്‌ലിംകളിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരിലും അദ്ദേഹം പടപൊരുതി.

ശൈഖ് മാഹിൻ ഹമദാനി തങ്ങളുടെ നേതൃത്വത്തിൽ 1922ൽ കൊടുങ്ങല്ലൂരിൽ കേരള മുസ്‌ലിം ഐക്യസംഘം രൂപീകൃതമായി. (നിഷ്പക്ഷ സംഘം എന്ന പേരായിരുന്നു ആദ്യം). 1923ൽ കൊടുങ്ങല്ലൂരിലെ എറിയാട്ട് വെച്ച് സംഘത്തിന്റെ ഒന്നാം വാർഷികമാഘോഷിച്ചു. അധ്യക്ഷത വഹിച്ചത് വക്കം മൗലവി ആയിരുന്നു. കെ.എം. മൗലവി, കെ.എം. സീതി സാഹിബ്, മണപ്പാട്ട് കുഞ്ഞഹ്മദ് ഹാജി, എം.സി.സി. അബ്ദുർറഹ്മാൻ മൗലവി, ബി. പോക്കർ സാഹിബ്, ഇ. മൊയ്തു മൗലവി, മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് തുടങ്ങിയ ഒട്ടനവധി നേതാക്കളും പണ്ഡിതന്മാരും ഐക്യസംഘത്തിന്റെ മുന്നണിയിലുണ്ടായിരുന്നു.

ഓരോ വർഷവും കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വെച്ച് ഐക്യസംഘം വിപുലമായ നിലയിൽ വാർഷിക സമ്മേളനങ്ങൾ സംഘടിപ്പിച്ചു. 1924ൽ ആലുവയിൽ രണ്ടാം വാർഷിക സമ്മേളനം നടന്നു. മറ്റു സമ്മേളനങ്ങൾ നടന്ന സ്ഥലങ്ങൾ: മൂന്നാം സമ്മേളനം കോഴിക്കോട്, നാലാം സമ്മേളനം തലശ്ശേരി (പ്രസിദ്ധ പണ്ഡിതനും ക്വുർആൻ വ്യാഖ്യാതാവുമായ മുഹമ്മദ് മാർമഡ്യുക് പിക്താളാണ് അതിൽ അധ്യക്ഷത വഹിച്ചത്), അഞ്ചാമത്തേത് കണ്ണൂർ, ആറാമത്തേത് തിരൂർ (അധ്യക്ഷൻ മദിരാശിയിലെ ഡോ. അബ്ദുൽഹഖ് സാഹിബ്), ഏഴാമത്തേത് എറണാകുളം, എട്ടാമത്തേത് തിരുവനന്തപുരം, ഒമ്പതാമത്തേത് മലപ്പുറം (അധ്യക്ഷൻ വടക്കേ മലബാർ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജ് ഖാൻ ബഹദൂർ മീർ സൈനുദ്ദീൻ സാഹിബ്), പത്താമത്തേത് കാസർഗോഡ് (അധ്യക്ഷൻ മദിരാശിയിലെ സയ്യിദ് അബ്ദുൽ വഹാബ് ബുഖാരി സാഹിബ്), പതിനൊന്നാമത്തേത് കൊടുങ്ങല്ലൂരിലെ എറിയാട്ട് (അധ്യക്ഷൻ ഭരണഘടനാ നിർമാണ സഭാംഗവും സുപ്രീം കോടതി അഡ്വക്കറ്റുമായിരുന്ന ബി. പോക്കർ സാഹിബ്), പന്ത്രണ്ടാമത്തേത് കണ്ണൂരിലെ അറക്കൽകെട്ടിൽ(അധ്യക്ഷൻ മദിരാശിയിലെ അബ്ദുൽ ഹമീദ് ഖാൻ). ഒടുവിലത്തെ വാർഷിക സമ്മേളനമായിരുന്നു അത്. കേരള ജംഇയ്യത്തുൽ ഉലമ സജീവമായതുകൊണ്ടും മറ്റു പല കാരണങ്ങളാലും ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങൾ പിന്നീട് നിലച്ചു എന്ന് പറയാം.

**മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി മുസ്‌ലിം കേരളത്തിന് ഒരിക്കലും മറക്കാനാവാത്ത ഒരു നാമമാണ്. വെറും ഓത്തുപള്ളികൾ മാത്രമായിരുന്നു മതവിദ്യാഭ്യാസത്തിന്റെ അലകും പിടിയും മാറ്റി ശാസ്ത്രീയമായ രൂപത്തിൽ കരിക്കുലവും സിലബസ്സും ആവിഷ്‌കരിച്ച് നടപ്പാക്കിയത് മൗലാനയാണ്. അങ്ങനെയാണ് മദ്‌റസാ പ്രസ്ഥാനം കേരളത്തിൽ സമാരംഭം കുറിക്കുന്നത്. അറബിക്കോളേജിന്റെയും ഉപജ്ഞാതാവ് മറ്റാരുമല്ല.**

ഈ സമ്മേളനങ്ങൾ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ വലിയ ഒരു ചിന്താവിപ്ലവത്തിന് വഴിയൊരുക്കി. യാഥാസ്ഥിതിക പണ്ഡിത വർഗം സമ്മേളനങ്ങൾക്കെതിരിൽ പല കുഴപ്പങ്ങളും തടസ്സങ്ങളും സൃഷ്ടിക്കാൻ ശ്രമിക്കുകയുണ്ടായി. ഹോട്ടലുകളും കടകളും തുറക്കാതെ ബഹിഷ്‌കരണം നടപ്പാക്കിയ സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. പിന്നീട് രൂപീകൃതമായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപക നേതാവായിരുന്ന എ.പി. അഹ്മദ്കുട്ടി മുസ്‌ലിയാർ(പാങ്ങ്) ഐക്യസംഘത്തിന്റെ കോഴിക്കോട്ട് നടന്ന മൂന്നാം വാർഷിക സമ്മേളനത്തിൽ വെച്ച് പ്രത്യേകമായൊരു സന്ദർഭത്തിൽ 'ഈ സംഘത്തെ അല്ലാഹു ഖിയാമത്ത് നാൾ വരെ നിലനിർത്തട്ടെ' എന്ന് പ്രാർഥിക്കുകയുണ്ടായി.

തിരുവിതാംകൂറിൽ ഇസ്‌ലാഹീ പ്രവർത്തനത്തിന്ന് നേതൃത്വം നൽകിയത് വക്കം എം. അബ്ദുൽ ഖാദിർ മൗലവിയായിരുന്നു (1873 -- 1932). 'മുസ്‌ലിം ധർമ പരിപാലന സംഘം' എന്ന പേരിൽ ചിറയിൽകീഴ് താലൂക്കിൽ ഒരു സംഘം രൂപീകരിച്ച് അന്ധവിശ്വാസ, അനാചാരങ്ങൾക്കെതിരിൽ പോരാടി. 'അൽ ഇസ്‌ലാം' എന്ന പേരിൽ ഒരു അറബിമലയാളം മാസികയും 'സ്വദേശാഭിമാനി' എന്ന പേരിൽ ഒരു ദിനപത്രവും (പത്രാധിപർ രാമകൃഷ്ണപിള്ള) പ്രസിദ്ധീകരിച്ചു. മുസ്‌ലിംകളുടെ സർവതോന്മുഖമായ പുരോഗതിക്കായി വക്കം മൗലവി അനുഷ്ഠിച്ച സേവനങ്ങൾ ചരിത്രം എക്കാലവും ഓർക്കും.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ കൊച്ചിയിൽ ബാംഗ്ലൂർ സ്വദേശിയായ മൗലവി അബ്ദുൽ കരീം സാഹിബ് നടത്തിയ ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്ക് വലിയ ഫലമുണ്ടായി. കരേക്കാട്ട് കുഞ്ഞിപ്പോക്കു മുസ്‌ല്യാർ, 'സ്വലാഹുൽ ഇഖ്‌വാൻ' പത്രാധിപരായിരുന്ന സൈതാലിക്കുട്ടി മാസ്റ്റർ (താനൂർ) തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ സ്മരിക്കപ്പെടേണ്ടവയാണ്. മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി മുസ്‌ലിം കേരളത്തിന് ഒരിക്കലും മറക്കാനാവാത്ത ഒരു നാമമാണ്. വെറും ഓത്തുപള്ളികൾ മാത്രമായിരുന്നു മതവിദ്യാഭ്യാസത്തിന്റെ അലകും പിടിയും മാറ്റി ശാസ്ത്രീയമായ രൂപത്തിൽ കരിക്കുലവും സിലബസ്സും ആവിഷ്‌കരിച്ച് നടപ്പാക്കിയത് മൗലാനയാണ്. അങ്ങനെയാണ് മദ്‌റസാ പ്രസ്ഥാനം കേരളത്തിൽ സമാരംഭം കുറിക്കുന്നത്. അറബിക്കോളേജിന്റെയും ഉപജ്ഞാതാവ് മറ്റാരുമല്ല. ഈ സംരംഭങ്ങൾ ഇസ്‌ലാഹി പ്രസ്ഥാനം ഏറ്റെടുത്തതോടെ കേരള മുസ്‌ലിംകളുടെ ചരിത്രത്തിൽ പുതിയൊരു യുഗം ആരംഭിക്കുകയായിരുന്നു.

**(അവസാനിച്ചില്ല)** ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം

25 പ്രവാചകൻമാരുടെ പേരുകളാണ് വിശുദ്ധ ക്വുർആനിൽ വന്നിട്ടുള്ളത്. അതിൽ 18 പ്രവാചകന്മാരുടെ പേരുകൾ തുടരെത്തുടരെ പരാമർശിച്ചതായി കാണാം. ആരാണീ പ്രവാചകന്മാർ? എന്താണ് ഈ പ്രവാചകന്മാർക്കുള്ള പ്രത്യേകതകൾ?

# പ്രവാചകന്മാർ ക്വുർആനിൽ

വിശുദ്ധ ക്വുർആനിൽ 25 പ്രവാചകൻമാരുടെ പേരുകളാണ് വന്നിട്ടുള്ളത്. അതിൽ 18 പ്രവാചകന്മാരുടെ പേരുകൾ തുടരെ പരാമർശിച്ചത് കാണാം.

"ഇബ്‌റാഹീമിന് തന്റെ ജനതക്കെതിരായി നാം നൽകിയ ന്യായപ്രമാണമത്രെ അത്. നാം ഉദ്ദേശിക്കുന്നവർക്ക് നാം പദവികൾ ഉയർത്തിക്കൊടുക്കുന്നു. തീർച്ചയായും നിന്റെ രക്ഷിതാവ് യുക്തിമാനും സർവജ്ഞനുമത്രെ. അദ്ദേഹത്തിന് നാം ഇസ്ഹാക്വിനെയും യഅ്ക്വൂബിനെയും നൽകുകയും ചെയ്തു. അവരെയെല്ലാം നാം നേർവഴിയിലാക്കിയിരിക്കുന്നു. അദ്ദേഹത്തിന് മുമ്പ് നൂഹിനെയും നാം നേർവഴിയിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സന്താനങ്ങളിൽ നിന്ന് ദാവൂദിനെയും സുലൈമാനെയും അയ്യൂബിനെയും യൂസുഫിനെയും മൂസായെയും ഹാറൂനെയും (നാം നേർവഴിയിലാക്കി). അപ്രകാരം സദ്‌വൃത്തർക്ക് നാം പ്രതിഫലം നൽകുന്നു. സകരിയ്യാ, യഹ്‌യാ, ഈസാ, ഇല്യാസ്, എന്നിവരെയും (നേർവഴിയിലാക്കി). അവരെല്ലാം സജ്ജനങ്ങളിൽ പെട്ടവരത്രെ. ഇസ്മാഈൽ, അൽയസഅ്, യൂനുസ്, ലൂത്വ് എന്നിവരെയും (നേർവഴിയിലാക്കി). അവരെല്ലാവരെയും നാം ലോകരിൽ വെച്ച് ശ്രേഷ്ഠരാക്കിയിരിക്കുന്നു"(6:83-86).

ബാക്കി 7 നബിമാരുടെ പേരുകൾ മറ്റു സ്ഥലങ്ങളിൽ പറഞ്ഞതായും കാണാം.

ആദം(ﷺ): "തീർച്ചയായും ആദമിനെയും നൂഹിനെയും ഇബ്‌റാഹീം കുടുംബത്തെയും ഇംറാൻ കുടുംബത്തെയും ലോകരിൽ ഉൽകൃഷ്ടരായി അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്നു"(3:33).

ഹൂദ്(ﷺ): "ആദ് ജനതയിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (നാം അയക്കുകയുണ്ടായി)"(ഹൂദ് 50).

സ്വാലിഹ്(ﷺ): "ഥമൂദ് ജനതയിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയക്കുകയുണ്ടായി)"(ഹൂദ് 61).

ശുഐബ്(ﷺ): "മദ്‌യൻകാരിലേക്ക് അവരുടെ സഹോദരൻ ശഐബിനെയും(നാം അയക്കുകയുണ്ടായി)"(ഹൂദ് 84)

ഇദ്‌രീസ്, ദുൽകിഫ്‌ലി (ﷺ): "ഇസ്മാഈലിനെയും ഇദ്‌രീസിനെയും ദുൽകിഫ്‌ലിനെയും (ഓർക്കുക). അവരെല്ലാം ക്ഷമാശീലരുടെ കൂട്ടത്തിലാകുന്നു." (അൽഅമ്പിയാഅ് 85).

**മുഹമ്മദ് ﷺ**

"മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു"(അൽഫത്ഹ് 29).

ക്വുർആനിൽ പേര് പറയപ്പെട്ട പ്രവാചകന്മാരുടെ എണ്ണം 25 ആണെങ്കിലും പേര് പറയപ്പെടാത്തവർ ധാരാളമുണ്ടെന്ന് (40:78)ൽ നിന്ന് മനസ്സിലാക്കാം. അതിന് ശക്തി നൽകുന്ന മറ്റൊരു വചനത്തിൽ (23:44)ഇപ്രകാരം കാണാം:

"പിന്നെ നാം നമ്മുടെ ദൂതന്മാരെ തുടരെത്തുടരെ അയച്ചുകൊണ്ടിരുന്നു. ഓരോ സമുദായത്തിന്റെ അടുക്കലും അവരിലേക്കുള്ള ദൂതൻ ചെല്ലുമ്പോഴൊക്കെ അവർ അദ്ദേഹത്തെ നിഷേധിച്ചു തള്ളുകയാണ് ചെയ്തത്. അപ്പോൾ അവരെ ഒന്നിനു പുറകെ മറ്റൊന്നായി നാം നശിപ്പിച്ചു. അവരെ നാം സംസാരവിഷയമാക്കിത്തീർക്കുകയും ചെയ്തു. ആകയാൽ വിശ്വസിക്കാത്ത ജനങ്ങൾക്ക് നാശം."

124000 പ്രവാചകന്മാരെ അല്ലാഹു അയച്ചിട്ടുണ്ടെന്നും അതിൽ 313ഓ 315ഓ മുർസലുകൾ ഉണ്ട് എന്നൊക്കെ അറിയിക്കുന്ന റിപ്പോർട്ടുകൾ കാണാം. എന്നാൽ ഇതൊന്നും ശരിയായ റിപ്പോർട്ടുകളല്ലെന്നാണ് ഈ വിഷയത്തിൽ പഠനം നടത്തിയിട്ടുള്ള പണ്ഡിതന്മാർ പറയുന്നത്.

സൂറത്തുന്നിസാഇലെ 164-ാം ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു അത്വിയ്യ്(റ) പറയുന്നു: "അല്ലാഹു പറയുന്നു: 'അവരിൽ ചിലരെപ്പറ്റി നിനക്ക് നാം വിവരിച്ചുതന്നിട്ടില്ല...' (ഈ സൂക്തം) നബിമാരുടെ ആധിക്യത്തെയാണ് കുറിക്കുന്നത്. (അവരുടെ) എണ്ണം ക്ലിപ്തമല്ല, അല്ലാഹു പറയുന്നു: 'ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല' (35:24). 'അതിന്നിടയിലായി അനേകം തലമുറകളെ

യും (നാം നശിപ്പിച്ചിട്ടുണ്ട്) (25:38). പ്രവാചകന്മാരുടെ എണ്ണം പറഞ്ഞതൊന്നും (ചില റിപ്പോർട്ടുകളിൽ എണ്ണം വന്നിട്ടുണ്ടെന്ന് നാം പറഞ്ഞല്ലോ. ഈ റിപ്പോർട്ടുകളൊന്നും) സ്വീകാര്യയോഗ്യമല്ല. അവരുടെ എണ്ണത്തെ കുറിച്ച് നന്നായി അറിയുന്നവൻ അല്ലാഹുവാണ്."

ലജ്നതുദ്ദാഇമയിലെ പണ്ഡിതന്മാർ പ്രവാചകന്മാരുടെ എണ്ണത്തെ കുറിച്ച് ചോദിക്കപ്പെട്ടു. ആ ചോദ്യവും അതിന് അവർ നൽകിയ മറുപടിയും കാണുക:

"നബിമാരുടെയും റസൂലുകളുടെയും എണ്ണം എത്രയാണ്?" (നബിയും റസൂലും തമ്മിലുള്ള വ്യത്യാസം തുടർന്ന് വിവരിക്കും).

"അവരുടെ എണ്ണം അല്ലാഹുവിനല്ലാതെ അറിയില്ല. അല്ലാഹു പറയുന്നു: 'നിനക്ക് മുമ്പ് നാം പല ദൂതന്മാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചു തന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നിനക്ക് നാം വിവരിച്ചുതന്നിട്ടില്ല' (40:78). അവരിൽ അറിയപ്പെട്ടവർ ക്വുർആനിലും സ്വഹീഹായ ഹദീഥുകളിലും പറയപ്പെട്ടവരാണ്" (ഫതാവാ ലജ്നതുദ്ദാഇമ 3/256).

### ആരാണ് അൽഅസ്ബാത്വ്?

വിശുദ്ധ ക്വുർആൻ നബിമാരെപ്പറ്റി പരാമർശിക്കുമ്പോൾ ചില സ്ഥലങ്ങളിൽ (2:136, 2:140, 6:84, 4:163) 'യഅ്ക്വൂബു വൽ അസ്ബാത്വ്' എന്ന് പറഞ്ഞതായി കാണാം. ആരാണിവർ എന്നതിന് പല വിശദീകരണങ്ങളും പണ്ഡിതന്മാർ നൽകിയതായി കാണാം. ഈ പദം അറബി ഭാഷയിൽ മകന്റെയും മകളുടെയും മക്കൾക്ക് (പേരമക്കൾക്ക്) ഉപയോഗിക്കുന്നതാണ്. സാധാരണ ഈ വാക്കിന് യഅ്ക്വൂബിﷺന്റെ സന്തതികൾ എന്നാണ് അർഥം പറയാറുള്ളത്. അവർ 12 പേരാണെന്നത് വ്യക്തമാണ്. എന്നാൽ ഈ ആയത്തുകളിൽ പറയപ്പെട്ട അൽ അസ്ബാത്വിന് അല്ലാഹു വഹ്യ് നൽകിയിട്ടുണ്ടെന്നതും വ്യക്തമാണ്. പക്ഷേ, യൂസുഫ്ﷺന് മാത്രമെ യഅ്ക്വൂബ്ﷺന്റെ 12 മക്കളിൽ നിന്ന് പ്രവാചകത്വം നൽകിയതായി കാണുന്നുള്ളൂ. ഈ 12 മക്കൾക്കും വഹ്യ് നൽകപ്പെട്ടിട്ടുണ്ടെന്നും പണ്ഡിതന്മാരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും അത് ശരിയല്ലെന്നാണ് ഭൂരിപക്ഷാഭിപ്രായം. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റ) പറയുന്നത് കാണുക:

"ക്വുർആനും ഭാഷാ പ്രയോഗവും യൂസുഫ്ﷺന്റെ സഹോദരങ്ങൾ നബിമാരല്ലെന്നാണ് അറിയിക്കുന്നത്. അവർക്ക് അല്ലാഹു പ്രവാചകത്വം നൽകിയതായി ക്വുർആനിലില്ല; നബിﷺയിൽ നിന്നോ അവിടുത്തെ സ്വഹാബിമാരിൽ നിന്നോ അവർക്ക് അല്ലാഹു നുബുവ്വത്ത് നൽകിയതറിയിക്കുന്ന യാതൊന്നുമില്ല... ഇവർ (അൽ അസ്ബാത്വ്) അദ്ദേഹത്തിന്റെ (യഅ്ക്വൂബ്ﷺന്റ) നേരിട്ടുള്ള മക്കളാണെന്ന് ഈ ആയത്തു കൊണ്ട് പ്രത്യേകമാക്കൽ അബദ്ധമാണ്. ആ വാക്കോ അതിന്റെ അർഥമോ അത് അറിയിക്കുന്നില്ല. ആരെങ്കിലും അങ്ങനെ വാദിക്കുന്നുവെങ്കിൽ അയാൾക്ക് വ്യക്തമായ തെറ്റുപറ്റിയിരിക്കുന്നു" (ജാമിഉൽ മസാഇൽ, 3/297).

ഹാഫിദ് ഇബ്നു കഥീർ(റഹി) പറയുന്നത് കാണുക: "യൂസുഫിന്റെ സഹോദരങ്ങളുടെ പ്രവാചകത്വത്തെ അറിയിക്കുന്ന ഒരു തെളിവും വന്നിട്ടില്ലെന്ന് നീ അറിയണം. സന്ദർഭം അറിയിക്കുന്നത് അതിന് എതിരായിട്ടാണ്. അവരിലേക്ക് വഹ്യ് നൽകപ്പെട്ടിട്ടുണ്ടെന്ന് വാദിക്കുന്നവർ ജനങ്ങളിലുണ്ട്. ഇത് പരിശോധിക്കേണ്ടതുണ്ട്. വാദിക്കുന്നവൻ അതിന് തെളിവ് നൽകൽ ആവശ്യമാണ്."

ലജ്നതുദ്ദാഇമയുടെ ഫത്‌വയിലും ഇതേ വിശദീകരണമാണ് നമുക്ക് കാണാൻ കഴിയുന്നത്:

"അസ്ബാത്വ് എന്നത് കൊണ്ടുള്ള ഉദ്ദേശ്യം യഅ്ക്വൂബ്ﷺന്റെ പേരമക്കളാണ്. അദ്ദേഹത്തിന്റെ 12 മക്കളിൽ നിന്ന് യൂസുഫ് ﷺ അല്ലാതെ ഒരു നബിയും ഇല്ലെന്നതാണ് സ്വഹീഹായ അഭിപ്രായം."

### ഇവർ നബിമാരാണോ അല്ലേ?

ക്വുർആനിൽ പേരു പറയപ്പെട്ട ഇരുപത്തിയഞ്ച് പ്രവാചകന്മാരല്ലാത്ത ചില പേരുകൾ കാണാം. ഉദാഹരണം ശീസ്, യൂശഅ് ബ്നു നൂൻ, ശംവീൽ... ഇവരെല്ലാം നബിമാരാണെന്ന് ചില ഹദീഥുകളുടെ വെളിച്ചത്തിൽ വിവരിക്കപ്പെട്ടത് കാണാം. എന്നാൽ ഈ ഹദീഥുകളുടെ സ്വീകാര്യതയിൽ സംശയമുള്ളതിനാൽ ഇവർ നബിമാരാണോ എന്ന് ഖണ്ഡിതമായി അഭിപ്രായം പറയുക സാധ്യമല്ല.

തുബ്ബഅ്, ദുൽക്വർനയ്ൻ തുടങ്ങിയ പേരുകൾ ക്വുർആനിൽ പരാമർശിക്കപ്പെട്ടവയാണ്. എന്നാൽ ഇവർ പ്രവാചകന്മാരാണ് എന്ന് ഉറപ്പിച്ച് പറയാൻ നിർവാഹമില്ല. നബിﷺ അവരെക്കുറിച്ച് പറഞ്ഞത് ഇമാം ഹാകിം റിപ്പോർട്ട് ചെയ്യുന്നു:

"തുബ്ബഅ് നബിയാണോ അല്ലേ എന്ന് എനിക്കറിയില്ല, ദുൽക്വർനയ്നിയും നബിയാണോ അല്ലേ എന്ന്എനിക്കറിയില്ല."

ഇതുപോലെ ക്വുർആനിൽ നാമം പറഞ്ഞിട്ടില്ലെങ്കിലും താഴെയുള്ള ആയത്തിൽ നിന്ന് നബിയാണെന്ന് മനസ്സിലാക്കപ്പെടുന്ന വ്യക്തിയാണ് ഖളിർﷺ.

"അപ്പോൾ നമ്മുടെ അടിയാന്മാരിൽ ഒരു അടിയാനെ അവർ കണ്ടെത്തി. നമ്മുടെ പക്കൽനിന്നുള്ള ഒരു(മഹത്തായ) കാരുണ്യം നാം അദ്ദേഹത്തിനു നൽകിയിരുന്നു. നമ്മുടെ അടുക്കൽ നിന്നുതന്നെയുള്ള ഒരു (പ്രത്യേക) ജ്ഞാനം നാം അദ്ദേഹത്തിനു പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു."

ഈ ആയത്തിലുള്ള റഹ്മത്ത് കൊണ്ടുള്ള ഉദ്ദേശം വഹ്‌യാണെന്ന് വിശദീകരിച്ച് ഖളിർﷺ നബിയാണെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്. ഈ വിവരണം ശരിയല്ലെന്ന് ഉറപ്പിച്ചു പറയാൻ സാധ്യമല്ല. ഹദീഥുകളിലെ പദപ്രയോഗങ്ങളും അദ്ദേഹം നബിയാണെന്ന് തന്നെയാണ് അറിയിക്കുന്നത്.

അദ്ദേഹം മൂസാനബിﷺയോട് "ഞാൻ ഇത്(ഒന്നും) എന്റെ അഭിപ്രായപ്രകാരമല്ല ചെയ്തത്" (18:82)എന്ന് പറഞ്ഞതിൽനിന്നും അദ്ദേഹം പ്രവാചകനാണെന്ന് മനസ്സിലാക്കാൻ കഴിയുന്നു. അല്ലാഹുവാണ് നന്നായി അറിയുന്നവൻ. ●

സയ്യിദ് സഅ്ഫർ സ്വാദിക്ക് മദീനി
mail@nerpatham.com

ലേഖനം



# പ്രാർഥന സ്രഷ്ടാവിനോട് മാത്രം

ഓരോ സത്യവിശ്വാസിയും ദിനേന അഞ്ച് നേരത്തെ നിർബന്ധ നമസ്‌കാരങ്ങളിൽ പതിനേഴ് തവണ 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോട് മാത്രം ഞങ്ങൾ സഹായം ചോദിക്കുന്നു' എന്ന് പ്രതിജ്ഞ ചെയ്യാറുണ്ട്. കൂടാതെ ഐഛിക നമസ്‌കാരങ്ങളിൽ ധാരാളം തവണയും. ഇതിന്റെ ആശയം അല്ലാഹുവിന്ന് മാത്രമെ നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിച്ച് തരാൻ സാധിക്കുകയുള്ളൂവെന്നും അവൻ മാത്രമാണ് പ്രാർഥിക്കപ്പെടാൻ അർഹനെന്നുമാണ്.

പ്രവാചകൻﷺ പറഞ്ഞു: "പ്രാർഥന, അത് തന്നെയാണ് ആരാധന." എന്നിട്ട് പ്രവാചകൻﷺ ഈ ആയത്ത് ഓതി: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്" (തിർമിദി, അബൂദാവൂദ്, അഹ്മദ്).

ഇവിടെ അല്ലാഹു പറയുന്നത് നിങ്ങൾ എന്നോട് പ്രാർഥിക്കുക ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം എന്നാണ്. അതിനാൽ അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുക. വിശുദ്ധ ക്വുർആൻ പറയുന്നു: "പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. ആയതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർഥിക്കരുത്"(72:18).

പ്രാർഥിക്കേണ്ടത് അല്ലാഹുവനോട് മാത്രം. അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുന്നത് അല്ലാഹു ഒരിക്കലും പൊറുത്ത് തരാത്ത പാപമാണ്. അത് അവനിൽ പങ്കുചേർക്കലകണ് അഥവാ ശിർക്കാണ്. അത് അല്ലാഹുവിന്റെ പ്രവാചകനാവട്ടെ, വലിയ്യാവട്ടെ, ജാറത്തിൽ കിടക്കുന്ന ഔലിയാക്കളോ, ബീവിമാരോ ആരുമാവട്ടെ അവരോടൊന്നും പ്രാർഥിക്കാൻ പാടില്ല. അത്തരത്തിൽ സൃഷ്ടികളോട് പ്രാർഥിക്കുന്നവന്ന് ഇസ്‌ലാമിൽ സ്ഥാനമില്ല. അല്ലാഹു പറയുന്നു: "തന്നോട് പങ്ക് ചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്, ആർ അല്ലാഹുവിൽ പങ്ക് ചേർക്കുന്നുവോ, അവൻ ബഹുദൂരം പിഴച്ച് പോയിരിക്കുന്നു" (നിസാഅ്:116).

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപെട്ടിട്ടുള്ളത് ഇതത്രെ, (അല്ലാഹുവിന്ന്) നീ പങ്കാളിയേ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായി പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും" (സുമർ:65).

ശിർക്ക് ചെയ്താൽ പ്രവാചകന്മാർക്ക് പോലും രക്ഷയില്ല എങ്കിൽ നമ്മുടെ കാര്യം പ്രത്യേകം പറയേണ്ടതുണ്ടോ?

**മരണപ്പെട്ടവർ കേൾക്കുമോ?**

മരിച്ച് പോയവർ പ്രാർഥന കേൾക്കുമോ? അല്ലാഹു പറയുന്നു: "നിങ്ങൾ അവരോട് പ്രാർഥന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുകയില്ല. ഉയർത്തെഴുന്നേൽപിന്റെ നാളിലാവട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവിനെ) പോലെ നിനക്ക് വിവരം തരുവാൻ ആരുമില്ല" (ഫാത്വിർ:14).

ഇവിടെ അല്ലാഹു പറയുന്നത് മരിച്ച് മൺമറഞ്ഞ് പോയവർ കേൾക്കില്ലെന്നാണ്. ഇനി വാദത്തിന് കേൾക്കുമെന്ന് സമ്മതിച്ചാൽ തന്നെ നിങ്ങളുടെ പ്രാർഥനക്ക് ഉത്തരം നൽകുകയില്ലെന്നും പറയുന്നു. പിന്നെ

എന്തിന് നാം ഈ പാഴ്‌വേല ചെയ്യണം? അല്ലാഹു ഉത്തരം തരാം എന്ന് പറയുമ്പോൾ നമുക്ക് അല്ലാഹുവിനോട് പ്രാർഥിച്ചാൽ പോരേ?

പ്രവാചകന്ﷺ ഒരുപാട് പ്രയാസങ്ങളുണ്ടായിട്ടുണ്ട്. ഒരിക്കൽ പോലും അവിടുന്ന് മുൻകഴിഞ്ഞ പ്രവാചകന്മാരെ വിളിച്ചോ, ഔലിയാക്കളെ വിളിച്ചോ,ക്വബ്‌റിന്നരികിൽ പോയിട്ടോ, ജാറത്തിൽ പോയിട്ടോ പ്രാർഥിച്ചതായി കാണുന്നില്ല. മുഹമ്മദ്ﷺ മാത്രമല്ല മുൻകഴിഞ്ഞ പ്രവാചകന്മാരാരും അങ്ങനെ ചെയ്തിട്ടില്ല. വിശുദ്ധ ക്വുർആനിൽ ഒരുപാട് പ്രവാചകന്മാരുടെ പ്രാർഥനകൾ നമുക്ക് കാണാനാവും. അതിലൊന്നും തന്നെ അല്ലാഹു അല്ലാത്തവരോടുള്ള പ്രാർഥനയില്ല. പിന്നെ എന്തിന് നാം അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കണം?

പ്രവാചകന്ന് ശേഷം സ്വഹാബികളുടെ ഇടയിൽ ഒരുപാട് അഭിപ്രായ വ്യത്യാസങ്ങളും പ്രശ്‌നങ്ങളുമുണ്ടായിട്ടുണ്ട്. പ്രവാചകനെ എവിടെ മറമാടണം, ആരാണ് ഖലീഫയാകേണ്ടത്, സിഫ്ഫീൻ, ജമൽ പോലെയുള്ള യുദ്ധങ്ങൾ തുടങ്ങിയവ ഉദാഹരണം. അപ്പോഴൊന്നും ഒരൊറ്റ സ്വഹാബി പോലും ലോകം കണ്ട ഏറ്റവും വലിയ വലിയ്യായ പ്രവാചകന്റെ ക്വബ്‌റിടത്തിൽ പോയിട്ടോ അല്ലാതെയോ സഹായം തേടുകയോ പ്രാർഥിക്കുകയോ ചെയ്തതായി നമുക്ക് കാണാൻ സാധ്യമല്ല.

ഒരിക്കൽ ഖലീഫയായ ഉമർ‍ؓന്റെ കാലത്ത് കടുത്ത വരൾച്ചയുണ്ടായി. ഉമർؓ അപ്പോൾ പ്രവാചകന്റെ ക്വബ്‌റിങ്കൽ പോയി സഹായം തേടുകയല്ല ചെയ്തത്, മറിച്ച് അല്ലാഹുവിലേക്ക് ഇരുകരങ്ങളും നീട്ടി മഴക്ക് വേണ്ടിയുള്ള നമസ്‌കാരം നിർവഹിക്കുകയാണ് ചെയ്തത്. ഇത് ഹദീഥിൽ ഇപ്രകാരം കാണാം:

ഉമർؓവിന്റെ കാലത്ത് അവർക്ക് ക്ഷാമമുണ്ടായപ്പോൾ (മഴ ഇല്ലാതിരുന്നപ്പോൾ) അവർ ഉമർؓവിന്റെയടുത്ത് പോയി പറഞ്ഞു. ഉമർؓ അവരെയും കൂട്ടി പുറപ്പെട്ട് മഴക്ക് വേണ്ടിയുള്ള നമസ്‌കാരം നിർവഹിച്ചു. തന്റെ രണ്ട് കൈകളും മേൽപോട്ടുയർത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു: 'ഞങ്ങളുടെ രക്ഷിതാവേ, പ്രവാചകന്റെ കാലത്ത് ഞങ്ങൾക്ക് ക്ഷാമം പിടിപെട്ടാൽ ഞങ്ങൾ നബിﷺയോട് പ്രാർഥിക്കുവാൻ പറയുകയും, അവിടുന്ന് പ്രാർഥിക്കുകയും മഴ ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രവാചകൻ ഇന്ന് ജീവിച്ചിരിപ്പില്ലല്ലോ. ആയതിനാൽ ഞങ്ങളിതാ പ്രവാചകന്റെ എളാപ്പയായ അബ്ബാസ്ؓനോട് മഴക്ക് വേണ്ടി പ്രാർഥിക്കുവാൻ ആവശ്യപ്പെടുന്നു.' എന്നിട്ട് പറഞ്ഞു: 'അല്ലയോ അബ്ബാസ്! എഴുന്നേൽക്കുക, മഴക്ക് വേണ്ടി പ്രാർഥിക്കുക.'അബ്ബാസ്ؓ എഴുന്നേറ്റ് അല്ലാഹുവിനോട് പ്രാർഥിച്ചു. ജനങ്ങളെല്ലാം തന്നെ ആമീൻ പറയുകയും ചെയ്തു. അവർ കരയുകയും കണ്ണീർ പൊഴിക്കുകയും ചെയ്തു. അവരുടെ മുകളിൽ കാർമേഘം ഉരുണ്ട് കൂടുകയും മഴ വർഷിക്കുകയും ചെയ്യുന്നത് വരെ അവർ പ്രാർഥിച്ചു.

ഒന്നുകൂടി നാം സ്വഹാബികളിലേക്ക് നോക്കുക, അവരാണ് നമ്മെക്കാൾ മതത്തിൽ കൂടുതൽ അവഗാഹം നേടിയവർ. നബിﷺയെ നമ്മെക്കാൾ കൂടുതൽ സേനഹിച്ചവർ അവരാണ്. എന്നാൽ അവർക്ക് ആവശ്യങ്ങൾ നേരിട്ടപ്പോഴും പ്രയാസങ്ങളുണ്ടായപ്പോഴും അവരാരും പ്രവാചകന്റെ ക്വബ്‌റിന്നരികിൽ പോയി അദ്ദേഹത്തെ വിളിച്ച് പ്രാർഥിച്ചിട്ടില്ല. കാരണം അവർക്കറിയാമായിരുന്നു മരിച്ചവരോടുള്ള പ്രാർഥന അനുവദനീയമല്ലായെന്ന്; അത് പ്രവാചകനാകട്ടെ, ഔലിയാക്കളാകട്ടെ, ആരുമാകട്ടെ.

**നബിﷺയുടെ ക്വബ്ർ കെട്ടിയുയർത്തിയോ?**

നബിﷺയുടെ ക്വബ്ർ കെട്ടിയുയർത്തി ജാറമാക്കിയിട്ടുണ്ടെന്ന് ചില തൽപര കക്ഷികൾ പാമരജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു വരുന്നുണ്ട്. ഇതിന്റെ സത്യാവസ്ഥ എന്താണെന്ന് ഓരോ മുസ്‌ലിമും അറിഞ്ഞിരിക്കണം. നബിﷺ മരിച്ച സ്ഥലത്ത് തന്നെയാണ് മറമാടപ്പെട്ടതും. ഹദീഥിൽ വന്ന പ്രകാരം പ്രവാചകന്മാർ മരണപ്പെടുന്ന സ്ഥലത്ത്തന്നെ അവരെ മറമാടണം. ക്വബ്‌റിനെ പള്ളിയാക്കാതിരിക്കുവാൻ വേണ്ടി ആഇശؓന്റെ റൂമിലായിരുന്നു നബിﷺയെ മറമാടിയത്. ഇതാണ് യഥാർഥ്യം.

ആഇശؓയുടെ ഹദീഥിൽ നമുക്ക് ഇപ്രകാരം കാണാം: "നബിﷺ മരിക്കുന്നതിന്റെ തൊട്ട് മുമ്പ് രോഗശയ്യയിൽ കിടന്ന് പറഞ്ഞു: 'ജൂത-ക്രൈസ്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു. അവർ അവരുടെ പ്രവാചകന്മാരുടെ ക്വബ്‌റുകളെ പള്ളികളാക്കിയിരിക്കുന്നു.' ആഇശؓ പറയുന്നു: 'ഇത് ഭയപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ നബിﷺയുടെ ക്വബ്‌റിനെ മറയ്ക്കാതെ തുറന്നിടുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

അതെ, നബിﷺയെ മറമാടിയത് ആഇശാؓയുടെ വീട്ടിലാണ്. ആ വീട് കിഴക്ക് ഭാഗത്ത് പള്ളിയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. കാലം കടന്ന് പോയി, ജനങ്ങൾ വർധിച്ച് കൊണ്ടേയിരുന്നു. സ്വഹാബികൾ പള്ളി പല ഭാഗങ്ങളിലേക്കും വികസിപ്പിച്ചു. ക്വബ്‌റുള്ള ഭാഗം മാത്രം വികസിപ്പിച്ചില്ല. പടിഞ്ഞാറും തെക്കും വടക്കും പള്ളി വികസിപ്പിച്ചു. കിഴക്ക് മാത്രം വികസിപ്പിച്ചില്ല. കാരണം ക്വബ്ർ അവർക്കതിന് തടസ്സമായിരുന്നു. ഹിജ്‌റ 88ൽ (നബിﷺ മരിച്ച് 77 വർഷത്തിന് ശേഷം) മദീനയിലുണ്ടായിരുന്ന അധിക സ്വഹാബികളും മരിച്ച് കഴിഞ്ഞതിന് ശേഷം, ഖലീഫ വലീദ്ബ്‌നുഅബ്ദുൽ മലിക് പള്ളിയുടെ വികസനത്തിന് വേണ്ടി പള്ളി പൊളിക്കാനും എല്ലാ ഭാഗത്തും പള്ളി വികസിപ്പിക്കാനും നബിﷺയുടെ ഭാര്യമാരുടെ വീടുകളും പള്ളിയിലേക്ക് കൂട്ടിച്ചേർക്കാനും കൽപിച്ചു. കിഴക്ക് ഭാഗത്ത് വികസിപ്പിച്ചപ്പോൾ ആഇശؓയുടെ റൂമായിരുന്ന, നബിﷺയുടെ ക്വബ്‌റുള്ള

സ്ഥലവും പള്ളിക്കുള്ളിൽ വന്നു" (അർറദ്ദ് അൽഅഖ്നാഇ, പേജ്: 184; മജ്മൂഉൽഫതാവ, വാള്യം 27, പേജ്: 323; താരീഖ് ഇബ്നുകഥീർ വാള്യം: 9 പേജ്: 74).

ഇതാണ് പള്ളിയുടെയും ഖബ്റിന്റെയും അവസ്ഥയും യാഥാർഥ്യവും. സ്വഹാബികൾക്ക് ശേഷം സംഭവിച്ച ഒരു കാര്യം ചൂണ്ടിക്കാണിച്ച് കൊണ്ട് തെളിവ് പിടിക്കാൻ ആർക്കും തന്നെ ഇസ്‌ലാമിൽ അധി കാരമില്ല. കാരണം ക്വബ്ർ പള്ളിയിൽ കുട്ടിച്ചേർത്തത് ശരിയായ ഹദീഥിനും സലഫുസ്സ്വാലിഹുകളുടെ ചര്യക്കെതിരുമാണ്. വലിദ്ബ്നു അബ്ദുൽ മലികിന് തെറ്റ് സംഭവിച്ചു (അല്ലാഹു അദ്ദേഹത്തിനത് പൊറുത്ത് കൊടുക്കുമാറാവട്ടെ). കാരണം നബിﷺ അത് വിലക്കിയിട്ടുണ്ട്. യഥാർഥത്തിൽ സ്വഹാബികൾ ചെയ്തത് പോലെ ക്വബ്റില്ലാത്ത ഭാഗം മാത്രമെ വികസിപ്പിക്കുവാൻ പാടുണ്ടായിരുന്നുള്ളൂ. ക്വബ്റിന് മുകളിലുള്ള ഖുബ്ബയുടെ അവസ്ഥയും ഇങ്ങനെ തന്നെയാണ്. അത് നിർമിച്ചത് നബിﷺയോ സ്വഹാബികളോ താബിഉകളോ താബിഉത്താബിഉകളോ ആയിരുന്നില്ല. ഹിജ്റ 678 ൽ തുർക്കീ രാജാക്കന്മാരിൽ പെട്ട മൻസൂർ രാജാവെന്ന പേരിൽ പ്രസിദ്ധിയാർജിച്ച ഖാലവൂൻ സ്വാലിഹി ആണ് ഖുബ്ബ ഉണ്ടാക്കിയത്. (തഹ്ദീറുസ്സാജിദ്- അൽബാനി, പേജ്: 93; സ്വാറാഉൻ ബൈനൽ ഹക്വി വൽ ബാത്വിൽ- സഅ്ദ് സ്വാദിഖ്, പേജ്: 106; തത്ഹീറുൽ ഇഹ്തികാദ്- പേജ്: 43).

നമ്മുടെ നാട്ടിൽ ഏറെ അറിയപ്പെടുന്ന പണ്ഡിതനായ സൈനുദ്ദീൻ മഖ്ദൂം എഴുതിയ, പള്ളിദർസുകളിൽ പഠിപ്പിക്കപ്പെടുന്ന ഫത്ഹുൽ മുഈനിൽ എഴുതിവെച്ചിട്ടുള്ളത് ക്വബ്ർ ഒരു ചാണിലധികം കെട്ടിപ്പൊക്കാൻ പാടില്ല എന്നാണ്. എന്നിട്ടും ഇതിന് വിരുദ്ധമായി ക്വബ്റുകൾ കെട്ടിപ്പൊക്കുന്നതും ആരാധനാ കേന്ദ്രമാക്കുന്നതും എന്തിനാണെന്ന് ചിന്തിക്കുക. നാം അല്ലാഹുവിൽ അഭയം പ്രാപിക്കുക. സ്വഹീഹ് മുസ്‌ലിമിന്റെ വിശദീകരണത്തിൽ ഇമാം നവവി(റഹി) പറയുന്നു: "ക്വബ്ർ കുമ്മായമിടാനോ, അവിടെ വിളക്ക് കത്തിക്കാനോ പാടില്ല"(ശറഹ് മുസ്‌ലിം).

മുസ്‌ലിം സമൂഹമേ! അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകുക. അവനിൽ പൂർണമായി വിശ്വസിക്കുക. സലഫുസ്സ്വാലിഹുകളിൽ ആരെങ്കിലും, നാല് ഇമാമുകളിൽ പെട്ട ആരെങ്കിലും ക്വബ്ർ കെട്ടിപ്പൊക്കാമെന്നും കുമ്മായം പൂശാമെന്നും പറഞ്ഞതായി തെളിയിക്കാൻ സാധ്യമല്ല. ക്വബ്റാളികളോട് അവർ ഇസ്തിഗാഥ നടത്തിയതിനും ശുപാർ തേടിയതിനും യാതൊരുതെളിവുമില്ല.

സലഫുസ്സ്വാലിഹുകൾ പ്രവാചകന്റെയോ അഹ്ലുബൈതിന്റെയോ സ്വഹാബിമാരുടെയോ അതല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയുടെയോ ക്വബ്റിന്നരികിൽ പോയി തങ്ങളുടെ പ്രയാസങ്ങൾ നീക്കുവാനും ആവശ്യങ്ങൾ നിറവേറ്റാനും വേണ്ടി ആവശ്യപ്പെട്ടതായി കാണാൻ സാധ്യമല്ല. പ്രവാചകൻﷺയെക്കാളും സ്വഹാബികളെക്കാളും വലിയവരാണോ ഇന്ന് വിളിച്ചു തേടപ്പെടുന്ന രിഫാഈ ശൈഖും മുഹ്‌യുദ്ദീൻ ശൈഖും മുനമ്പത്തെ ബീവിയും മമ്പുറം തങ്ങളും ഏർവാടി ശൈഖും ഓമാനൂർ ശുഹദാക്കളും മറ്റും..?

**ക്വബ്ർ സന്ദർശനം**

ക്വബ്ർ സിയാറത്ത് സുന്നത്താണ്. പ്രവാചക തിരുമേനിﷺ ക്വബ്ർ സിയാറത്ത് ചെയ്യുവാൻ നിർദേശിച്ചിട്ടുണ്ട്. കൂടെ അതിന്റെ ലക്ഷ്യവും വിശദീകരിച്ചിട്ടുണ്ട്. പ്രവാചകൻﷺ പറയുന്നു: "നിങ്ങൾ ക്വബ്ർ സന്ദർശിക്കുക. അത് നിങ്ങളെ മരണത്തെ ഓർമിപ്പിക്കുന്നതാണ്" (മുസ്‌ലിം).

"ഞാൻ നിങ്ങൾക്ക് ആദ്യകാലത്ത് ക്വബ്ർ സന്ദർശനം വിലക്കിയിരുന്നു. എന്നാൽ നിങ്ങൾ ക്വബ്ർ സന്ദർശിക്കുക" (മുസ്‌ലിം).

നബിﷺ ക്വബ്ർ സന്ദർശിക്കുമ്പോൾ ഇങ്ങനെ പ്രാർഥിക്കുമായിരുന്നു: "വിശ്വാസികളിലും മുസ്‌ലിംകളിലും പെട്ടവരേ, നിങ്ങൾക്ക് അല്ലാഹുവിന്റെ സമാധാനം ഉണ്ടാവട്ടെ. നിങ്ങൾ ഞങ്ങളുടെ മുൻഗാമികളാണ്. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങളോടൊപ്പം ഞങ്ങളും ചേരുന്നതാണ്. നിങ്ങൾ ഞങ്ങളെ കാത്തിരിക്കുന്നവരും ഞങ്ങൾ നിങ്ങളെ പിൻപറ്റുന്നവരുമാണ്. ഞങ്ങൾക്കും നിങ്ങൾക്കും അല്ലാഹുവിനോട് രക്ഷ ചോദിക്കുന്നു" (മുസ്‌ലിം).

**ക്വബ്ർ സന്ദർശനത്തിന്റെ ഗുണങ്ങൾ**

അത് മരണത്തെ ഓർമിപ്പിക്കും. അമിതമായ പ്രതീക്ഷ ഇല്ലാതാക്കും. ദുൻയാവിൽ വിരക്തിയുണ്ടാക്കും. അതിലൂടെ ഹൃദയം ലോലമാവും. ഭയത്താൽ കണ്ണീർ പൊഴിക്കാൻ കാരണമാകും. അശ്രദ്ധ ഇല്ലാതാവും... എന്നാൽ നമ്മുടെ നാട്ടിൽ ഭൂരിപക്ഷം മുസ്‌ലിംകളും ക്വബ്ർ സിയാറത്ത് നടത്തുന്നത് എന്തിനാണ്? രോഗശമനത്തിന്, സന്താന സൗഭാഗ്യത്തിന്, കുട്ടികളെ കെട്ടിച്ചയക്കുവാൻ, ആഗ്രഹ സഫലീകരണത്തിന് തുടങ്ങിയവക്ക്! മരണത്തെ ഓർക്കുവാൻ വേണ്ടി ഇക്കൂട്ടർ ക്വബ്ർ സന്ദർശിക്കാറുണ്ടോ? പ്രവാചകൻﷺ ക്വബ്ർ സന്ദർശിച്ചപ്പോൾ അവിടെ നിലവിളക്കും ചന്ദനത്തിരിയും കത്തിച്ചിരുന്നോ? കാണിക്ക അർപ്പിച്ചിരുന്നോ?

"അല്ലാഹു തന്റെ ദാസന്ന് മതിയായവനല്ലയോ?" (സുമർ:36).

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com

# പേര് പരതുമ്പോൾ...

ഒരു കുഞ്ഞ് ജനിച്ചാൽ ഏത് രക്ഷിതാവും തേടി നടക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് ഒരു നല്ല പേര്. ഇസ്‌ലാമിക് പാരന്റിംഗിൽ പേരിന് പൊരുളും പ്രാധാന്യവും ഉണ്ട്. കുഞ്ഞിന് നല്ല പേരിടുക എന്നത് മതപരമായ നിർദേശമാണ്. ആ വിഷയത്തിൽ കൃത്യമായ മാർഗദർശനം ഇസ്‌ലാം നൽകിയിട്ടുണ്ട്. ഒരു കുഞ്ഞിന്റെ പേര് അവന്റെ മരണം വരെയും പരലോകത്തും വിളിക്കപ്പെടാനുള്ളതാണ്.

'നല്ല പേര്' എന്നത് മറക്കാവതല്ല. അല്ലാഹുവിന്റെ നാമങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നേടത്ത് 'നല്ല നാമങ്ങൾ' എന്ന പ്രയോഗം കാണാം. ഈ സുന്ദരനാമങ്ങൾ ഉപയോഗിച്ചാവണം അവനെ വിളിച്ച് പ്രാർഥിക്കേണ്ടതെന്ന് അല്ലാഹു ഉണർത്തുന്നുണ്ട്. അല്ലാഹു പറയുന്നു: "അല്ലാഹുവിന് ഏറ്റവും നല്ല നാമങ്ങളുണ്ട്. അതിനാൽ ആ പേരുകളിൽ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും" (7/180).

"നബിയേ; പറയുക: നിങ്ങൾ അല്ലാഹു എന്ന് വിളിച്ചുകൊള്ളുക, അല്ലെങ്കിൽ റഹ്‌മാൻ എന്ന് വിളിച്ചുകൊള്ളുക. ഏത് തന്നെ നിങ്ങൾ വിളിക്കുകയാണെങ്കിലും അവന്നുള്ളതാകുന്നു ഉത്കൃഷ്ടനാമങ്ങൾ" (17/110).

സകരിയ്യാ നബിക്ക് ലഭിച്ച മകന് 'യഹ്‌യ' എന്ന പേര് നൽകിയത് അല്ലാഹുവാണെന്ന് മാത്രമല്ല, അതിനെ അല്ലാഹു പ്രശംസിക്കുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം പേരിടൽ ശ്രദ്ധിച്ച് വേണമെന്നതിലേക്കുള്ള സൂചനകളാണ്. അതുകൊണ്ടാണ് നബി ഇങ്ങനെ പറഞ്ഞത്: "നിങ്ങൾ തീർച്ചയായും ഉയിർത്തെഴുന്നേൽപിന്റെ നാളിൽ വിളിക്കപ്പെടുക നിങ്ങളുടെയും പിതാക്കളുടെയും പേരിലായിരിക്കും. ആയതിനാൽ നിങ്ങളുടെ പേരുകൾ നന്നാക്കുക" (അബൂദാവൂദ്).

അബ്ദുല്ലാഹ്ബ്നു ഉമർ വിൽ നിന്ന് ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: നബി പറഞ്ഞു: "നിങ്ങളുടെ പേരുകളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് അബ്ദുല്ലലഹ്, അബ്ദുർറഹ്‌മാൻ തുടങ്ങിയ പേരുകളാണ്."

ചിലപ്പോൾ മാതാപിതാക്കളുടെ അജ്ഞത നിമിത്തമോ അശ്രദ്ധനിമിത്തമോ മോശം പേരുകൾ നൽകപ്പെട്ടാൽ വിവേകമതികളും പണ്ഡിതന്മാരുമായവരുടെ ഇടപെടൽ മൂലമോ സ്വയം ബോധ്യത്താലോ അവ മാറ്റാവുന്നതാണ്. പ്രവാചകൻ അപ്രകാരം ചെയ്യാറുണ്ടായിരുന്നതായി ആഇശ പറഞ്ഞതായി ഇമാം തിർമിദി ഉദ്ധരിച്ചിട്ടുണ്ട്. ഇബ്നു ഉമർ പറയുന്നു: "ഉമർ വിന് 'ധിക്കാരി' എന്ന് അർഥമുള്ള 'ആസിയ' എന്ന് പേരുള്ള ഒരു മകളുണ്ടായിരുന്നു. അല്ലാഹുവിന്റെ ദൂതർ അവർക്ക് 'സുന്ദരി' എന്നർഥമുള്ള 'ജമീല' എന്ന് പേര് നൽകി."

കുഞ്ഞിന് ലഭിക്കേണ്ട ആദ്യത്തെ ആദരവാണ് അവന്റെ/അവളുടെ പേര്. പ്രവാചകന്മാരുടെയും സച്ചരിതരായ മഹാന്മാരുടെയുമൊക്കെ പേരുകൾ തിരഞ്ഞെടുക്കുന്നത് പ്രോത്സാഹനാജനകമാണ്. ഒരിക്കൽ നബി പറഞ്ഞു: "ഇന്ന് രാത്രിയിൽ എനിക്ക് ഒരു മകൻ ജനിച്ചു. ഞാനവന് എന്റെ (പൂർവ) പിതാവായ ഇബ്റാഹീമിന്റെ പേര് നൽകി" (മുസ്‌ലിം).

മുസ്‌ലിംകൾക്കിടയിൽ മുഹമ്മദ് എന്ന് പേരിടുന്നതിലുള്ള താൽപര്യം ഒരു പക്ഷേ, ഈ വികാരത്തിൽ നിന്നുണ്ടായതാവണം. മുഹമ്മദ് നബിയുടെ പേരിടുന്നതും പ്രവാചകന്റെ വിളിപ്പേരായ അബുൽ ക്വാസിം എന്ന് വിളിക്കുന്നതും പ്രവാചകനോടുള്ള അനാദരവാകുമോ എന്ന് സ്വഹാബിമാർ ഭയപ്പെട്ടിരുന്നു. ഒരിക്കൽ ജാബിർ പറഞ്ഞു: "ഞങ്ങളിൽ ഒരാൾക്ക് ഒരു കുട്ടി ജനിക്കുകയും മുഹമ്മദ് എന്ന് പേരു നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ ആൾക്കാർ അദ്ദേഹത്തോട് പറഞ്ഞു: 'നിന്നെ ഞങ്ങൾ ഞങ്ങളുടെ പ്രവാചകന്റെ പേര് പറഞ്ഞ് വിളിക്കില്ല.' (മുഹമ്മദ് എന്ന് ഒറ്റക്ക് വിളിക്കുന്നത് ഒരു അനാദരവായി അവർ കണ്ടു. അവർ പ്രവാചകരേ, ദൈവദൂതരേ എന്നൊക്കെയാണ് നബിയെ അഭിസംബോധന ചെയ്തിരുന്നത്). അപ്പോൾ അദ്ദേഹം കുട്ടിയെയും എടുത്തുകൊണ്ട് നബിസന്നിധിയിൽ വന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ എന്റെ കുഞ്ഞിന് മുഹമ്മദ് എന്ന് പേരിട്ടു. അപ്പോൾ എന്റെ ജനത പറയുന്നു, അല്ലാഹുവിന്റെ ദൂതരുടെ പേര് വെച്ച് നിന്നെ ഞങ്ങൾ വിളിക്കില്ല എന്ന്.' അപ്പോൾ പ്രവാചകൻ പറഞ്ഞു: 'എന്റെ പേര് കൊണ്ട് നിങ്ങൾ പേരിടുക. എന്റെ വിളിപ്പേര് നൽകാതിരിക്കുകയും ചെയ്യുക (അബുൽക്വാസിം). തീർച്ചയായും ഞാൻ വീതംവെക്കുന്നവൻ (ക്വാസിം) ആണ്. നിങ്ങൾക്ക് ഞാൻ വീതിച്ച് നൽകുന്നു" (മുസ്‌ലിം).

ഒരു കുഞ്ഞിന് ജനിച്ച ഉടനെ തന്നെ പേര് നൽകാവുന്നതാണ്. എന്നാൽ ഏഴാം നാളിൽ പേരിടുന്നതാണ് ഉത്തമം. നബിﷺ മകൻ ഇബ്റാഹീമിന് പേരിട്ടത് ജനിച്ച അതേ രാത്രിയിൽ തന്നെയാണ്. ഏഴാം നാളിൽ പേര് നൽകണമെന്ന നബി വചനങ്ങളും വന്നിട്ടുണ്ട്. ഇതിൽ നിന്ന് നമുക്ക് മനസ്സിലാവുന്നത് പേര് പരമാവധി നേരത്തെ നൽകുകയാണ് ഉത്തമമെന്നും മുടിയെടുക്കുകയും അകീക്വ അറുക്കുകയും ചെയ്യുന്ന ദിവസം പേരിടൽ കൂടി നടക്കേണ്ടതുണ്ടെന്നുമാണ്.

ചില പേരുകളെ ഇസ്‌ലാം നിഷിദ്ധവും വെറുക്കപ്പെട്ടതും ആക്കിയിട്ടുണ്ട്. അല്ലാഹു അല്ലാത്തവരുടെ അടിമ, ദാസൻ എന്നർഥം വരുന്ന പേരുകൾ നബിﷺ മാറ്റിയിട്ടുണ്ട്. ഒരിക്കൽ അബ്ദുൽ ഹജർ എന്നുപേരുള്ള ഒരു വ്യക്തി നബിയുടെ അടുക്കൽ വരികയും പേര് ചോദിച്ചപ്പോൾ അബ്ദുൽ ഹജർ (കല്ലിന്റെ ദാസൻ) എന്ന് മറപടി പറയുകയും ചെയ്തു. അപ്പോൾ നബി(സ്വ) പറഞ്ഞു: 'താങ്കൾ അബ്ദുല്ലയാണ്' (അദബുൽ മുഫ്‌റദ്). സത്യത്തിൽ അബ്ദുൽ മനാഫ്, അബ്ദുൽ മുത്ത്വലിബ് തുടങ്ങി അല്ലാഹുവിന്റെ നാമവിശേഷണങ്ങളല്ലാത്തതിലേക്ക് അബ്ദ് (അടിമ) എന്ന പദം ചേർത്ത പേരുകൾ മുസ്‌ലിംകൾക്കിടയിൽ കണ്ടുവരുന്നത് പേരിടുമ്പോൾ സൂക്ഷ്മത കാണിക്കാത്തിനാലാണ്. അല്ലാഹുവിന് മാത്രം അവകാശപ്പെട്ട പേരുകൾ സ്വീകരിക്കുന്നതും തെറ്റാണ്. നബിﷺ പറഞ്ഞു: "അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും അപകടകരമായ പേര് ഒരാൾ രാജാക്കന്മാരുടെ രാജാവ് എന്ന് പേരിടലാണ്" (മുസ്‌ലിം).

ഇന്റർനെറ്റിൽ പരതി ചില അക്ഷരങ്ങളുടെ കൂട്ടായ്മയിൽ, അധികമറിയപ്പെടാത്ത ഒന്ന് രണ്ട് പദങ്ങൾ തിരഞ്ഞെടുത്ത് അതിന്റെ അർഥം തേടിപ്പിടിക്കാൻ ഉസ്താദുമാരെ ഏൽപിച്ച് സായൂജ്യമടയുന്നവരാണിന്ന് വിദ്യാസമ്പന്നരായ രക്ഷിതാക്കൾ പോലും. പലപ്പോഴും അതാത് കാലത്തെ കളിരംഗത്തോ, കലാരംഗത്തോ, ഫാഷൻ രംഗത്തോ ചായക്കോപ്പയിലെ ആവിയുടെ ആയുസ്സിൽ പ്രശസ്തരായവരുടെ മുറിപ്പേരുകൾ ചാർത്തി നൽകുന്നു. ആണെന്നോ പെണ്ണെന്നോ മുസ്‌ലിമെന്നോ അമുസ്‌ലിമെന്നോ തിരിച്ചറിയാൻ കഴിയാത്ത പേരുകൾ! നല്ല ഗൃഹപാഠം ചെയ്ത് തിരഞ്ഞെടുക്കേണ്ട ദൗത്യമാണ് പേരിടൽ എന്നതാണ് പ്രവാചകാധ്യാപനങ്ങൾ മുസ്‌ലിമിനെ പഠിപ്പിക്കുന്നത്.

മക്കളുടെ പേരുകൾ പിതാവിന്റെ പേരിലേക്ക് ചേർത്തു വിളിക്കുവാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഭാര്യയുടെ പേരിലേക്ക് ഭർത്താവിന്റെ പേര് ചേർത്തു വിളിക്കുന്ന പതിവാണ് ഇന്ന് മുസ്‌ലിംകൾക്കിടയിൽ കണ്ടുവരുന്നത്. സ്വാബിറ നൗഷാദ് എന്ന പേര് കണ്ടാൽ നൗഷാദിന്റെ ഭാര്യയെന്ന് ഉറപ്പ്. എന്നാൽ സ്വാബിറയുടെ പിതാവിന്റെ പേര് മുഹമ്മദ് എന്നാണെങ്കിൽ സ്വാബിറ മുഹമ്മദ് അഥവാ സ്വാബിറ ബിൻത് മുഹമ്മദ് എന്നാണ് വിളിക്കേണ്ടത്. ദത്ത് പുത്രന്മാരെപ്പോലും അവരുടെ പിതാക്കന്മാരിലേക്ക് ചേർത്ത് വിളിക്കണമെന്നാണ് ക്വുർആനിന്റെകൽപന. അപ്പോൾ സ്വന്തം മക്കളെയോ? അല്ലാഹു പറയുന്നു: "നിങ്ങൾ അവരെ (ദത്ത് പുത്രന്മാരെ) അവരുടെ പിതാക്കന്മാരിലേക്ക് ചേർത്ത് വിളിക്കുക. അതാണ് അല്ലാഹുവിന്റെ അടുക്കൽ നീതിപൂർവകമായിട്ടുള്ളത്" (അൽഅഹ്സാബ്: 5).

പേര് രജിസ്റ്റർ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ഒന്നാണിത്. സ്വന്തം നാടുവിട്ട് ലോകത്തെവിടെയും പോയി ജീവിക്കുന്ന സാഹചര്യം വർധിച്ച് വരുന്ന ഇന്ന് പേരിന്റെ കൂടെ വീട്ടുപേര് ചേർക്കുന്നത് വലിയ പ്രയോജനം ചെയ്യില്ല. പിതാവിന്റെ പേര് ചേർത്ത് രജിസ്റ്റർ ചെയ്യുന്നതാണ് ഉത്തമം. വ്യക്തിയുടെ യഥാർഥ പേര്, പിതാവിന്റെ പേര്, കുടുംബ പേര്/വല്ല്യുപ്പയുടെ പേര്... എന്നിങ്ങനെയാണ് ലോകത്ത് പൊതുവെ പേരുകൾ ചേർക്കപ്പെടുന്നത്. ഒന്നിലധികം പേരുകൾ കണ്ടാൽതന്നെ അത് മനസ്സിലാക്കപ്പെടുന്നത് ഈ ക്രമത്തിലാണെന്ന് കൂടി നാം അറിയണം. പ്രത്യേകിച്ച് അറബ് ലോകത്ത്. ഉദാഹരണത്തിന് എന്റെ ഒരു കുട്ടിയുടെ പേര് ആമിർ എന്നാണ്. അവന്റെ ജനന സർട്ടിഫിക്കറ്റ് മുതൽ മുഴുവൻ റിക്കോർഡുകളിലും ആമിർ മുഹമ്മദ് അഷ്റഫ് എന്നാണ്. എന്നാൽ എന്റെ പേര് റിക്കാർഡിലുള്ളത് മുഹമ്മദ് അഷ്റഫ് തയ്യുള്ളതിൽ എന്നാണ്. ഈ തയ്യുള്ളതിൽ എന്താണെന്ന് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള പ്രയാസം എന്റെ മക്കൾക്കുണ്ടാവില്ലെന്നർഥം.

ഇതര ഭാഷയിലെ പദങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അത് നമ്മുടെ ഭാഷയിൽ എഴുതുമ്പോൾ അർഥവ്യത്യാസം വരാൻ സാധ്യതയില്ലാത്തതാകണം. ഉദാഹരണം, ഫള്ലുർറഹ്മാൻ എന്ന് നാം പേരിടാറുണ്ട്. കാരുണ്യവാന്റെ ഔദാര്യം എന്നാണർഥം. ഈ അറബി നാമം മലയാളത്തിലും ഇംഗ്ലീഷിലുമെല്ലാം പലപ്പോഴും എഴുതുകയും പറയുകയും ചെയ്യുന്നത് ഫസ്‌ലുർറഹ്മാൻ എന്നാണ്. ഫസ്ൽ എന്നാൽ വേർപെടുത്തുക എന്നാണർഥം. അപ്പോൾ കാരുണ്യവാന്റെ വേർപെടുത്തൽ എന്നാവും. ഇങ്ങനെ മാറാൻ സാധ്യതയുള്ള പേരുകൾ ഒഴിവാക്കണം.

മൂത്ത ആൺകുട്ടിയുടെ പേര് ചേർത്ത് പിതാവിനെ വിളിക്കുന്ന സമ്പ്രദായം പലസമൂഹങ്ങളിലും പണ്ടുമുതലേ നിലവിലുണ്ട്. അതനുസരിച്ച് നബിﷺയെ അബുൽ ക്വാസിം എന്നായിരുന്നവല്ലോ വിളിച്ചിരുന്നത്. ഇത് പ്രവാചകൻ വിലക്കിയില്ലെന്ന് മാത്രമല്ല, ഒരിക്കൽ ആഇശ رضي الله عنها നബിﷺയോട് പറഞ്ഞു: "ഞാനല്ലാത്ത താങ്കളുടെ എല്ലാ ഭാര്യമാർക്കും താങ്കൾ കുൻയത്ത് (വിളിപ്പേര്) നൽകി." അപ്പോൾ നബി ﷺ പറഞ്ഞു: "നീ ഉമ്മു അബ്ദില്ലയാണ്" (ഇബ്നുമാജ). ആദരവായും പുകഴ്ത്തലായും വിളിപ്പേര് നൽകാറുണ്ട്. ഉദാഹരണത്തിന് നബിﷺ അബൂബക്കർ رضي الله عنه വിന് 'സ്വിദ്ദീക്വ്' (സത്യപ്പെടുത്തുന്നവൻ) എന്ന അധികപ്പേര് നൽകി. അതുപോലെ ഓമനപ്പേര് വിളിക്കാവുന്നതാണ്. നബിﷺ കുട്ടികളെ അങ്ങനെ വിളിക്കാറുണ്ടായിരുന്നു.

കുഞ്ഞിന് പേരിടൽ നിസ്സാരമായി എടുക്കേണ്ട ഒരു വിഷയമല്ല എന്ന് ചുരുക്കം. മരണം വരെയും മരണാനന്തരം പരലോകത്തും ഒരു മനുഷ്യനെ വിട്ടുപിരിയാത്ത ഒന്നാണ് അവന്റെ പേര്. അതിനാൽ തന്നെ സ്രഷ്ടാവിന്റെ ദൈവികദർശനത്തിന്റെ വെളിച്ചത്തിലാവണം ഒരു മുസ്‌ലിം കുഞ്ഞിന്റെ പേര് പരതുന്നത്. ●

ചലനങ്ങൾ

കെ.കെ.ഐ.സി നാലാമത് ഇസ്‌ലാമിക് സെമിനാർ സമാപിച്ചു

## ഇന്ത്യൻ മുസ്‌ലിംകൾ നിരാശരാകേണ്ടതില്ല: ഇ.ടി. മുഹമ്മദ് ബഷീർ എം. പി

ഫർവാനിയ: വർത്തമാന കാല പ്രതികൂല സാഹചര്യങ്ങൾ ഇന്ത്യൻ മുസ്‌ലിംകളെ നിരാശപ്പെടുത്തേണ്ടതില്ലെന്നും ഭരണഘടനാപരമായ അവകാശങ്ങൾക്കു വേണ്ടി ധീരമായ നിയമപോരാട്ടങ്ങളുമായി മുന്നോട്ട് പോകുമെന്നും ഇ.ടി. മുഹമ്മദ് ബഷീർ എം.പി പ്രസ്താവിച്ചു. ഇസ്‌ലാമിനെ യഥാവിധി ഉൾക്കൊണ്ട് സമൂഹത്തിൽ അവതരിപ്പിക്കാനും ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ പടച്ചുണ്ടാക്കിയ പ്രചാരണങ്ങളെ നിർഭയമായി നേരിടാനും പൊതുപ്രശ്നങ്ങളിൽ ഒരുമിച്ചുനിൽക്കാനും മുസ്‌ലിംകൾ തയ്യാറാവണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

കുവൈത്ത് കേരളാ ഇസ്‌ലാഹി സെന്റർ സംഘടിപ്പിച്ച നാലാമത് ഇസ്‌ലാമിക് സെമിനാറിന്റെ പൊതുസമ്മേളനത്തിൽ 'ഇന്ത്യൻ മുസ്‌ലിംകൾ വർത്തമാനവും ഭാവിയും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അടിസ്ഥാനമില്ലാത്ത വിവാദങ്ങളുണ്ടാക്കി വിശ്വാസ പ്രബോധന സ്വാതന്ത്ര്യത്തിന് വിലങ്ങിടാനുള്ള ശ്രമങ്ങളെ വകവെക്കാനോ ഭീതിയുടെ പ്രചാരണങ്ങൾക്ക് വഴങ്ങി കൊടുക്കാനോ പാടില്ല. എന്നാൽ സമുദായത്തിനകത്ത് പരസ്പരം തീവ്രവാദമാരോപിക്കുകയും അനാവശ്യ പ്രകോപനങ്ങളുണ്ടാക്കി എതിരാളികളുടെ ജോലി എളുപ്പമാക്കുകയും ചെയ്യുന്ന അവിവേകവും സംഭവിക്കാൻ പാടില്ലാത്തതാണെന്ന് അദ്ദേഹം ഉണർത്തി.

ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിലുള്ള ആദർശപരമായ യോജിപ്പാണ് യഥാർഥ മുസ്‌ലിം ഐക്യത്തിന്റെ അടിത്തറയെന്നും ആദർശപരമായ വിയോജിപ്പുകളുള്ളപ്പോൾ തന്നെ പൊതുപ്രശ്നങ്ങളിൽ ഒന്നിച്ചുനിൽക്കുന്ന സാമുദായിക ഐക്യം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും 'മുസ്‌ലിം ഐക്യം' എന്ന വിഷയമവതരിപ്പിച്ച് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ജനറൽ കൺവീനർ ടി.കെ അശ്റഫ് പ്രസ്താവിച്ചു .

പ്രപഞ്ചസംവിധാനം മുഴുവൻ സ്രഷ്ടാവിന്റെ നിയമങ്ങൾക്കു വഴങ്ങിയിരിക്കുന്നതു പോലെ മനുഷ്യൻ സ്രഷ്ടാവിന്റെ മാർഗദർശനത്തിനു വഴങ്ങുന്ന സ്വയം സമർപ്പണമാണ് ഇസ്‌ലാം എന്ന് മുജാഹിദ് ബാലുശ്ശേരി ചൂണ്ടിക്കാട്ടി. 'പ്രകൃതിയുടെ മതം' എന്ന വിഷയമവതിരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊതുസമ്മേളനം ഇഹ്‌യാഉത്തുറാസിൽ ഇസ്‌ലാമി ചെയർമാൻ ശൈഖ് താരിഖ് സാമി സുൽത്താൻ അൽ ഈസ ഉദ്ഘാടനം ചെയ്തു. സെന്റർ പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. മസ്ജിദുൽ കബീർ ഡയരക്ടർ റൂമി അൽ റൂമി, ആദിബ് അൽ ഗാസി (സൂഖുൽ ഇമാറാത്ത്), ഹാരിസ് ഐദീദ് (ഫിമ) എന്നിവർ സംസാരിച്ചു. എൻ.കെ അബ്ദുസ്സലാം സ്വാഗതവും സി.പി അബ്ദുൽ അസീസ് നന്ദിയും പറഞ്ഞു.

## വ്യാജ ആത്മീയ കേന്ദ്രങ്ങൾ അടച്ചുപൂട്ടണം

കോഴിക്കോട്: ആത്മീയ വാണിഭം നടക്കുന്ന എല്ലാ കേന്ദ്രങ്ങളും അടച്ചുപൂട്ടണമെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ജില്ലാ മുജാഹിദ് സംഗമം ആവശ്യപ്പെട്ടു. ചൂഷകരായ മുഴുവൻ സിദ്ധന്മാരയും കൂട്ടാളികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം.

നാസിർ ബാലുശ്ശേരി ഉദ്ഘാടനം ചെയ്തു. ഉമർ അത്തോളി ആധ്യക്ഷ്യം വഹിച്ചു. ഹസൻ അൻസാരി, ഹംസ മദീനി എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. അശ്റഫ് കല്ലായി, അസ്ഹർ ഫറോക്ക്, റഷീദ് നരിക്കുനി, സുഹൈൽ കല്ലായി സംസാരിച്ചു. വി.ടി ബശീർ സ്വാഗതവും ഫൈസൽ ഒളവണ്ണ നന്ദിയും പറഞ്ഞു.

## സന്ദേശയാത്ര നടത്തി

ആലത്തൂർ: എം.എസ്.എം മാർച്ച് 10. 11,12 തീയതികളിൽ പാലക്കാട്ട് വെച്ച് നടത്തുന്ന പ്രൊഫണൽ വിദ്യാർഥി സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ സന്ദേശ യാത്ര കെ.ഡി പ്രസന്നൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കെ.എ നൗഫൽ ആധ്യക്ഷ്യം വഹിച്ചു.

നൗഷാദ് കളത്തിങ്കൽ, ഷാജഹാൻ ആലത്തൂർ, ഇബ്‌റാഹീം, ലിയാക്കത്തലി, മൻസൂർ വെണ്ണക്കര, ഹബീബ് എന്നിവർ സംസാരിച്ചു.

## ധാർമികബാധമുള്ള പ്രൊഫഷണലുകൾ നാടിന്റെ സമ്പത്ത്

ദമ്മാം: ധാർമിക ബോധമുള്ള പ്രൊഫഷണലുകൾ നാടിന്റെ സമ്പത്താണെന്ന് ദമ്മാമിൽ നടന്ന പ്രീ പ്രൊഫ്കോൺ മീറ്റ് അഭിപ്രായപ്പെട്ടു. എം.എസ്.എം ദമ്മാം, അൽഖോബാർ കമ്മിറ്റികൾ സംയുക്തമായാണ് മീറ്റ് സംഘടിപ്പിച്ചത്.

എൻ.വി മുഹമ്മദ് സാലിം അരീക്കോട് ഉദ്ഘാടനം ചെയ്തു. ഹിഷാം കക്കോടി ആധ്യക്ഷ്യം വഹിച്ചു. അബ്ദുറഹ്മാൻ ഫാറൂഖി ചുങ്കത്തറ, മുഹമ്മദ് ശാകിർ സ്വലാഹി, മുഹമ്മദ് ബിൻ അസ്‌ലം എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. ജിഹാദ്, അനൂപ്, ആബിദ് ഷാ, ഫാസിൽ അഹ്മദ് സംസാരിച്ചു. അബ്ദുല്ല അബ്ദുൽ കരീം സ്വാഗതവും ആസിഫ് അബു നന്ദിയും പറഞ്ഞു.

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# സിനിമയും സ്ത്രീ സുരക്ഷയും

സിനിമാ നടിക്കു നേരെയുണ്ടായ അതിക്രമത്തെ ചൊല്ലിയുള്ള വാർത്തകളും വെളിപ്പെടുത്തലുകളും കേട്ട് തരിച്ചു നിൽക്കുകയാണ് മലയാളനാട്. വെള്ളിത്തിരയിൽ തിളങ്ങും താരത്തിന് യഥാർഥ ജീവിതത്തിൽ വില്ലന്മാരെ നേരിടേണ്ടിവന്നിരിക്കുന്ന ദുരന്തത്തിന്റെ ചൂടും ചൂരും കലർത്തിയ കഥകൾ പ്രചരിപ്പിച്ചു നിർവൃതിയടയുന്ന തിരക്കിലാണ് ഓൺലൈൻ പ്രധിഷേധ തൊഴിലാളികൾ. അപവാദ പ്രചാരണത്തിന്റെ അടുക്കളയിൽ വേവുന്ന ഗോസിപ്പ് വിവരങ്ങൾ കേട്ടാൽ തോന്നുക കേരളം 100% സാക്ഷരത നേടിയത് ഈ വിഷയത്തിലാണ് എന്നതാണ്.

ഏറ്റവും വേദനാജനകമായ വിഷയം മലയാളികളുടെ മാനസിക വൈകല്യം തന്നെയാണ്. ആരാന്റെ അമ്മക്കും മക്കൾക്കും ദുരിതം വരുമ്പോൾ അത് സൂം ചെയ്ത് ആസ്വദിക്കാൻ മടി കാണിക്കാത്ത കോട്ടും സ്യൂട്ടുമണിഞ്ഞ ഞരമ്പ് രോഗികളുടെ കേന്ദ്രമായി കേരളം മാറിയിരിക്കുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

മുമ്പ് കോട്ടയത്ത് നിന്ന് ആഴ്ച തോറും അടിച്ചിറക്കിയിരുന്ന 'മ' പ്രസിദ്ധീകരണങ്ങളിൽ അഭയം തേടിയിരുന്ന മാന്യന്മാർ മൂടുപടം മാറ്റി ചാനൽ മുറ്റത്ത് അഭിനവ മാധ്യമവാൽസ്യായന്മാരുടെ ചൂടാറാത്ത വിവരങ്ങൾക്ക് കാതോർത്തിരിക്കുന്ന രംഗമാണ് നമ്മെ ഏറെ ദുഃഖിപ്പിക്കേണ്ടത്. സ്ത്രീ പീഡനങ്ങളുടെയും ലൈംഗിക അതിക്രമങ്ങളുടെയും തൽസമയവിവരണം കൊണ്ട് മാത്രമെ ന്യൂസ് ചാനലുകൾക്ക് നിലവിലുള്ള ഉന്തിലും തള്ളിലും പിടിച്ചുനിൽക്കാൻ സാധിക്കൂ എന്ന സ്ഥിതി അപകടകരമാണ്.

ഇനി സിനിമയിലേക്കുവരാം. ഏതു കഥയും കഴമ്പില്ലാത്തവനും ഉള്ളിൽ തോന്നിയതൊക്കെ വാരിവലിച്ച് എഴുതി തിരക്കഥ എന്ന് പേരിട്ട് സെക്സും സ്റ്റണ്ടും സമാസമം ചേർത്ത് വാദ്യമേളങ്ങളുടെ അകമ്പടിയോടെ എഴുന്നള്ളിച്ചാൽ അതാണ് കല, അതാണ് യഥാർഥ സർഗാത്മകത എന്ന് പുലമ്പുന്ന എല്ലാ അവസരവാദി സാംസ്കാരിക നായകന്മാരുടെയും വായടപ്പിക്കുന്ന സംഭവങ്ങളാണ് സമീപകാലത്ത് നടന്ന പലതും.

മലയാള സിനിമക്ക് നാടിന്റെ സാംസ്കാരിക ജീർണതയിലുള്ള പങ്ക് ആഴത്തിൽ പഠനം നടത്തേണ്ട വിഷയമാണ്. മാന്യമായി ജീവിച്ചുവന്നിരുന്ന കുടുംബങ്ങളിൽ കല്ലുകടി വരുത്തുന്നതിൽ സിനിമ വഹിച്ച പങ്ക് ചെറുതല്ല. തിന്മയെ സാമാന്യവൽക്കരിക്കുവാനും ക്രിമിനലുകൾക്ക് താരപരിവേഷം നൽകി ഉയർത്തിക്കാണിക്കുവാനും മലയാള ചലച്ചിത്രം എന്നും മുന്നിലായിരുന്നു.

ചായ കുടിക്കുന്നതിനെക്കാൾ കൂടുതൽ മദ്യപാനം പ്രദർശിപ്പിച്ചും മയക്കുമരുന്നുകളെ രാസനാദിചൂർണത്തെക്കാൾ പ്രാധാന്യത്തോടെ പ്രചരിപ്പിച്ചും ആത്മഹത്യകളും കൊലപാതകങ്ങളും അവിഹിത ബന്ധങ്ങളും ഒളിച്ചോട്ടവും ഇടമുറിയാതെ ചിത്രീകരിച്ചും മലയാള സിനിമ സംഭാവന ചെയ്തത് പൾസർ സുനിയെ പോലെയുള്ളവരെയാണെന്നും ഒരു മനുഷ്യനെയെങ്കിലും അത് നന്നാക്കിയിട്ടില്ലെന്നും ഓർക്കുന്നത് തിരിച്ചറിവിന് നല്ലതാണ്.

ദൈവം കനിഞ്ഞുനൽകിയ പെൺമക്കളെ ഒന്നൊഴിയാതെ സിനിമാ നടിമാരാക്കി വളർത്താൻ മത്സരിക്കുന്ന രക്ഷിതാക്കളുടെ തലയിൽ ഇടിത്തീ വീഴ്ത്തിക്കൊണ്ടാണ് 'ഭാവനാസമ്പന്നമായ' പീഡന കഥകൾ പ്രചരിക്കുന്നത്. പിച്ചവെച്ച് നടക്കാൻ തുടങ്ങുന്നതിന് മുമ്പ് തന്നെ കാലിൽ ചിലമ്പ് കെട്ടിക്കൊടുത്ത് കെട്ടിയാടാൻ പാകത്തിനുള്ള കുട്ടിക്കോമരങ്ങളെ സംഭാവന ചെയ്തു എന്നതാണ് സിനിമാലോകം നാടിനു നൽകിയ മഹത്തായ സേവനം. തീർത്തും അരക്ഷിതമായ ജന്മങ്ങളായി മാറിയിരിക്കുന്നു സിനിമയിലെ പെൺജീവിതം. റിയാലിറ്റി ഷോകളിലെ യാഥാർഥ്യബോധമില്ലാത്ത നാട്യങ്ങൾ സത്യമാണെന്ന് തെറ്റിദ്ധരിച്ച് മക്കളെ ബലൂണുകൾ പോലെ ഊതിവീർപ്പിക്കുന്ന മാതാപിതാക്കൾ അധികം വൈകാതെ അത് പൊട്ടിപ്പോകുന്നത് നിസ്സഹായതയോടെ നോക്കി നിൽക്കേണ്ടി വരുമെന്നതിൽ സംശയമില്ല.





peaceradio
Tune to reality

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322

www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut
Nerpatham Weekly
Published on 04 March 2017
Reg NO: KL/CT/225/2016-18
Price: ₹ 10/-




ഇന്ത്യയിലെ എല്ലാ മികച്ച ബ്രാൻഡുകളുടെ ഗൃഹോപകരണങ്ങൾ,ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ,
മൊബൈൽ ഫോണുകൾ,ലാപ്ടോപ്പുകൾ,ക്യാമറകൾ തുടങ്ങിയവ വാറണ്ടിയോടൊപ്പം കേരളത്തിലെ
നിങ്ങളുടെ വീടുകളിൽ എത്തിക്കുന്നു..ഗൾഫ് മലയാളികൾക്കായുള്ള വെൽക്കം ഗ്രൂപ്പിന്റെ നൂതന സംരംഭം..

kerala.trobone.com

Visit us at
**kerala.trobone.com**
Helpdesk(Kerala) : +917593888855
Helpdesk(Dubai) : +97142288767

a division of trobone.com